# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 10 | ലക്കം - 5 | മേടം - 1192 | മെയ് 2017





2017 വിഷു വിപണന മേള കെ.പി.കെ.മേനോൻ ഉദ്ഘാടനം ചെയ്യുന്നു.



എറണാകുളം ജനറൽ ഹോസ്പിറ്റലിലെ പാലിയേറ്റീവ് കിടപ്പ് രോഗികൾക്കുളള ഭക്ഷ്യോല്പന്ന കിറ്റ് വിതരണം ഡോ. ഡാലിയ നിർവ്വഹിക്കുന്നു.



എറണാകുളം കരയോഗവും കേരള വനിതാ കമ്മീഷനും സംയുക്തമായി ടിഡിഎം ഹാളിൽ സംഘടിപ്പിച്ച അദാലത്തിൽ നിന്ന്



10-ാമത് എറണാകുളം കരയോഗം - പി എസ് ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് ശ്രീ.ഭാസ്ക്കരൻ വെളളൂരിന് ഭൗമദിനത്തിൽ, ശ്രീ.പി.വിജയൻ ഐപിഎസ് നൽകുന്നു.



ചലച്ചിത്ര സംഗീതത്തിലെ ഭൗതികസ്വത്തവകാശം എന്ന വിഷയത്തിൽ കരയോഗം സാംസ്ക്കാരിക വേദി സംഘടിപ്പിച്ച സംവാദത്തിൽ നിന്ന്..........



ജീവകാരുണ്യപ്രവർത്തനത്തിന്റെ ഭാഗമായി കുട്ടമ്പുഴ ആദിവാസി കോളനിയിൽ സൗജന്യ മരുന്ന്, ഭക്ഷ്യോല്പന്നങ്ങൾ എന്നിവ വിതരണം ചെയ്യുന്നു.





എറണാകുളം കരയോഗവും ആൻറി കറപ്ഷൻ മൂവ്മെൻറും സംയുക്തമായി ടിഡിഎം ഹാളിൽ സംഘടിപ്പിച്ച "അഴിമതി രഹിതകേരളം ജനപങ്കാളിത്തത്തോടെ" എന്ന സെമിനാറിൽ പങ്കെടുക്കുവാൻ എത്തിയ ശ്രീ.ജേക്കബ് തോമസ് ഐപിഎസിനെ കരയോഗം ജനറൽ സെക്രട്ടറി സ്വീകരിച്ചു.

## എഡിറ്റോറിയൽ

# നാം എങ്ങോട്ട് ?

ഭാരതീയ സംസ്കാരം യുഗയുഗങ്ങളായി നമ്മുടെ പൂർവ്വികർ കൈമാറി കൈമാറി ഇന്ന് പവിത്രമായ ഈ മണ്ണിൽ ജീവിക്കുന്ന നമ്മളിൽ വരെ എത്തി നില്ക്കുന്നു. ഇത്രയും പഴമയും പെരുമയും പേറുന്ന മറ്റൊരു സംസ്കാരം ഈ ഭൂമുഖത്തുണ്ടോ എന്ന കാര്യം സംശയമാണ്. ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പ് ഋഷിവര്യൻമാർ രൂപം കൊടുത്ത ആ മഹത് സംസ്കാരം തന്നെയാണല്ലോ ഹൈന്ദവ സംസ്കാരമെന്നതും. നമ്മുടെ പൂർവ്വികർ നമ്മുടെ കൈകളിലേയ്ക്കു അഭിമാനാദരവുകളോടുകൂടി പകർന്നു തന്ന ആ അമൂല്യ സമ്പത്തിനെ ഇന്നു നാം വേണ്ടവിധം പരിപാലിക്കുന്നുണ്ടോ, പരിപോഷിപ്പിക്കുന്നുണ്ടോ? ഇല്ല എന്നുള്ളതായിരിക്കും നമ്മിലേറെപ്പേരുടേയും ഉത്തരം. പൈതൃകമായി നമുക്ക് ലഭിച്ച ഈ ലോകോത്തര സംസ്കാരത്തെ കൈവിട്ടുകളയുക എന്നത് ധർമ്മനിഷ്ഠയുള്ള ദേശസ്നേഹിയായ ഒരു ഭാരതീയന് ചിന്തിക്കുവാൻ പോലും കഴിയില്ല എന്നുള്ളതാണ് വാസ്തവം. എന്നാൽ അറിഞ്ഞോ, അറിയാതെയോ ഇന്ന് നാം ചെയ്യുന്നതെന്താണ്? ഭക്ത്യാദരപൂർവ്വം നമ്മുടെ പൂർവ്വികർ നെഞ്ചേറ്റി പരിപോഷിപ്പിച്ച ഈ സംസ്കാരം, അതൊരു ജീവിതശൈലിയാണ്, അഹിംസാ സിദ്ധാന്തത്തിൽ അടിയുറച്ച, അദ്വൈതഭാവനയോടുകൂടി കെട്ടിപ്പടുത്ത ആത്മീയാടിത്തറയുള്ള ജീവിതരീതിയാണ്. നാമെത്രപേർ ഇന്ന് അതനുസരിച്ച് ജീവിക്കുന്നു? മുമ്പൊക്കെ ഹൈന്ദവസംസ്കാരാധിഷ്ഠിതമായ ദിനചര്യയായിരുന്നു ഉണ്ടായിരുന്നത്. നമ്മുടെ പൂർവ്വികർ ജീവിച്ചിരുന്നതും അങ്ങനെയാണ്. പുലർകാലേ എണീറ്റ് ദേഹശുദ്ധി വരുത്തി മനഃശുദ്ധിയോടെ ഗായത്രീമന്ത്രം ചൊല്ലി സൂര്യനമസ്കാരവും നടത്തി നിലവിളക്ക് കൊളുത്തി ഈശ്വരപ്രാർത്ഥന. രാവിലെ ഹരിനാമകീർത്തനം മുഴുവനും ചൊല്ലണം എന്നു

# ഉള്ളടക്കം

വാല്യം 10 | ലക്കം 5 | മെയ് 2017


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 7 |
| രാഗപരിചയം | 8 |
| വാസ്തു | 9 |
| ഭാരതത്തിലെ ഋഷികവികൾ | 10 |
| ക്ഷേത്രങ്ങളിലൂടെ | 14 |
| മാനസിക പരിവർത്തനം ഭാരതീയ ചിന്തയിലൂടെ | 17 |
| ശിരോലിഖിതങ്ങൾ | 20 |
| നിറങ്ങൾ | 22 |
| പാതഞ്ജല യോഗദർശനം | 25 |
| ഹരിസുധാലഹരി | 27 |
| ഉപനിഷത്തുകളിലൂടെ | 29 |
| ഭൂമി നമ്മുടെ ജീവന്റെ ഗ്രഹം ഗൃഹം | 31 |
| വായനശാലകളുടെ പ്രസക്തി അന്നും ഇന്നും | 33 |
| സി.വി. രാമൻപിള്ളയുടെ ചരിത്രാഖ്യായികകൾ | 37 |
| അയ്യപ്പപണിക്കർ കാലത്തെ പകർത്തിയ കവി | 40 |
| കളഭമഴ | 42 |
| ഭാഷാപഠനം എന്തിന് | 43 |
| ഗാന്ധിസൂക്തം | 45 |
| വാസ്തുശാസ്ത്രയുക്തികൾ | 46 |
| ഇരുട്ടിന്റെ ഒരു കാലഘട്ടം | |
| ബ്രിട്ടീഷ് സാമ്രാജ്യം ഇൻഡ്യയിൽ | 50 |
| ആയുഷ്കാമീയം | 54 |
| വ്യക്തിവിശേഷം | 56 |
| എറണാകുളം കരയോഗം പി.എസ്. ഗോപിനാഥൻ നായർ അവാർഡ് | 57 |
| മാസഫലം | 58 |
| മാട്രിമോണിയൽ | 59-66 |


കവർചിത്രം: ദത്താത്രേയൻ

## പത്രാധിപസമിതി


**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**

ള്ളത് നിർബന്ധമായിരുന്നു. അതുപോലെ തന്നെ വൈകിട്ട് കുളി കഴിഞ്ഞ് സന്ധ്യാനാമം ചൊല്ലുക എന്നുള്ളത് ഒരിക്കലും മുടക്കാൻ പാടില്ലാത്ത ദിനചര്യയുടെ ഭാഗമായിരുന്നു. സന്ധ്യാനാമം വെറും പത്തു പേജ് മാത്രമുള്ള ഒരു ചെറിയ പുസ്തമാണ്. എന്നാൽ ഇതിൽ രാമായണകഥ വളരെ ലളിതമായ ഭാഷയിൽ കൊച്ചു കുട്ടികൾക്കു പോലും മനസ്സിലാകും വിധം വിവരിക്കുന്നുണ്ട്. കുട്ടികളുടെ സ്വാഭാവരൂപികരണത്തിനും, അവരിൽ ലക്ഷ്യബോധവും സൽക്കർമ്മോത്സുകതയും, വിനയവും ദേശഭക്തിയും എല്ലാം ചെറുപ്പത്തിലെ വളർത്തിയെടുക്കുവാൻ ഈ ചെറിയ പുസ്തകം ദിവസവും ഉരുവിടുന്നതുകൊണ്ട് സാധിച്ചിരുന്നു. തിരുമധുരപ്പേട്ടയിൽ ശ്രീശങ്കു ആശാനാൽ രചിക്കപ്പെട്ട ഈ ഗ്രന്ഥം ഇന്ന് എത്ര ഹിന്ദുകുടുംബങ്ങളിൽ കാണും. എത്ര വീടുകളിൽ സന്ധ്യയ്ക്ക് കുട്ടികൾ ഇത് ചൊല്ലുന്നുണ്ടാകും. വളരെ കുറച്ച് വീടുകളിൽ മാത്രമേ സന്ധ്യയ്ക്ക് നാമം ചൊല്ലൽ തന്നെ ഉണ്ടാവുകയുള്ളു.

'ശ്രീകരം ഭവിക്കണമെനിക്കു ശ്രീപതേ വിഭോ' എന്ന് പണ്ട് ചൊല്ലിയിരുന്ന നമ്മുടെയൊക്കെ വീടുകളിൽ സന്ധ്യാസമയത്ത് ഇന്ന് കേൾക്കുന്നത് സീരിയലുകളിലെ അക്രമങ്ങളും അശ്ലീലങ്ങളും നിറഞ്ഞ അരോചക ശബ്ദങ്ങളല്ലേ? കുട്ടികളെ അരികിൽ പിടിച്ചിരുത്തി സന്ധ്യാനാമം ചെല്ലേണ്ട മാതാപിതാക്കൾ ടി.വി യുടെ മുമ്പിൽ നിന്ന് മാറാതിരുന്നാൽ ആ കുട്ടികളുടെ അവസ്ഥ എന്താകും.

ഹരിനാമകീർത്തനവും, സന്ധ്യാനാമവും കഴിഞ്ഞാൽ പിന്നെ കീർത്തനശ്ലോകങ്ങൾ. അത് കഴിഞ്ഞ് രാമായണം, മഹാഭാരതം, ശ്രീമദ് മഹാഭാഗവതം ഇവയെല്ലാം ക്രമത്തിൽ വായിപ്പിക്കുമായിരുന്നു പണ്ട്. ഇന്ന് മുതിർന്നവരിൽ തന്നെ എത്രപേരുണ്ട് ഇതൊക്കെ വായിക്കുന്നത്, പഠിക്കുന്നത്. ലോകത്ത് എവിടെയെല്ലാം എന്തിലെല്ലാം തിരഞ്ഞാലും അവിടെയൊന്നും ലഭിക്കാത്ത അറിവിന്റെ അക്ഷയഖനികളാണ് നമ്മുടെ ഈ പുണ്യപുരാണഗ്രന്ഥങ്ങൾ. ഇതെല്ലാം ഉപേക്ഷിച്ചുള്ള നമ്മുടെ ഇന്നത്തെ ഈ പോക്ക് എങ്ങോട്ടാണ്. നാം എങ്ങോട്ട് ? ഒന്നു ചിന്തിക്കുക. മറ്റുള്ള മതവിഭാഗങ്ങളിലെ ആളുകൾ അവരുടെ തത്ത്വസംഹിതകൾ തലമുറകളിൽ നിന്ന് തലമുറകളിലേയ്ക്ക് എത്ര ഭംഗിയായി കൈമാറുന്നു. നമുക്ക് എന്തുകൊണ്ട് അതിന് കഴിയുന്നില്ല. ശോചനീയമായ ഈ അവസ്ഥയ്ക്ക് മാറ്റം ഉണ്ടായേ മതിയാകൂ. ലോകത്തെ ഏറ്റവും മഹത്തായ സംസ്കാരം ഉൾക്കൊണ്ട് ജീവിക്കുന്ന 'ഹിന്ദു'വായി ജനിക്കുക എന്നത് തന്നെ ഒരു മഹാഭാഗ്യമാണ്. ജഗദീശ്വരൻ തന്ന ആ വരദാനത്തെ നശിപ്പിക്കാതെ അതിലെ എല്ലാ നന്മകളും ഉൾക്കൊള്ളുക. ആവുംവിധം അതിനെ പരിപോഷിപ്പിക്കുക.

## എറണാകുളം കരയോഗം

# എൽഡർ സിറ്റിസൺസ് ഫോറം

### 2017 മെയ് /ജൂൺ മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 18.5.2017 | Quiz Programme by T.V.G Menon -General Quiz | | | 917 |
| 25.5.2017 | ജി.പി. പിള്ള | സി. രാമചന്ദ്രൻ | Astrology & Astronamy | 918 |
| 01.6.2017 | ബി.ജി. മേനോൻ | സുമതിശ്രീകുമാർ | വിദൂര വിദ്യാഭ്യാസം വിരൽതുമ്പിലൂടെ | 919 |
| 08.6.2017 | രാംമോഹൻ നായർ | കെ. വിജയൻ | നേപ്പാൾ, സിക്കിം യാത്രാവിവരണം | 920 |

# ജനറൽ സെക്രട്ടറിയുടെ പംക്തി

എറണാകുളം കരയോഗത്തിൻെറ സാമൂഹ്യ ജീവകാരുണ്യപ്രവർത്തനങ്ങളും ദൈനംദിന പ്രവർത്തനങ്ങളും കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിച്ചുകൊണ്ട് മുന്നോട്ടു പോവുകയാണ്. 'കരയോഗം' എന്ന് സാമാന്യവൽക്കരിച്ചുകൊണ്ട് എറണാകുളം കരയോഗത്തിൻെറ പ്രവർത്തനങ്ങൾ മുന്നോട്ടു പോവാൻ കഴിയില്ല. നഗരത്തിൻെറ ഹൃദയഭാഗത്ത് പ്രവർത്തിക്കുന്ന ഒരു സാമൂഹ്യ സാംസ്കാരികസംഘടന എന്ന നിലയിൽ ഒരു മതത്തിൻെറ ചട്ടക്കൂട്ടിൽ മാത്രം നിന്ന് പ്രവർത്തിക്കുന്നതിനുപരി പൊതുവെ ഭാരതീയസംസ്കാരത്തിനും ഹൈന്ദവീയതയ്ക്കും പ്രാധാന്യം നൽകിക്കൊണ്ട് എന്നാൽ അതിനെല്ലാമുപരിയായി മാനുഷികപരിഗണന നൽകുന്ന പ്രവൃത്തികൾക്ക് മുൻതൂക്കം നൽകിയാണ് നാം പ്രവർത്തിക്കുന്നത്. ഇത് എറണാകുളം കരയോഗത്തിൻെറ മാത്രം പ്രത്യേകതയാണ്. ഒരു പക്ഷെ, കരയോഗത്തിൻെറ പ്രവർത്തനങ്ങൾ എത്തിപ്പെടാത്ത മേഖലകൾ ചുരുക്കമാവാം. സാംസ്കാരികരംഗത്ത് ഒരു പുതിയ സംരംഭം കൂടി നമ്മൾ ആരംഭിക്കുന്നു. ക്ലാസ്സിക് സിനിമകൾ പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ എറണാകുളം കരയോഗം സാംസ്കാരിക വിഭാഗം 'എറണാകുളം കരയോഗം ഫിലിം ക്ലബ്ബ്' ആരംഭിക്കുന്നു. സത്യജിത്ത് റേ ഓർമ്മയായിട്ട് 25 വർഷം പൂർത്തിയാകുന്ന ഈ വേളയിൽ അദ്ദേഹത്തിന്റെ 'പഥേർ പാഞ്ചാലി' എന്ന, ഭാരതീയ സിനിമയുടെ ചരിത്രം തിരുത്തിക്കുറിച്ച, ലോക സിനിമാരംഗത്ത് ഇന്ത്യൻ സിനിമയ്ക്ക് മാന്യമായ സ്ഥാനം നേടിക്കൊടുത്ത മഹത്ചിത്രം ആദ്യ പരിപാടിയായി മെയ് 28 ന് പ്രദർശിപ്പിക്കുന്നു. ഇത് സാംസ്കാരിക രംഗത്തേയ്ക്കുള്ള നമ്മുടെ ഒരു പുതിയ കാൽവെയ്പാണ്. എല്ലാവരെയും പുതിയ സംരംഭത്തിലേയ്ക്ക് സ്വാഗതം ചെയ്യുന്നു. പ്രേക്ഷകസാന്നിദ്ധ്യം കൊണ്ടാണ് കരയോഗത്തിൻെറ ഓരോ പ്രവർത്തന മേഖലകളും സജീവമാകുന്നത് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.

ഏപ്രിൽ 21-ാം തീയതി 74 പേരടങ്ങുന്ന ഒരു വലിയസംഘം എറണാകുളം കരയോഗത്തിൻെറ നേതൃത്വത്തിൽ തായ്‌ലാൻഡ് സിങ്കപ്പൂർ മലേഷ്യ എന്നീ രാജ്യങ്ങളിലേക്ക് 10 ദിവസം നീണ്ടുനിന്ന ഒരു വിദേശയാത്ര നടത്തുകയുണ്ടായി. കരയോഗത്തിൻെറ വിവിധ പ്രവർത്തനങ്ങളിൽ വിനോദയാത്രയ്ക്ക് എന്തു പ്രസക്തി എന്ന് ചിലർ എങ്കിലും ചോദിച്ചേക്കാം എന്നാൽ, അറിവ് എന്നു പറയുന്ന മഹാസാഗരത്തിൽ നമ്മൾ ജീവിക്കുന്ന ഈ ലോകത്തിനപ്പുറം എന്തെല്ലാം സംഭവിക്കുന്നു, നടക്കുന്നു അവരുടെ ജീവിതരീതി, സംസ്കാരം, പുരോഗതി എന്നിവ അറിയാനും ആസ്വദിക്കാനും അതിലുപരി നല്ലത് സ്വീകരിക്കുവാനും നടപ്പിലാക്കുവാനും കഴിയണം. നമ്മുടെ ചെറിയ ലോകത്തു നിന്ന്, ലോകത്തിൻെറ വലിയ വാതായനങ്ങൾ തുറന്നു കിടക്കുന്നത് ആസ്വദിക്കുവാനും നിരന്തരം സഞ്ചാരങ്ങളും യാത്രകളും നമ്മുടെ സാംസ്ക്കാരികമായ എല്ലാ പുരോഗതിക്കും ആക്കം കൂട്ടും എന്നതിൽ സംശയമില്ല. തുടർന്നും ഇന്ത്യയ്ക്ക് അകത്തും പുറത്തും തീർത്ഥയാത്രകളും വിനോദയാത്രകളും സംഘടിപ്പിക്കുക എന്നത് കരയോഗത്തിൻെറ ലക്ഷ്യമാണ്. 10 ദിവസം നീണ്ടു നിന്ന യാത്ര തികച്ചും ആസ്വാദ്യകരവും പുതിയ അനുഭവവുമായിരുന്നു എന്ന് സഹയാത്രികർ രേഖപ്പെടുത്തുമ്പോൾ സംഘാടകരായ ഞങ്ങൾക്കും ടൂർ ഓപ്പറേറ്റേഴ്സിനും ആത്മസംതൃപ്തി നൽകുന്നു.

എറണാകുളം കരയോഗം ബീമുമായി സഹകരിച്ച് 2017 മെയ് മാസം 26-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6.30ന് ടിഡിഎം ഗംഗ ഹാളിൽ ശ്രീമതി. അപർണ്ണ വിനോദിൻെറ 'ഭരതനാട്യ കച്ചേരി' അവതരിപ്പിക്കുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിൻെറ പ്രതിമാസപരിപാടിയിൽ മെയ് 23, ചൊവ്വാഴ്ച വൈകുന്നേരം 6.30 ന് ടിഡിഎം ഗംഗഹാളിൽ 'കല്ല്യാണ സൗഗന്ധികം' കഥകളി നടത്തുന്നതാണ്.

എറണാകുളം കരയോഗവും മാതൃഭൂമിയും സംയുക്തമായി സംഘടിപ്പിക്കുന്ന 'പ്രൊഫഷണൽ ഗൈഡൻസ് സെമിനാർ ആസ്ക്ക് എക്സ്പെർട്ട്' ജൂൺ 2ന് രാവിലെ 9.00 മണി മുതൽ ടിഡിഎം ഹാൾ ഗംഗയിൽ ഉണ്ടായിരിക്കുന്നതാണ്.

കരയോഗത്തിൻെറ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു.

ജനറൽ സെക്രട്ടറി



# രവിപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം അഷ്ടബന്ധകലശം 1192 (2017)

## 10.6.2017 മുതൽ 15.6.2017 വരെ

എറണാകുളം നഗരത്തിന്റെ ഹൃദയഭാഗത്ത് പട്ടണത്തിന്റെ തിലകക്കുറിയാണ് രവിപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം. ഭക്തജനങ്ങൾക്ക് ഒരു രണ്ടാം ഗുരുവായൂരാണ് ഈ ക്ഷേത്രം. ആശ്രീതവത്സലനും കരുണാമയനും സർവ്വാഭീഷ്ടദായകനുമായ ചതുർബാഹു പ്രതിഷ്ഠയായ ശ്രീകൃഷ്ണസങ്കല്പത്തിൽ കുടികൊള്ളുന്ന ഭഗവാൻ ഭക്തർക്ക് നിർലോഭം അനുഗ്രഹങ്ങൾ ചൊരിയുന്നു.

ക്ഷേത്രങ്ങളിൽ താന്ത്രികവിധിപ്രകാരമുള്ള കർമ്മമാണ് അഷ്ടബന്ധകലശം. ക്ഷേത്രത്തിന്റെ ചൈതന്യവർദ്ധനവിനും ഐശ്വര്യത്തിനും ഉതകുന്നതാണ് കലശം. ഹോമങ്ങൾ, ഉപദേവൻമാർക്ക് കലശങ്ങൾ, താന്ത്രിക പൂജകൾ എന്നിവ ഉൾപ്പെടുന്നതാണ് അഷ്ടബന്ധകലശം. കലശാഭിഷേകശേഷം കരുണാമയനും ഭക്തപ്രിയനുമായ രവിപുരത്തപ്പൻ തന്റെ ഭക്തർക്ക് സന്താനസൗഭാഗ്യം, മാംഗല്യഭാഗ്യം, രോഗശാന്തി, ഐശ്വര്യം തുടങ്ങിയവ നൽകി അനുഗ്രഹിക്കുന്നു.

**1. ഒന്നാം ദിവസം 10.06.17 ശനിയാഴ്ച**

വൈകുന്നേരം ദീപാരാധന, ആചാര്യവരണം, മുളയിടൽ, പ്രസാദശുദ്ധി, പ്രസാദപൂജ, അസ്ത്രകലശപൂജ, വാസ്തു കലശ പൂജ, വാസ്തുരാക്ഷോഘ്ന ഹോമങ്ങൾ, വാസ്തു ബലി, വാസ്തു കലാശാഭിഷേകം, പുണ്യാഹം, അത്താഴപൂജ

**2. രണ്ടാം ദിവസം 11.06.17 ഞായറാഴ്ച**

രാവിലെ പതിവുപൂജകൾ, മുളപൂജ, ചതുഃ ശുദ്ധി, ധാര, പഞ്ചഗവ്യം, പഞ്ചകം മുതലായ കലശപൂജകളും കലാശാഭിഷേകവും, നവീകരണപ്രായശ്ചിത്ത ഹോമം, ഹോമകലശപൂജ, ഹോമകലശാഭിഷേകം (ദർശനപ്രധാനം 8 .00 നും 8.30 നും) ഉച്ചപൂജ

**3. മൂന്നാം ദിവസം 12.06.17 തിങ്കളാഴ്ച**

രാവിലെ പതിവു പൂജകൾ, മുളപൂജ, പ്രായശ്ചിത്ത ഹോമം, ശാന്തിഹോമം, ഹോമകലശപൂജ, ഹോമകലശാഭിഷേകം, ഉച്ചപൂജ. വൈകുന്നേരം ദീപാരാധന, മുളപൂജ, അത്താഴപൂജ

**4. നാലാം ദിവസം 13.06.17 ചൊവ്വാഴ്ച**

രാവിലെ പതിവു പൂജകൾ, മുളപൂജ, അത്ഭുത ശാന്തി, നാശാന്തി, ചോരശാന്തി ഹോമങ്ങൾ, ഹോമ കലശ പൂജ, ഹോമകലശാഭിഷേകം, ഉച്ചപൂജ. വൈകുന്നേരം ദീപാരാധന, മുളപൂജ, അത്താഴപൂജ

**5. അഞ്ചാം ദിവസം 14.06.17 ബുധനാഴ്ച**

രാവിലെ പതിവു പൂജകൾ, മുളപൂജ, ബ്രഹ്മകലശപൂജ, കുംഭേശ കർക്കരി പൂജ, തത്വഹോമം, തത്വകലശപൂജ, തത്വകലശാഭിഷേകം, (ദർശനപ്രാധാന്യം 8.30 നും 9.00 നും) ഉച്ചപൂജ.

വൈകുന്നേരം പരികലശപൂജ, ദീപാരാധന, അഗ്നിവാസ ഹോമം, കലശാധിവാസം, അത്താഴപൂജ

**6. ആറാം ദിവസം 15.06.17 വ്യാഴാഴ്ച**

രാവിലെ പതിവു പൂജകൾ, പരികലശാഭിഷേകം 10 മണി 30 മിനിട്ട് മുതൽ 11 മണിവരെയുള്ള ശുഭ മുഹൂർത്തത്തിൽ അഷ്ടബന്ധം ചാർത്തൽ, കുംഭകലശാഭിഷേകം, ബ്രഹ്മകലശാഭിഷേകം, ഉച്ചപൂജ, ശ്രീഭൂത ബലി.

# ബാല ലോകം

**ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)**

പ്രിയപ്പെട്ട കൂട്ടുകാരെ,

അവധിക്കാലം ശരിക്കും ആഘോഷിക്കുകയായിരിക്കും അല്ലെ? ചൂടുകാലമായതുകൊണ്ട് ഇതിനെ അതിജീവിക്കാൻ ധാരാളം വെള്ളം കുടിക്കണമെന്ന് കൂട്ടുകാർക്കറിയാമല്ലോ? അതോടൊപ്പം ജല ദൗർലഭ്യത്തെക്കുറിച്ച് കൂട്ടുകാർക്ക് അവബോധവും വേണം കേട്ടോ. സ്വന്തം നാട്ടിലെയും വീട്ടിലെയും ജലം പാഴാക്കാതെ സൂക്ഷിക്കേണ്ടതും നമ്മളൊക്കെത്തന്നെയാണ്. പല തുള്ളി പെരുവെള്ളം എന്നു കേട്ടിട്ടില്ലേ പൊതുടാപ്പുകളിൽ നിന്ന് ഇറ്റിറ്റുവീഴുന്ന വെള്ളം പോലും അമൂല്യമാണ്.

നാട്ടിലെ ജീവജാലങ്ങളെല്ലാം വെള്ളത്തിനായി കേഴുകയാണ്. ആദിവാസി സമൂഹങ്ങൾ ഏറെ കാതങ്ങൾ താണ്ടി പൊരിവെയിലത്ത് പൊതുടാപ്പുകളുടെ മുൻപിൽ വെള്ളത്തിനായി കാത്തു നിൽക്കുന്ന കാഴ്ച മാധ്യമങ്ങളിലൂടെ കൂട്ടുകാരും അറിയുന്നുണ്ടാവുമല്ലോ? നമ്മുടെ നാട്ടിലെ പക്ഷിമൃഗാദികളുടെയും അവസ്ഥ ഇതു തന്നെയാണ്. ഫ്ളാറ്റുകളുടെ ബാൽക്കണികളിലും മറ്റും ചെടിച്ചെട്ടികളുടെ ചറ്റുമുള്ള വെള്ളത്തുള്ളികൾക്കായി പ്രാവുകൾ എത്തുന്ന കാഴ്ച ഏറെ ദയനീയമാണ്. കാലാവസ്ഥാവ്യതിയാനം നമ്മെ വരൾച്ചയിലേക്ക് എത്തിച്ചിരിക്കുന്നു എന്നു കൂട്ടുക്കാർക്ക് അറിയാമല്ലൊ അതുകൊണ്ട് തന്നെ പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെയെല്ലാം ചുമതലയുമാണ്. കയ്യിൽ കിട്ടുന്ന ഏതു വിത്തും മണ്ണിൽ വിതച്ച് വളർത്തുന്ന ശീലം കൂട്ടുകാർക്കുണ്ടായിരിക്കണം. 'ഒരു തൈ നടാം നമുക്കമ്മക്കു വേണ്ടി' എന്നു തുടങ്ങുന്ന ഒരു ഗാനം കൂട്ടുകാർ ശ്രദ്ധിച്ചിരിക്കും. നല്ല നാളെക്കുംവണ്ടി കൂട്ടുകാരും തന്നാലാവുന്നത് ചെയ്യുക.

ഇനി ഒരു നാടോടി കഥ കേൾക്കാം. പലപ്പോഴും ജിവിതത്തിൽ ചെറിയ ചെറിയ പ്രശ്നങ്ങളുണ്ടാവാം അതിനെയെല്ലാം അതിജിവിക്കാൻ നാം പഠിച്ചിരിക്കണം എന്ന ഗുണപാഠമാണ് ഈ കഥയിലൂടെ കൂട്ടുകാർ മനസ്സിലാക്കേണ്ടത്.

വന്യമൃഗങ്ങളുടെയും നായാട്ടുകാരുടെയും വിഹാരരംഗമായ ഒരു കാട്ടിൽ ജിവിച്ചിരുന്ന ഒരു മാൻ എന്നും ഭയത്തോടെയാണ് അവിടെ കഴിഞ്ഞിരുന്നത് ഒരിക്കൽ അവൻ തന്റെ കൂട്ടുകാരനായ മുയലിനോട് പറഞ്ഞു. നമ്മൾ എത്ര പേടിച്ചാണ് ഇവിടെ കഴിയുന്നത് ആ കാണുന്ന പക്ഷിയെ നോക്കു അവർക്കെല്ലാം പറക്കാൻ ചിറകുകളുണ്ട്. എന്തെങ്കിലും ഒരു പോംവഴി നമുക്കതിനോടാരായാം. രണ്ടുപേരും കൂടി പക്ഷിയുടെ അടുത്തു പോയി പറഞ്ഞു- നിയെന്തു ഭാഗ്യവാനാണ് നിനക്ക് ഉയരത്തിലേക്ക് പറന്നു രക്ഷ പെടാമല്ലൊ പക്ഷി പറഞ്ഞു അതും ഒരു പരീക്ഷണമാണ്. വെടിയുതിർക്കുന്നവർ എവിടെയും ഉണ്ടല്ലോ നന്നായി ദൈവത്തെ പ്രാർത്ഥിച്ചോളു. എന്റെ മുന്നിൽ അങ്ങനെ ഒരു പോംവഴിയെ ഉള്ളു മനമുരുകി മുയലും മാനും പ്രാർത്ഥനയിൽ മുഴുകിയപ്പോൾ അവർ ഒരശരീരി കേട്ടു. നിങ്ങളെ ഭൂമിയിലേക്ക്യച്ചത് ഞാൻ തന്നെയാണ് .നിങ്ങൾ അവിടെ ജിവിക്കേണ്ടവരാണ്. ഭൂമിയിൽ കഷ്ടപ്പാടുകൾ ഉണ്ടാവാം. അതു ജീവിതത്തിന്റെ ഒരു ഭാഗം തന്നെയാണ്. അതിനെ അതിജീവിക്കാനുള്ള കരുത്തും തന്റേടവും നേടുക മാത്രമെ ചെയ്യാനുള്ളു. നിങ്ങൾ ഇരുവർക്കും അതിവേഗത്തിൽ ഓടാനും ചാടാനുമുള്ള കാലുകൾ നൽകിയിട്ടില്ലെ? അതു പയോഗിച്ച് ജിവിതത്തിലെ പ്രശ്നങ്ങളെ തരണം ചെയ്ത് ഭൂമിയിൽ വാഴുക. ഭൂമിയിൽ സന്തോഷം മാത്രമായാൽ പറ്റില്ലല്ലോ. അതുകൊണ്ട് വിവേകപൂർവ്വം അവിടെ തന്നെ സുഖമായി വാഴുക. രണ്ടുപേർക്കും ദൈവത്തിന്റെ അശരീരി ഉൾകൊള്ളാനായി.

ചില പദപ്രയോഗങ്ങളിലെ തെറ്റും ശരിയും

| തെറ്റ് | ശരി |
|---|---|
| അസ്തമനം | അസ്തമയം |
| ബയം | ഭയം |
| ബഗവാൻ | ഭഗവാൻ |

| തെറ്റ് | ശരി |
|---|---|
| മന്തരപർവ്വതം | മന്ദരപർവ്വതം |
| അച്ചൻ | അച്ഛൻ |
| കാളിന്തി | കാളിന്ദി |
| സുകം | സുഖം |
| വിദ്യാബ്യാസം | വിദ്യാഭ്യാസം |
| ഔഷതം | ഔഷധം |
| ബൂമി | ഭൂമി ● |

രാഗപരിചയം

# സൗരാഷ്ട്രം

ഡോ. ജയലക്ഷ്മി നന്ദകുമാർ

17-ാമത്തെ മേളകർത്താ രാഗമായ സൂര്യകാന്തത്തിന്റെ ജന്യരാഗമാണ് സൗരാഷ്ട്രം. കർണ്ണാടക സംഗീത ലോകത്ത് വളരെ പ്രചാരം സിദ്ധിച്ച രാഗമാണ് ഇത്. ദീക്ഷിതർ സമ്പ്രദായത്തിൽ 15-ാമത്തെ രാഗമായ മായാമാളവഗൗളയുടെ ജന്യമായി കണക്കാക്കുന്നു. സൂര്യകാന്തത്തിന്റെ ജന്യരാഗമായിട്ടാണ് ഇന്ന് സംഗീതജ്ഞർ അംഗീകരിച്ച് വരുന്നത്. വളരെ ശുഭകരമായ രാഗമായതിനാൽ ഒരു കച്ചേരി ആരംഭിക്കുന്നതിനും മറ്റും അഭികാമ്യമായ രാഗമാണ് സൗരാഷ്ട്രം.

ആരോഹണം : സ രി ഗ മ പ മ ധ നി ാ സ

അവരോഹണം : സ നി ധ നി ാ ധ പ ാ മ ഗ രി ാ സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ശുദ്ധരിഷഭം, അന്തരഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ചതുഃ ശ്രുതി ധൈവതം, കാകളി നിഷാദം, കൈശികി നിഷാദം.

സ്വന്തം മേളകർത്താ രാഗമായ സൂര്യകാന്തത്തിൽ ഇല്ലാത്ത കൈശികി നിഷാദം ഈ രാഗത്തിൽ വരുന്നതുകൊണ്ട് സൗരാഷ്ട്രം ഒരു ഏക അന്യസ്വര ഭാഷാംഗ രാഗമാണ്. സമ്പൂർണ്ണ വക്രസമ്പൂർണ്ണ രാഗമാണ് ഇത്. ആരോഹണത്തിൽ എല്ലാ സ്വരങ്ങളും ക്രമമായും അവരോഹണത്തിൽ വക്രമായും വരുന്നു.

നിരവധി കൃതികൾ കർണ്ണാടക സംഗീതത്തിൽ ഈ രാഗത്തിൽ ഉണ്ടെങ്കിലും ചലച്ചിത്ര ഗാനങ്ങൾ നന്നേ കുറവായി കാണുന്നു. സൗരാഷ്ട്ര രാഗം മനോധർമ്മം പാടുന്നതിന് (രാഗം, നിരവൽ, സ്വരം) അധികം സാദ്ധ്യത തരുന്ന രാഗമാണ്. സൗരാഷ്ട്രം തമിഴ് സംഗീതത്തിലെ തേവാരത്തിൽ ഒഴിച്ചുകൂടാനാവാത്ത രാഗമാണ്. അവിടെ ഈ രാഗം വ്യാഴക്കുറിഞ്ചിപൺ എന്നറിയപ്പെടുന്നു. ഭക്തിഭാവമാണ് ഈ രാഗത്തിലൂടെ പ്രതിഫലിക്കുന്നത്. ഏത് സമയത്ത് ആലപിച്ചാലും ശുഭകരം. വിളംബിത മദ്ധ്യലയം അതായത്, പതിഞ്ഞ കാലത്തിലോ മദ്ധ്യമ വേഗത്തിലോ ആലപിക്കുന്നത് ഉത്തമം. ചക്രവാകം രാഗത്തിനോടു സാമ്യത ഉള്ള രാഗമാണ്. ത്യാഗരാജസ്വാമിയുടെ ശ്രീഗണപതിനി എന്ന കൃതി വളരെ പ്രചാരം സിദ്ധിച്ച കൃതി ആണ്. 'രാക്കുയിലിൻ രാജസദസ്സിൽ' എന്ന ചലച്ചിത്രത്തിലും ഈ കൃതി ഉൾപ്പെടുത്തിയിട്ടുണ്ട് . മുത്തുസ്വാമി ദീക്ഷിതരുടെ നവഗ്രഹകൃതികളിൽ സൂര്യദേവനെ പ്രകീർത്തിച്ചുകൊണ്ട് സൗരാഷ്ട്രത്തിൽ ചിട്ടപ്പെടുത്തിയ കൃതിയാണ് 'സൂര്യമൂർത്തേ നമോസ്തുതേ'.

## ഈ രാഗത്തിലുള്ള കൃതികൾ

| | | |
|---|---|---|
| 1) ശ്രീഗണപതിനി | ആദി | ത്യാഗരാജസ്വാമി |
| 2) സൂര്യമൂർത്തേ നമോസ്തുതേ | ധ്രുവതാളം | മുത്തുസ്വാമി ദീക്ഷിതർ |
| 3) സരസിജനാഭാനിൻ | ചാപ്പ് | സ്വാതിതിരുനാൾ |
| 4) പവമാന സുതുഡു | ആദി | ത്യാഗരാജസ്വാമി |
| 5) ശ്രീ രാജ രാജ വരദേ | രൂപക | മുത്തയ്യ ഭാഗവതർ |

## ചലച്ചിത്രഗാനങ്ങൾ

| | |
|---|---|
| 1) ചാരുമുഖീ ഉഷ | ചെണ്ട |
| 2) അമ്മായിയപ്പനു പണമുണ്ടെങ്കിൽ | കളിത്തോഴൻ |
| 3) മണിനാഗത്താൻമാരെ | എന്റെ ഗ്രാമം |
| 4) ജീവപ്രപഞ്ചത്തിൽ ആധാരമൂർത്തിയാം | ശരണമയ്യപ്പാ (ആൽബം) • |

### നായർ സ്ത്രീ സമാജത്തിലെ 2017 മെയ് മാസത്തിലെ പരിപാടികൾ

| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 16.05.2017 | അംഗങ്ങളുടെ ഒത്തുചേരൽ | 4.00 P.M. |

വാസ്തു

# WATER FRONT

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

ലോകത്ത് എല്ലാ പ്രധാന ടൗണുകളും കടലിനടുത്താണ് അല്ലെങ്കിൽ കടൽ തീരത്താണ് വീടു പണിതു താമസിക്കുന്നവരും അന്വേഷിക്കുന്നതും പുഴ അഥവാ കായൽ തീരങ്ങളാണ്. വീടു പണിതു വില്ക്കുന്നവരും ഫ്ളാറ്റ് പണിയുന്നവരും Water front എന്ന് പറഞ്ഞു വില കൂട്ടുന്നു.

വീട് പണിയുവാൻ സ്ഥലം തിരഞ്ഞെടുക്കുമ്പോൾ തെക്കും, പടിഞ്ഞാറും തോട്, പുഴ, കായൽ, കടൽ ഒന്നും നല്ലതല്ല.

കേരളത്തിന്റെ പടിഞ്ഞാറ് വെള്ളവും കിഴക്ക് മലയും ആയതുകൊണ്ടാണ് കേരളത്തിൽ വ്യവസായങ്ങൾ നന്നാവാത്തതും വളരാത്തതും എന്ന് വിശ്വസിക്കുന്നവരുണ്ട്.

കേരളത്തിൽ ധാരാളം കൈത്തറി, കശുവണ്ടി, ഓട്, കയർ, വളം, ധാരാളം വ്യവസായശാലകൾ ഉണ്ടായിരുന്നു. ലോകത്ത് ഏറ്റവും നല്ല കൈത്തറിയും, കയർ ഉത്പന്നങ്ങളും കേരളത്തിന്റെ സംഭാവന ആയിരുന്നു എന്നു പറയാം.

വികസന കാര്യത്തിലും നല്ല റോഡുകളും റെയിൽവെ യാത്രാസൗകര്യങ്ങളും വളരുന്നില്ല. ഇവിടെ പണി എടുക്കാത്തവർ കേരളം വിട്ടാൽ വളരെ മിടുക്കൻമാരാകുന്നു.

കേരളത്തിന്റെ വാസ്തു ശരിയല്ല എന്നു പറയാതെ വയ്യ. ഇന്നലെ ഒരു വീട്ടിൽ പോകാൻ ഇട വന്നു. മനോഹരമായ വീട്. കിണർ വടക്കുകിഴക്ക്, അടുക്കള വടക്കു കിഴക്ക്. പടിഞ്ഞാറ് പുഴ വീടിന്റെ പുറകുവശത്ത് മനോഹരമായ പൂന്തോട്ടം, പുറകിൽ വീടിനോടു ചേർന്ന് വരാന്തയും, വരാന്തയുടെ തെക്കു പടിഞ്ഞാറായി പൂന്തോട്ടത്തിലേയ്ക്ക് ഇറങ്ങാനുള്ള പടിയുമാണ്. പറമ്പിന്റെ തെക്കു പടിഞ്ഞാറ് 'കന്നിമൂല' യിൽ പുഴയിലേക്ക് ചവിട്ടു പടിയാണ്.




പടിഞ്ഞാറ് പുഴ വന്നതുകൊണ്ട് വീടിനും പുഴയ്ക്കും ഇടയിൽ ചെറിയ ഒരു പറമ്പ് ഉണ്ടാക്കി തിരിക്കണം. പുഴയിലേക്കുള്ള ചവിട്ടുപടി പടിഞ്ഞാറ് തെക്കുനിന്നും വടക്കോട്ട് മാറ്റണം. പടിഞ്ഞാറ് വരാന്തയിൽ നിന്ന് ഇറങ്ങുന്ന പടി തെക്കു പടിഞ്ഞാറ് നിന്നും വടക്കു പടിഞ്ഞാറോട്ട് മാറ്റണം. പറമ്പിന്റെ മൊത്തം ചരിവ് വടക്കോട്ട് വെള്ളം ഒഴുകുവാൻ പാകത്തിനാക്കണം. പുറകുവശത്ത് A to B ചെറിയ കുട്ടിമതിൽ 24 സെ.മി. ഉയരം വീടിന് സമാന്തരമായിരിക്കണം●

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

തുടർച്ച

ശ്രീകുമാരി രാമചന്ദ്രൻ
(ഫോൺ: 9947054009)

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

### മുരുക നായനാർ

ചോഴനാട്ടിലെ തിരുപ്പുകലൂർ എന്ന ഗ്രാമത്തിൽ ഒരു ബ്രാഹ്മണ കുടുംബത്തിലാണ് മുരുകൻ ജനിച്ചത്. ശിശുവായിരിക്കെ അദ്ദേഹത്തിന്റെ നാവിൽ നിന്ന് ആദ്യം പുറപ്പെട്ട ശബ്ദം 'ശിവ' എന്നായിരുന്നുവത്രേ! മുതിരുംതോറും ശിവപഞ്ചാക്ഷരം ജപിക്കുന്നതിൽ അദ്ദേഹം ആനന്ദം കണ്ടെത്തി. വർദ്ധമാനേശ്വരം ക്ഷേത്രത്തിലെ ശിവപ്രതിഷ്ഠയെ ഉപാസിക്കാൻ തുടങ്ങിയതോടെ മറ്റൊന്നിലും മനസ്സുറക്കാതായി. നിത്യവും ഭഗവാന്റെ തിരുമുടിയിൽ ചൂടാനുള്ള പൂക്കൾ ശേഖരിക്കുക, അതു സോപാനത്തിങ്കലർപ്പിക്കുക, ശിവപഞ്ചാക്ഷരം ജപിച്ചുകൊണ്ട് മണ്ഡപത്തിലിരുന്നു ധ്യാനിക്കുക തുടങ്ങിയ സദ്കർമ്മങ്ങളിൽ മാത്രം അദ്ദേഹം ശ്രദ്ധപതിപ്പിച്ചു.അതിനിടെ തിരുജ്ഞാനസംബന്ധർ എന്ന ശിവഭക്തന്റെ വിവാഹത്തിൽ സംബന്ധിക്കാനും മുരുകർക്ക് അവസരം ലഭിച്ചു.ശിവപെരുമാളെയും ശിവയോഗികളെയും സേവിച്ച് ഭഗവാന്റെ അനുഗ്രഹം നേടിയ മുരുകനായനാർ സുദീർഘമായൊരു ജീവിതം നയിച്ചതിനുശേഷം പരമപദം പ്രാപിച്ചു എന്ന് സുന്ദരർ തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

### നമിനന്തിയടികൾ

ചോഴനാട്ടിലെ എംപേരൂർ (പേരൂർ) എന്ന ഗ്രാമത്തിലെ ഒരു ബ്രാഹ്മണ കുടുംബത്തിലാണ് നമിനന്തിയടികൾ എന്ന ശിവോപസകന്റെ ജനനം. ഊണിലും ഉറക്കത്തിലും വിഭൂതിനായകനായ പരമേശ്വരനെക്കുറിച്ചു മാത്രം ജപിക്കുകയും ചിന്തിക്കുകയും ചെയ്തുപോന്നിരുന്നതിനു പുറമേ അറനരി എന്ന സ്ഥലത്തെ ശിവാലയത്തിൽ 'തിരുത്തൊണ്ട്' (കഴകം) ചെയ്യാനും അദ്ദേഹം സമയം കണ്ടെത്തി. ഒരുനാൾ അദ്ദേഹത്തിന് അമ്പലത്തിൽ നെയ്യുകൊണ്ട് ചുറ്റുവിളക്കു തെളിക്കണമെന്ന ആഗ്രഹമുദിച്ചു. ക്ഷേത്രപരിസരത്തു സ്ഥിതി ചെയ്തിരുന്ന ഒരു വീട്ടിൽ കയറിച്ചെന്ന് വിളക്കു തെളിക്കാൻ അൽപം നെയ്യ് തരുമോ എന്ന് അദ്ദേഹം അപേക്ഷിച്ചു. ജൈനമത വിശ്വസികളായ വീട്ടുകാർ നെയ്യ് നൽകിയില്ലെന്നു മാത്രമല്ല അദ്ദേഹത്തെ പരിഹസിക്കയും ചെയ്തു. 'ക്ഷേത്രക്കുളത്തിൽ ധാരാളം വെള്ളമുണ്ടല്ലോ! അതു കോരിയെടുത്ത് വിളക്കിലൊഴിച്ചു കത്തിക്കാമല്ലോ!' എന്നു പറഞ്ഞുകൊണ്ട് അവർ വാതിൽ കൊട്ടിയടച്ചു. മനോവിഷമത്തോടെ അദ്ദേഹം അമ്പലത്തിലേക്കു മടങ്ങി. ഉള്ളുരുകി പ്രാർത്ഥിച്ചു. തൽസമയം, 'കുളത്തിൽ നിന്നു വെള്ളമെടുത്ത് വിളിക്കിലൊഴിക്കുക! തിരി കത്തിക്കോളും,' എന്ന് ഒരശരീരിയുണ്ടായി. ഇതു ഭഗവാന്റെ കൽപ്പന തന്നെ എന്നു ബോദ്ധ്യമായ നമിനന്തിയടികൾ വെള്ളമൊഴിച്ച് വിളക്കുകളിൽ തിരിതെളിച്ചു. സന്ധ്യാവെളിച്ചത്തിൽ ശോഭയോടെ തെളിഞ്ഞു കത്താൻ തുടങ്ങിയ വിളക്കുകൾ പിറ്റേന്നു പുലരുവോളം അണഞ്ഞതുമില്ല. ഈ അൽഭുതം കണ്ട ജൈനകുടുംബക്കാർ ലജ്ജിച്ചു തലതാഴ്ത്തി. ജനങ്ങൾ നമിനന്തിയടികളുടെ ഭക്തിയെ പ്രകീർത്തിച്ചു. അടികൾ തന്റെ പൂജയും ഉപാസനയും നിർവിഘ്നം തുടർന്നു പോന്നു. ജൈനമതം ക്ഷയിക്കയും ശൈവമതം അഭിവൃദ്ധിപ്രാപിക്കയും ചെയ്ത സന്ദർഭം ! നമിനന്തിയടികളെക്കുറിച്ചു കേട്ടറിഞ്ഞ ചോഴമന്നൻ ക്ഷേത്രത്തിലെ നിത്യനിദാനത്തിനും ആണ്ടുവിശേഷങ്ങൾക്കും മുടക്കം വരാതിരിക്കാൻ വേണ്ടുന്ന ഏർപ്പാടുകൾ ചെയ്തു. അതോടെ ക്ഷേത്രകാര്യങ്ങൾ ഭംഗിയായി നടന്നുപോന്നു. നിത്യപൂജ, ശിവരാത്രി, ആണ്ടുൽസവം, പൈങ്കുനി ഉത്രം തുടങ്ങിയവ നമിനന്തിയടികളുടെ മേൽനോട്ടത്തിൽ ഏറ്റവും ഉചിതമായ രീതിയിൽ ആഘോഷിക്കാൻ തുടങ്ങി.

ഒരിക്കൽ ഭഗവാന്റെ രൂപത്തെ ക്ഷേത്രത്തിനു പുറത്തേക്ക് എഴുന്നള്ളിച്ചു. ആഘോഷപൂർവ്വം ഒരു ഘോഷയാത്രയായി അവിടുത്തെ 'തിരുമണലി' എന്ന ദിക്കിലേക്കു കൊണ്ടുപോയി. ജാതി മതഭേദമെന്യേ നാട്ടുകാരെല്ലാവരും ഈ ഘോഷയാത്രയിൽ പങ്കുചേർന്നു. ഉച്ചതിരിഞ്ഞപ്പോൾ ഭഗവാനെ മടക്കി എഴുന്നുള്ളിക്കയും ക്ഷേത്രത്തിനകത്തേക്ക്

ആവാഹിച്ചിരുത്തുകയും ചെയ്തു. എല്ലാം കഴിഞ്ഞ് മടങ്ങിയ നമിനന്തി അടികൾ ഗൃഹത്തിനകത്തേക്കു പ്രവേശിക്കാതെ പുറത്തെ തിണ്ണമേൽ കിടന്നു. 'അകത്തു വന്നു കിടക്കാമല്ലോ,' എന്നു പറഞ്ഞ ഭാര്യയെ അദ്ദേഹം ഒരു നോട്ടം നോക്കി. 'പലജാതിക്കാരുമായി ഇടപഴകിയതിനാൽ ആകെ അശുദ്ധപ്പെട്ടിരിക്കയാണ്. നമുക്കു സ്നാനത്തിനായി രണ്ടുകുടം വെള്ളം ഇവിടേക്കെത്തിക്കുക!' എന്നു പറഞ്ഞു. പത്നി അകത്തു ചെന്ന് വെള്ളവുമായി തിരിച്ചെത്തിയപ്പോൾ ഉറങ്ങിക്കിടക്കുന്ന ഭർത്താവിനെയാണ് കാണാൻ കഴിഞ്ഞത്. ഉറക്കത്തിൽ അടികൾക്ക് ഭഗവാൻ സ്വപ്നദർശനം നൽകുകയും ഇപ്രകാരം അരുളിച്ചെയ്യുകയും ചെയ്തു– 'തിരുവാരൂരിൽ ജനിച്ചവരെല്ലാം നമ്മുടെ ഗണത്തിലുൾപ്പെട്ടവരാണ്. അതറിയാതെ യാതൊന്നും പ്രവർത്തിയ്ക്കരുത് !' നമിനന്തിയടികൾ ഞെട്ടിയുണർന്നു, തെറ്റുപറ്റിയതിൽ അദ്ദേഹം പശ്ചാത്തപിച്ചു. പുലർച്ചെതന്നെ കുളിയും കഴിച്ച് തിരുവാരൂരിലേക്ക് കുതിച്ചു. വഴിയിലും ക്ഷേത്രത്തിലും ധാരാളം സ്ത്രീപുരുഷൻമാരുണ്ടായിരുന്നു. അവരെല്ലാം അടികളുടെ കണ്ണിൽ ശിവയോഗികളായി കാണപ്പെട്ടു. കണ്ണുതിരുമ്മി വീണ്ടും നോക്കിയപ്പോൾ എല്ലാവരും സാധരണക്കാരായി കാണപ്പെട്ടു. 'സമസ്താപരാധം പൊറുക്കണമേ', എന്നു പ്രാർത്ഥിച്ചുകൊണ്ട് അടികൾ ഭഗവാന്റെ സോപാനത്തിൽ സാഷ്ടാംഗം നമസ്ക്കരിച്ചു. നാട്ടിലേക്കു മടങ്ങാതെ തിരുവാരൂരിൽ സ്ഥിരമായി തങ്ങുകയും അവിടുത്തെ ശിവാലയത്തിലെ ത്യാഗരാജ പെരുമാളെ സേവിച്ചുകൊണ്ട് സായൂജ്യമടയുകയും ചെയ്തു.

അപ്പർതേവാരത്തിൽ നമിനന്തിയടികളെ 'തൊണ്ടർകളുക്ക് ആണ്ടിപ്പൊൻ' എന്നു പാടിപ്പുകഴ്ത്തുന്നുണ്ട്. ഏറെക്കാലം ശിവോപാസനയിൽ മുഴുകി ജീവിതം നയിച്ചതിനുശേഷം നമിനന്തിയടികൾ കൈലാസം പൂകി എന്ന് സുന്ദരർ തന്റെ തിരുത്തോണ്ടർ തൊഗൈ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## നരസിംഹമുനൈ അരൈയനായനാർ

തമിഴകത്തെ ഒരു നാട്ടുരാജാവായിരുന്നു നരസിംഹമുനൈ അരൈയനായനാർ. നീതിമാനും സത്യസന്ധനുമായ അദ്ദേഹം തികഞ്ഞ ശിവോപാസകനുമായിരുന്നു. ശിവയോഗികൾക്കു സേവചെയ്യുന്നത് ശിവപൂജയ്ക്ക് സമമാണെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. നെറ്റിയിൽ പൂശുന്ന ഭസ്മത്തെ അദ്ദേഹം ഏറ്റവും വലിയ സമ്പത്തായി കരുതി. ശിവാലയങ്ങളുടെ പരിരക്ഷക്കായി വേണ്ടിവന്നാൽ ജീവൻ പോലും വെടിയുമെന്ന മട്ട്. ശിവപെരുമാളുടെ ജന്മനാളായ തിരുവാതിരതോറും ശിവയോഗികളെ ക്ഷണിച്ചു വരുത്തി ശിവപൂജയിലേർപ്പെടുക അദ്ദേഹത്തിന്റെ പതിവായിരുന്നു. ഓരോരുത്തരുടെയും നെറ്റിയിൽ ഭസ്മം കൊണ്ടു ത്രിപുണ്ഡ്രം ചാർത്തി, നൂറുസ്വർണ്ണക്കാശും അന്നവും നൽകി പ്രസാദിപ്പിച്ചുപോന്നു. ഒരുതവണ ഒരു കപടയോഗി രുദ്രാക്ഷവും ഭസ്മവുമണിഞ്ഞ് അന്നദാനം സ്വീകരിക്കാനെത്തി. അയാളുടെ കപടവേഷം തിരിച്ചറിഞ്ഞ മറ്റു ശിവയോഗികൾ മാറിനിന്നു. എന്നാൽ മുനൈഅരൈയർ അമാന്തിച്ചു നിന്നില്ല. ദുർമാർഗിയാണെന്നറിഞ്ഞുകൊണ്ടുതന്നെ അദ്ദേഹം കപടയോഗിയെ സമീപിച്ചു. അയാളെ അകറ്റി നിർത്തുക വഴി മറ്റു യോഗികൾ പാപികളായേക്കുമോ എന്നു ഭയം തോന്നിയ അദ്ദേഹം കപടയോഗിക്ക് ഇരുന്നൂറു പൊൻകാശും അന്നവും നൽകി. മാത്രമല്ല സൗമ്യഭാഷണത്തിലൂടെ അയാളെ സന്തോഷിപ്പിക്കയും ചെയ്തു. കപടയോഗി സസന്തോഷം മടങ്ങി. മറ്റു യോഗികൾ മുനൈഅരൈയരുടെ സൻമനസ്സിനെ വാഴ്ത്തി. പഞ്ചാക്ഷരീമന്ത്രവും ശിവോപാസനയുമായി ദീർഘകാലം ഭൂലോകവാസം ചെയ്തതിനുശേഷം നരസിംഹമുനൈ അരൈയനായനാർ കൈലാസം പൂകി എന്ന് സുന്ദരരുടെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിക്കാണാം.

## നേശനായനാർ

തമിഴകത്തെ കാമ്പിലീനഗരത്തിൽ ഒരു ചാലിയാർ കുടുംബത്തിൽ ജന്മംകൊണ്ട നേശർ തൊഴിൽകൊണ്ട് നെയ്ത്തുകാരനായിരുന്നു. ജന്മസിദ്ധമായ ആത്മീയത അറിവിലേക്കും ഭക്തിയിലേക്കും വളർന്നു. മനസും വാക്കും ശരീരവും ശിവപെരുമാൾക്കു സമർപ്പിച്ചുകൊണ്ട് തികച്ചും ഒരു യോഗിയെപ്പോലെ അദ്ദേഹം ജീവിച്ചു. പഞ്ചാക്ഷരീമന്ത്രജപം സാധനയാക്കി. നെയ്ത്തുകാരനായതിനാൽ, ഗ്രാമക്ഷേത്രത്തിലെ മഹാദേവപ്രതിഷ്ഠക്കാവശ്യമായ ആടകളും കൗപീനവുമെല്ലാം നെയ്ത് നടയ്ക്കു സമർപ്പിക്കുന്നതിൽ അദ്ദേഹം സായൂജ്യം കണ്ടു. ശിവോപാസനയിൽ സുദീർഘമായ ഒരു ജീവിതം നയിച്ചതിനുശേഷം നേശനായനാർ കൈലാസം പൂകി എന്ന് തിരുത്തോണ്ടർ തോഗൈ എന്ന ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു.

## നിന്റ്രശീർ നെടുമാരനായനാർ

പാണ്ഡ്യരാജവംശത്തിൽപ്പെട്ട ഒരു രാജാവായിരുന്നു നിന്റ്രശീർനെടുമാരർ. മധുരൈ ആസ്ഥാ

നമാക്കി അദ്ദേഹം നാടുവാണു. ആദ്യകാലത്ത് ജൈനമതത്തിന്റെ സ്വാധീനവലയത്തിൽ അകപ്പെട്ടുപോയെങ്കിലും തിരുനാവുക്കരശ്, തിരുജ്ഞാന സംബന്ധർ എന്നീ ശിവോപാസകരുമായുണ്ടായ കൂടിക്കാഴ്ച അദ്ദേഹത്തിന് പുതിയ ഉൾക്കാഴ്ചയേകി. അതോടെ ശൈവമതം സ്വീകരിക്കുകയും പാണ്ഡ്യരാജ്യത്താകെ ശൈവമതം പ്രചരിപ്പിക്കയും ചെയ്തു. അതിനിടെ രാജ്യത്തിന്റെ വടക്കേ അതിർത്തി താണ്ടി ശത്രുരാജ്യത്തുനിന്ന് ഒരു വൻ സൈനികാക്രമണം ഉണ്ടായി. നെടുമാരനും സൈന്യവും ശക്തമായ പ്രത്യാക്രമണം നടത്തി. യുദ്ധം ഘോരമായിരുന്നു. അറ്റുപോയ ശരീരഭാഗങ്ങളും ആന, കുതിര തുടങ്ങിയ മൃഗങ്ങളുടെ ജഡങ്ങളും ജീവനറ്റ മനുഷ്യശരീരങ്ങളും രണഭൂമിയിൽ കുന്നുകൂടിക്കിടന്നു. രക്തപ്പുഴ ഒഴുകി. ഇതെല്ലാം കണ്ടു മനം കലങ്ങിയ നെടുമാരൻ ശിവപെരുമാളുടെ സോപാനത്തിലഭയം തേടി. ചോഴമന്നന്റെ പുത്രിയായ മങ്കയർക്കരശിയുമായുള്ള വിവാഹം അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവായി. നെടുമാരൻ പ്രജാക്ഷേമതൽപരനായ ഒരു രാജാവായിരുന്നു. ദീർഘകാലം രാജ്യം വാണതിനുശേഷം ശിവോപാസകനായ അദ്ദേഹം ശിവലോകം പൂകി എന്ന് സുന്ദരർ തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## പെരുമിഴലൈ കുറുമ്പനായനാർ

ചോഴനാട്ടിലെ പെരുമിഴലൈ എന്ന ഗ്രാമത്തിൽ കുറുമ്പർ വംശത്തിലാണ് കുറുമ്പനായനാർ ജനിച്ചത്. ഗ്രാമത്തിന്റെ തലവൻ എന്ന നിലക്ക് അദ്ദേഹം മികച്ച ഭരണം കാഴ്ചവെച്ചു.രാജ്യകാര്യങ്ങൾക്കിടയിലും ശിവയോഗികളെ സേവിക്കുന്ന കാര്യത്തിൽ ഒരു വീഴ്ചയും വരുത്തിയില്ല. അന്നവസ്ത്രാദികൾ ദാനം ചെയ്യുന്നതിലും അദ്ദേഹം ശ്രദ്ധചെലുത്തി. മനസ്സിൽ ശിവപെരുമാളെ പ്രതിഷ്ഠിക്കാനായത് ഒരു മഹാ' ഭാഗ്യമെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. സുന്ദരമൂർത്തിനായനാരോട് കുറുമ്പനാർ അങ്ങേയറ്റത്തെ ആദരുവും ബഹുമാനവും പുലർത്തിപ്പോന്നു. സുന്ദരമൂർത്തിയുടെ സമാധി മുൻകൂട്ടിയറിഞ്ഞ കുറുമ്പനാർ ഖിന്നനായി. അദ്ദേഹത്തിന്റെ മഹനീയ സാന്നിദ്ധ്യമില്ലാത്ത ' ഭൂമിയിലിരിക്കുക പ്രയാസമാവും എന്നു തീർച്ചയാക്കിക്കൊണ്ട് സുന്ദരമൂർത്തി കൈലാസം പൂകും മുമ്പ് കുറുമ്പർ സ്വയം ഭഗവൽപാദത്തിൽ ലയിച്ചു സായൂജ്യം നേടിയതായി തിരുത്തോണ്ടർ തൊഗൈ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## പുകഴ്ചോഴ നായനാർ

അനപായചോഴർ പരമ്പരയിൽ ഭൂജാതനായ പുകഴ്ചോഴർ സംഭവബഹുലമായ ജീവിതം നയിച്ച വ്യക്തിയാണ്. ഉറൈയൂർ ആസ്ഥാനമാക്കി നാടുഭരിച്ച അദ്ദേഹം പരാക്രമശാലിയായിരുന്നു. അയൽരാജ്യങ്ങളെയെല്ലാം തന്റെ വരുതിയിലാക്കാൻ അദ്ദേഹത്തിന് ഒരു ബുദ്ധിമുട്ടുമുണ്ടായില്ല. അതേസമയം കീഴടക്കിയ നാടുകളിലെ ക്ഷേത്രങ്ങളെയെല്ലാം സംരക്ഷിക്കാനും വിധിയാംവണ്ണം ആരാധനക്കു വേണ്ടുന്ന ഏർപ്പാടുകൾ ചെയ്യാനും ശിവഭക്തനായ പുകഴ്ചോഴർ ശ്രദ്ധപുലർത്തി. ശിവയോഗികളുടെ ക്ഷേമത്തിൽ ഒരു വീഴ്ചയും വരുത്തിയില്ല. കൊങ്കണദേശത്തെ രാജാവും കുടപുലമന്നനും സാമന്തരായിത്തീർന്നതോടെ പുകഴ്ചോഴരുടെ ഖ്യാതി ഇരട്ടിച്ചു. ഒരുനാൾ അദ്ദേഹം പരിവാരസമേതം കരൂർ ദേശത്തെത്തി, നേരെ തിരുവാനിലൈ ക്ഷേത്രത്തിൽ ചെന്നു ശിവനെ ആരാധിച്ചു. അവിടുന്നു തിരിച്ച് കൊട്ടാരത്തിലെത്തിയ അദ്ദേഹം താമസിയാതെ അത്താണിമണ്ഡപത്തിൽ വിരാജിതനായി. സാമന്തരെയും സന്ദർശകരെയും കണ്ടു. ആനകൾ, കുതിരകൾ, രത്നങ്ങൾ തുടങ്ങിയ കാഴ്ചവസ്തുക്കൾ സ്വീകരിച്ചു. 'ഇനിയും ആരെങ്കിലും കപ്പം തരാനുണ്ടോ?' പുകഴ്ചോഴർ കൽപ്പിച്ചന്വേഷിച്ചു. അധികൻ എന്നു പേരായ സാമന്തരാജൻ മാത്രം കപ്പം കെട്ടാനുണ്ട് എന്നു മന്ത്രിമാർ അറിയിച്ചു. 'എങ്കിൽ അങ്ങോട്ടാകാം അടുത്ത പടയോട്ടം!' എന്നു കൽപ്പിച്ചു പുകഴ്ചോഴർ.അതിനിടെ ശ്രീപാർവ്വതിക്കു സമർപ്പിക്കാനുള്ള പൂപ്പാലികയുമായി ഒരു ശിവയോഗി തിരുവാനിലൈ ക്ഷേത്രത്തിലെത്തി. രാജാവിന്റെ ആന ശിവയോഗിയെ ആക്രമിച്ച് പൂപ്പാലിക തട്ടിത്തെറിപ്പിച്ചു. താഴെ വീണ പൂജാപുഷ്പങ്ങൾ ആനയുടെ ചവിട്ടേറ്റു ചതഞ്ഞരഞ്ഞു. ക്ഷേത്രത്തിലുണ്ടായിരുന്ന എരിപത്തനായനാർ ആനയെയും പാപ്പാനെയും അടിച്ചുകൊന്നു. വിവരമറിഞ്ഞ പുകഴ്ചോഴർ ക്ഷേത്രത്തിലേക്കു പാഞ്ഞെത്തി.

'കുറ്റം ചെയ്തത് ആനയാണെങ്കിലും അതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും നാം ഒഴിഞ്ഞുമാറുന്നില്ല. നമ്മെക്കൂടി വധിക്കുക!' എന്നു കൽപിച്ചുകൊണ്ട് ഉടവാൾ എരിപത്തനായനാർ വശം ഏൽപിച്ചു. പക്ഷേ നായനാർ മഹാരാജാവിനു മാപ്പുനൽകി. വൈകാതെ അധികനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു ചാരന്മാരെത്തി. അദ്ദേഹം ഒരു ഗുഹയിലാണു താമസമെന്നും കണ്ടെത്തുക എളുപ്പമാവില്ലെന്നും അവർ വിവരം നൽകി. പുകഴ്ചോഴർ യുദ്ധകാഹളം മുഴക്കി. അദ്ദേഹത്തിന്റെ വൻസേന അധികന്റെ

രാജ്യത്തെ ആക്രമിച്ചു. ശത്രുസൈന്യത്തിലെ കുതിരകളെയും പടയാളികളെയും അരിഞ്ഞു വീഴ്ത്തി. യുദ്ധഭൂമിയിൽ ചോരപ്പുഴയൊഴുകി. അറ്റുവീണ തലകൾ വാരിക്കൂട്ടി സൈന്യാധിപൻ പുകഴ്ചോഴർക്കു മുമ്പിൽ കാഴ്ചവെച്ചു. കാൽക്കൽ കുമിഞ്ഞുകൂടിയ തലകൾക്കിടയിൽ ജടാമകുടമണിഞ്ഞ ഒരു ശിവയോഗിയുടെ ശിരസ്സു കണ്ട് പുകഴ്ചോഴർ നടുങ്ങിപ്പോയി. 'അയ്യോ! മഹാപാപം! മഹാപാപം !' രാജാവ് നിലവിളിച്ചു. പശ്ചാത്താപത്താൽ കൈകൂപ്പി കണ്ണീരൊഴുക്കി. മനസു തകർന്ന അദ്ദേഹം സിംഹാസനം വെടിഞ്ഞു. കിരീടവും ചെങ്കോലും പുത്രനെ ഏൽപിച്ചു. ഒരു തീക്കുണ്ഡമു ണ്ടാക്കാൻ മന്ത്രിമാർക്കു കൽപ്പന നൽകി. സങ്കടത്തോടെയാണെങ്കിലും മന്ത്രിമാർ തീക്കുണ്ഡമൊരുക്കി. കുളിച്ചീറനുടുത്തുവന്ന പുകഴ്ചോഴർ ഭക്തിയോടെ ശിവയോഗിയുടെ ശിരസ്സെടുത്ത് ഒരു തങ്കത്തളികയിൽ വെച്ചു. തളിക സ്വന്തം തലയിലേറ്റിക്കൊണ്ട് തീക്കുണ്ഡത്തെ മുന്നുവട്ടം വലംവെച്ചു. മന്ത്രിമാരും സൈന്യവും പ്രജകളും കണ്ണീരണിഞ്ഞുനിൽക്കെ അദ്ദേഹം ശിവയോഗിയുടെ ശിരസ്സുമായി അഗ്നിപ്രവേശം ചെയ്തു. അപ്പോൾ ആകാശത്തുനിന്ന് പുഷ്പവൃഷ്ടിയുണ്ടായി. അന്തരീക്ഷത്തിൽ മംഗളവാദ്യങ്ങൾ മുഴങ്ങി. ഇപ്രകാരം പുകഴ്ചോഴനായനാർ സ്വർഗ്ഗാരോഹണം ചെയ്തു എന്ന് സുന്ദരർ തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## പുകഴ്ത്തുണൈ നായനാർ

തമിഴകത്തെ തിരുശെരുവിപ്പുത്തൂരിൽ ഒരു ശിവവേദിയർകുലത്തിലാണ് ശിവഭക്തനായ പുകഴ്ത്തുണൈയാർ ജനിച്ചത്. വൈദികവിധി പ്രകാരമുള്ള അനുഷ്ഠാനങ്ങളനുസരിച്ച് അദ്ദേഹം നിത്യവും ശിവപെരുമാളെ പൂജിച്ചുപോന്നു. ധൂപം, ദീപം, നൈവേദ്യം, കുസുമം, ലേപം മുതലായ ദ്രവ്യങ്ങളുപയോഗിച്ച് 'ജലാദിജലാന്തം' എന്ന ചിട്ടയിൽ നിന്നു അണുവിട മാറാതെയുള്ള ആരാധനാക്രമങ്ങൾ അക്കാലത്തെ മഹാവൈദികബ്രാഹ്മണരിൽപ്പോലും മതിപ്പുളവാക്കി. കാലം കടന്നുപോയി. ഒരിക്കൽ മഴയുടെ അഭാവം മൂലം നാട്ടിൽ കൃഷി നശിച്ചു. ജലാശയങ്ങളിൽ വെള്ളം കുറഞ്ഞു. പട്ടിണിയും ക്ഷാമവും മൂലം ജനങ്ങൾ വലഞ്ഞു. പുല്ലുപോലും കിളിർക്കാതെ വരണ്ടു കിടന്ന ഭൂമി മഴക്കായി ദാഹിച്ചു. പട്ടിണിയിലും പുകഴ്ത്തുണൈയാർ ശിവപൂജ മുടക്കിയില്ല. ഒരു ദിവസം എവിടെനിന്നോ കുടത്തിൽ ജലം സംഭരിച്ച് അദ്ദേഹം തന്റെ ഇഷ്ടദേവന്റെ സന്നിധിയിലേക്കു പുറപ്പെട്ടു. വിശപ്പുമൂലം വയർ കത്തിക്കാളുന്നതൊന്നും വകവെക്കാതെ അദ്ദേഹം വേച്ചുവേച്ച് മുന്നോട്ടു നീങ്ങി. പെട്ടെന്ന് കണ്ണിൽ ഇരുട്ടു കയറി. തൽക്ഷണം അദ്ദേഹം ബോധമറ്റു വീണു. കുടവും ജലവും ശിവപ്രതിഷ്ഠയുടെ തലയിലേക്കു വീണതുപോലുമറിയാതെ ആ മഹാശിവഭക്തൻ മോഹാലസ്യപ്പെട്ടു കിടന്നു. ഭഗവാൻ അദ്ദേഹത്തിന് സ്വപ്നദർശനം നൽകി. നാൾതോറും പ്രതിഷ്ഠയുടെ പീഠത്തിനു താഴെ ഓരോ പൊൻകാശുകാണപ്പെടുമെന്നും അതെടുത്ത് വിറ്റ് അന്നന്നത്തെ ഉപജീവനത്തിനു വഴികണ്ടോളാനും അവിടുന്നു നിർദ്ദേശിച്ചു. ഉറക്കമുണർന്ന പുകഴ്ത്തുണൈയാർ പ്രതിഷ്ഠയുടെ പീഠം പരിശോധിച്ചപ്പോൾ അതിന്റെ ചുവട്ടിൽ നിന്ന് ഒരു പൊൻപണം ലഭിച്ചു. അദ്ദേഹം അതെടുത്തു വിറ്റു. കിട്ടിയ പണം കൊണ്ട് ശിവപൂജക്കു വേണ്ടുന്നതായ സാമഗ്രികളും വീട്ടാവശ്യത്തിനുള്ള സാധനങ്ങളും മാത്രമല്ല ഗ്രാമത്തിൽ പട്ടിണിയനുഭവിക്കുന്ന കുടുംബങ്ങൾക്കു വിശപ്പടക്കാനുള്ള ധാന്യങ്ങളും മേടിച്ചു. ശിവപൂജ 'ഭംഗിയായി നടന്നു. നാട്ടിലെ വരൾച്ചയും ക്ഷാമവും തീരുവോളം പുകഴ്ത്തുണൈയാർ ശിവപൂജയും വീട്ടുകാര്യവും 'ഭംഗിയായി നിർവ്വഹിക്കുകയും പട്ടിണിപ്പാവങ്ങൾക്കു വേണ്ടുന്ന സഹായങ്ങൾ നൽകുകയും ചെയ്തു. മാസങ്ങൾ കഴിഞ്ഞപ്പോൾ മഴ കനിഞ്ഞു. ജലാശയങ്ങൾ നിറഞ്ഞു. കൃഷി വർദ്ധിച്ചു. അതോടെ ക്ഷാമവുമകന്നു. പുകഴ്ത്തുണൈയാരുടെ ശിവോപാസന സുഗമമായി തുടർന്നു. ദീർഘകാലം ശിവനെ സേവിച്ച പുണ്യവുമായി അദ്ദേഹം കൈലാസം പൂകി എന്ന് സുന്ദരമൂർത്തി നായനാരുടെ തിരുത്തോണ്ടർ തൊഗൈ എന്ന ഗ്രന്ഥം രേഖപ്പെടുത്തുന്നു.●

ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;
0484 2361161
ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

ക്ഷേത്രങ്ങളിലൂടെ

# ശ്രീ മൃദംഗശൈലേശ്വരി ദേവിക്ഷേത്രം

ഇന്ദിരാഭായി (ഫോൺ: 9947998674)

പുണ്യപുരാതന സംസ്കൃതിക്ഷേത്രമായ ഭാരതത്തെ ബ്രിട്ടീഷുകാരന്റെ അധികാരാഹങ്കാരം പിടിമുറുക്കിയ കാലത്ത് കേരളത്തിന്റെ മണ്ണിൽ നായരേയും മാപ്പിളയേയും കുറിച്യരേയും കുറുമൻമാരേയും ഒരു കുടക്കീഴിൽ നിർത്തി സ്വാതന്ത്ര്യസമരപോരാട്ടം നടത്തി ബ്രിട്ടിഷുകാരനെ അമ്പരിപ്പിച്ച ഒരു മലയാളിയാണ് കോട്ടയം കേരളവർമ്മ പഴശ്ശിരാജ. മലബാർ കോട്ടയം രാജവംശത്തിന്റെ ആസ്ഥാനം മലബാറിന്റെ വടക്കെ അറ്റത്തുള്ള കോട്ടയം താലൂക്കിലായിരുന്നു. പഴശ്ശിരാജയുടെ മൂലകുടുംബ ക്ഷേത്രമാണ് മുഴക്കുന്ന് ശ്രീമൃദംഗശൈലേശ്വരീ ദേവി ക്ഷേത്രം. ഈ ക്ഷേത്രത്തിനടുത്താണ് പഴശ്ശി കോവിലകവും കോട്ടയം രാജാക്കൻമാർ ആയുധ വിദ്യാഭ്യാസം നടത്തിയിരുന്ന പരശുരാമപ്രതിഷ്ഠയുള്ള ധർമ്മക്ഷേത്രക്കളരിയും സ്ഥിതി ചെയ്യുന്നത്. പിണ്ഡാലി ഹനമ്പീശൻമാരാണ് ഈ കളരിയിലെ ഗുരുക്കൻമാർ. കേരളസിംഹം വീരകേരളവർമ്മ പഴശ്ശിരാജയുടെ കുലദേവതയായ ശ്രീപോർക്കിലി എന്നും പ്രസിദ്ധിയാർജ്ജിച്ച മൃദംഗശൈലേശ്വരി ദേവി സരസ്വതിയായും ലക്ഷ്മിയായും കാളിയായും ഭിന്ന ഭാവങ്ങളിൽ മുഴക്കുന്നിൽ കുടിക്കൊള്ളുന്നു. തലശ്ശേരി റെയിൽവേ സ്റ്റേഷനിൽ നിന്നും 44 കിലോമീറ്റർ ദൂരമാണ് ഈ ക്ഷേത്രത്തിലേയ്ക്കുള്ളത്. കോഴീക്കോട് നിന്നാണെങ്കിൽ കൊയിലാണ്ടി, വടകര,കുഞ്ഞിപ്പള്ളി വഴി വലത്തോട്ടു തിരിഞ്ഞ് കൂത്തുപറമ്പ്, ഉരുവച്ചാൽ, തില്ലങ്കേരി, കാക്കയങ്ങാട് വഴി മുഴക്കുന്നിലെത്തിച്ചേരാൻ 106 കിലോമീറ്റർ സഞ്ചരിക്കണം. തലശ്ശേരിയിലോ കൂത്തുപറമ്പിലോ താമസിക്കാം. ക്ഷേത്രത്തിൽ നിന്നും വളരെ ദൂരെയല്ലാതെ കാക്കയങ്ങാട്ട് ഒരു ബിസിനസ്സ് ക്ലാസ്സ് ഹോട്ടലുണ്ട്.



മുഴക്കുന്നിലെ ഈ ദേവിക്ഷേത്രം ഒരു കാലത്ത് നിത്യപൂജപോലും ഇല്ലാതെ കിടന്നിരുന്നു. വീരകേരളവർമ്മ പഴശ്ശിരാജയുടെ കോട്ടയം കോവിലകമായിരുന്നു ക്ഷേത്രത്തിന്റെ ഊരാളൻമാർ. കോവിലകങ്ങൾ ക്ഷയിച്ചപ്പോൾ ക്ഷേത്രകാര്യങ്ങളും മുടങ്ങി. ഏതു യുദ്ധത്തിനു പോകുമ്പോഴും പഴശ്ശിരാജ ഈ ക്ഷേത്രത്തിലെത്തി ദേവിയെ പ്രാർത്ഥിച്ച ശേഷമേ പോകുമായിരുന്നുള്ളു. രൗദ്രഭാവത്തിലുള്ള ദേവിയെ കോവിലകത്തെ രഹസ്യ അറയിൽ വച്ച് അദ്ദേഹം ആരാധിക്കാറുമുണ്ടായിരുന്നു. കോവിലകത്തെ തമ്പുരാക്കൻമാർ ദേവിയെ തൊഴുതശ്ശേഷം നേരെ പിണ്ഡാരി കളരിയിലേക്കാണ് പോയിരുന്നത്. ഈ കളരിയും മൃദംഗശൈലേശ്വരി ക്ഷേത്രത്തിനു തൊട്ടടുത്തു തന്നെയാണ് സ്ഥിതി ചെയ്യുന്നത്. ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയോടു ചേർന്നു സ്ഥിതി ചെയ്യുന്ന ഈ കളരിയിൽ തിരുവിതാംകൂറിൽ നിന്ന് മാർത്താണ്ഡവർമ്മ മഹാരാജാവും വന്ന് പഠനം നടത്തിയിട്ടുണ്ട്. തിറകളുടെയും തറികളുടെയും നാടെന്നറിയപ്പെടുന്ന കണ്ണൂർ ജില്ലക്ക് കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ സുപ്രധാന സ്ഥാനമാണുള്ളത്. കണ്ണൂരിന്റെ സാംസ്കാരിക പെരുമയ്ക്ക് മാറ്റുകൂട്ടുന്ന ദക്ഷിണഭാരതത്തിലെ അതിപുരാതന ഗ്രാമമായ ഇരിട്ടിയിലെ മുഴക്കുന്നിൽ സ്ഥിതി ചെയ്യുന്നതും വിശ്വപ്രസിദ്ധിയാർജ്ജിച്ചതുമായ ഒരു ദേവിക്ഷേത്രമാണ് ശ്രീമൃദംഗശൈലേശ്വരീദേവിക്ഷേത്രം. ക്ഷേത്രത്തിന്റെ പ്രവേശനകവാടത്തിനു മുന്നിലായി വീരകേരളവർമ്മ പഴശ്ശിരാജയുടെ ഒരു പൂർണ്ണകായ പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. പഴശ്ശിരാജയുടെ ഇഷ്ടദേവതയായ ദേവിയെ

ദർശിക്കുവാനെത്തുന്നവരെ മന്ദസ്മിതത്തോടെ ക്ഷേത്രത്തിലേക്ക് സ്വാഗതം ചെയ്യുന്നതായി തോന്നും ഈ പ്രതിമ കണ്ടാൽ. സ്വാതന്ത്ര്യം എന്ന ഭാഗ്യം നമുക്കു ലഭ്യമാക്കുന്നതിനുവേണ്ടി സ്വന്തം ജീവൻ തന്നെ ബലിയർപ്പിക്കേണ്ടി വന്ന വീരപഴശ്ശിയുടെ സ്മരണക്കു മുന്നിൽ ശിരസ്സു നമിച്ചുകൊണ്ട് നമുക്കു ക്ഷേത്രത്തിലേയ്ക്കു കടക്കാം.

വാദ്യങ്ങളുടെ മാതാവെന്നും ദേവവാദ്യമെന്നും അറിയപ്പെടുന്ന മൃദംഗം അഥവാ മിഴാവ് ദേവലോകത്തു നിന്നും പിറന്നു വീണ ശൈലമാണ് മൃദംഗശൈലം. മൃദംഗ രൂപത്തിൽ മഹാദേവി സ്വയംഭൂവായി ഉയർന്നു വന്നതായും ആ ചൈതന്യത്തെ ആവാഹിച്ച് പരശുരാമൻ പ്രതിഷ്ഠിച്ചു എന്നുമാണ് വിശ്വസിക്കുന്നത്. പരശുരാമനാൽ പ്രതിഷ്ഠിക്കപ്പെട്ട 108 ദുർഗ്ഗാലയങ്ങളിലൊന്നാണ് ശ്രീമൃദംഗശൈലേശ്വരീ ദേവിക്ഷേത്രം. സംഗീത രൂപിണിയായ ദേവിയുടെ നാദം മുഴങ്ങിയ കുന്നായതിനാൽ ഈ പ്രദേശം മുഴങ്ങിയകുന്ന് എന്നറിയപ്പെട്ടു. മുഴങ്ങിയ കുന്ന് ലോപിച്ച് മുഴുകുന്നായി എന്നും കരുതുന്നു. മൃദംഗശൈലം അഥവാ മിഴാവുകുന്ന് ലോപിച്ച് മുഴക്കുന്നായി അറിയപ്പെട്ടു എന്നും വിശ്വസിക്കുന്നുണ്ട്. മൃദംഗശൈലേശ്വരി ക്ഷേത്രത്തിലെ ശ്രീകോവിലിനുതെക്കു കിഴക്കു ഭാഗത്ത് വാതിൽ മാടത്തിലാണ് ദേവി മിഴാവു രൂപത്തിൽ സ്വയംഭൂവായ സ്ഥാനം കാണപ്പെടുന്നത്. കോകില സന്ദേശത്തിൽ പുരളീരാജാക്കൻമാരുടെ കുലദേവതാ ക്ഷേത്രമായി പ്രതിപാദിച്ചിരിക്കുന്നത് ശ്രീമൃദംഗശൈലേശ്വരി ക്ഷേത്രത്തെയാണ്. യുദ്ധത്തിനു പോകുന്നതിനു മുന്നോടിയായി പുരളീരാജാക്കൻമാർ ദേവിക്ക് ബലിതർപ്പണം നടത്തിയിരുന്നു. ഇന്നത്തെ ക്ഷേത്രത്തിനു പടിഞ്ഞാറു വശത്തുള്ള ഗുഹാക്ഷേത്രത്തിൽ വച്ച് പോരിൽ കലിതുള്ളുന്ന കാളിയായി സങ്കല്പിച്ചായിരുന്നു രാജാക്കൻമാർ ബലിതർപ്പണം നടത്തിയിരുന്നത്. പോരിൽ കലിതുള്ളുന്ന പോർക്കാളി പോർക്കലിയായി ശ്രീപോർക്കലിയായി എല്ലാ ഐശ്വര്യവും നല്കിയിരുന്നു എന്നാണ് ഐതിഹ്യം. ദക്ഷിണഭാരതത്തിലെ എല്ലാ പോർക്കലിക്ഷേത്രങ്ങളുടെയും ആരൂഢമാണ് ഈ ക്ഷേത്രം. എന്നാൽ ഈ ഗുഹാക്ഷേത്രം ഇന്നു നിലവിലില്ല. അതിന്റെ അവശിഷ്ടങ്ങൾ മാത്രമാണുള്ളത്. ശത്രു സംഹാര രൂപിണിയായ ശ്രീപോർക്കലിയുടെ ഗുഹാക്ഷേത്രവും സർവ്വാഭിഷ്ടവരദായനിയായ മൃദംഗശൈലേശ്വരി ദേവി കുടിക്കൊള്ളുന്ന മഹാക്ഷേത്രത്തിന്റെയും നവീകരണപ്രവർത്തനങ്ങൾ നടത്തി പുരളീരാജാക്കൻമാരുടെ കാലത്തെ പ്രൗഢിയോടുകൂടി ഈ ക്ഷേത്രത്തെ ഒരു മഹാക്ഷേത്രമാക്കി തീർക്കുവാൻ വേണ്ടി ഇന്നത്തെ ക്ഷേത്രഭരണാധികാരികൾ ഭക്തജനങ്ങളുടെ സഹായസഹകരണങ്ങളോടെയുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. രാവിലെ ആറുമണി മുതൽ പന്ത്രണ്ടു മണിവരെയും വൈകുന്നേരം 5.30 മുതൽ രാത്രി 8.00 മണി വരെയുമാണ് ഇവിടുത്തെ ദർശന സമയം. നിറമാല, ശ്വാശത പൂജ, ത്രികാലപൂജ, നെയ്‌വിളക്ക്, ദുരിതഹരപുഷ്പാഞ്ജലി, കുങ്കുമാർച്ചന, സാരസ്വത പുഷ്പാഞ്ജലി, ഉദയാസ്തമന പൂജ എന്നിവയാണ് ഇവിടുത്തെ പ്രധാന വഴിപാടുകൾ. തിരുവക്കാടിയാണ് ദേവിയുടെ പ്രധാന നിവേദ്യം. മഞ്ഞളും തേങ്ങയും ചേർത്തുണ്ടാക്കുന്ന ചോറാണ് തിരുവക്കാടി എന്നത്. ധനുമാസത്തിലെ സംക്രമപൂജയും നവരാത്രിയും മണ്ഡലകാലവുമാണ് ഈ ക്ഷേത്രത്തിലെ ഉത്സവകാലം.

മൃദംഗശൈലേശ്വരീദേവിക്ഷേത്ര പരിസരങ്ങളും കഥകളിപ്പദം മൂളുന്ന ഇവിടുത്തെ കാറ്റും ക്ഷേത്രമുറ്റത്തെ മൺതരികളും വൃക്ഷലതാദികളും പരാശക്തിയായ മൃദംഗശൈ ലേശ്വരീദേവിയുടെ നിസ്വാർത്ഥഭക്തരായി അമ്മയെ അഭയം പ്രാപിക്കുവാൻ നമ്മെ ഉപദേശിക്കുന്നു. കർമ്മങ്ങൾക്കു വിളഭൂമിയാകിയ ഈ മണ്ണിൽ ജീവിതയാഥാർത്ഥ്യങ്ങളുമായി ഇനിയെന്ത് എന്ന് അന്ധാളിച്ചു നില്ക്കുന്ന അവസ്ഥയിൽ അഭയവും ആശ്വാസവുമായി ഭക്തന്റെ മുന്നിലെത്തുന്ന അഭയവരദായിനിയായ അമ്മയുടെ നിറസാന്നിദ്ധ്യമാണ് മൃദംഗശൈലേശ്വരീ ദേവിക്ഷേത്രത്തിലെത്തുന്നവർക്കനുഭവപ്പെടുന്നത്. മനുഷ്യജീവിതത്തിൽ അസാദ്ധ്യമെന്നു തോന്നാവുന്ന കാര്യങ്ങൾപോലും ഇവിടുത്തെ ദേവിയെ ആരാധിക്കുന്നതിലൂടെ സാധിക്കുമെന്നാണ് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നത്. ഈ ഞാനും അനുഭവസ്ഥരോടൊപ്പം ചേരുന്നു. ചെറുതായാലും വലുതായാലും ആഗ്രഹസാഫല്യം ഈശ്വരാനുഗ്രഹമാണ് എന്നാണല്ലോ വിശ്വസിക്കുന്നത്.

കൊട്ടാരക്കര മഹാദേവസന്നിധിയിൽ വച്ച് കൊട്ടാരക്കരഗണപതി ഭഗവാന്റെ അനുഗ്രഹത്താൽ കൊട്ടാരക്കര തമ്പുരാനാൽ രചിക്കപ്പെട്ട രാമനാട്ടത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ട് കോട്ടയം തമ്പുരാൻ ആട്ടക്കഥ രചിച്ചു. അദ്ദേഹം ആട്ടക്കഥ രചിച്ചത് സംഗീതരൂപിണിയായ ദേവിയുടെ നാദം മുഴങ്ങിയ മുഴക്കുന്നിലെ ശ്രീമൃദംഗശൈലേശ്വരീ ദേവിക്ഷേത്രസന്നിധിയിൽ വച്ചാണ്. ആട്ടക്കഥ പിന്നീട് ഭാരതീയന്റെ അഭിമാനമായ കഥകളിയായി മാറി. ബകവധം കിർമ്മീരവധം, കല്യാണസൗഗന്ധികം, നിവാതകവചകാലകേയവധം എന്നീ ആട്ടക്കഥ

കൾ കോട്ടയം തമ്പുരാൻ രചിച്ചത് മുഴക്കുന്നിലെ ഈ ക്ഷേത്രത്തിൽ വച്ചാണ്. കഥകളിയുടെ വന്ദനശ്ലോകത്തിൽ തന്നെ സ്തുതിക്കപ്പെടുന്ന മൃദംഗ ശൈലേശ്വരീദേവിയുടെ മഹത്വം ഈ ലോകമാകെ മുഴങ്ങിക്കൊണ്ടിരിക്കുന്നു. കോട്ടയം തമ്പുരാൻ കഥകളിയുടെ വേഷവിധാനങ്ങൾ ചിട്ടപ്പെടുത്തുന്നതിനു ശ്രമിച്ചപ്പോൾ എത്ര ശ്രമിച്ചിട്ടും സ്ത്രീവേഷം അദ്ദേഹത്തിനു മനസ്സിൽ തെളിഞ്ഞില്ല. ഭക്തിപൂർവ്വം ദേവിയെ തന്നെ ധ്യാനിച്ചിരുന്ന അദ്ദേഹത്തിന് ക്ഷേത്രക്കുളത്തിൽ ദേവി തന്നെ സ്ത്രീരൂപം കാട്ടിക്കൊടുത്തു. അന്ന് ദേവി കാട്ടിക്കൊടുത്ത അതേ സ്ത്രീരൂപം തന്നെയാണ് ഇന്നും ഒരു മാറ്റവും വരുത്താതെ കഥകളിയിലെ സ്ത്രീവേഷമായി നിലവിലുള്ളത്. കോട്ടയം തമ്പുരാനും പഴശ്ശികോവിലകത്തു തന്നെയായിരുന്നു. അദ്ദേഹം ജനിച്ചപ്പോൾ ബുദ്ധിമാന്ദ്യമുള്ള കുട്ടിയായിരുന്നു. മലമുകളിൽ നിന്നും ഒഴുകിയെത്തുന്ന ഇന്ന് കുമാരധാരയെന്നറിയപ്പെടുന്ന ധാരാപ്രവാഹമേറ്റാണ് അദ്ദേഹത്തിന്റെ ബുദ്ധിമാന്ദ്യം മാറിയത് എന്നാണ് ഐതിഹ്യം. ഈ ക്ഷേത്രവും ക്ഷേത്രപരിസരങ്ങളും ഇവിടുത്തെ ഐതിഹ്യങ്ങളും കഥകളും ആരിലും അനുഭവത്തിലൂടെ വിശ്വാസം വളർത്തുന്നവയാണ്. ഇവിടെ നിത്യപൂജയില്ലാതെ കിടന്നിരുന്ന കാലത്ത് ദേവപ്രശ്നത്തിൽ മൂടിക്കിടക്കുന്ന ക്ഷേത്രക്കുളം നവീകരിച്ചാലേ ക്ഷേത്രത്തിന് അഭിവൃദ്ധിയുണ്ടാകുകയുള്ളു എന്നു കണ്ടു. അത് യാഥാർത്ഥ്യമായി. ഒരിക്കൽ ഈ ക്ഷേത്രത്തിലെ പഞ്ചലോഹവിഗ്രഹം കളവുപോയി. മുഴക്കുന്ന് ശ്രീ മൃദംഗശൈലേശ്വരീ ദേവിക്ഷേത്രത്തിലേതാണ് ഈ വിഗ്രഹം എന്ന കുറിപ്പോടുകൂടി പാലക്കാടു റോഡരുകിൽ നിന്നും ഉപേക്ഷിക്കപ്പെട്ട നിലയിൽ വിഗ്രഹം കണ്ടു കിട്ടി. പിന്നീടൊരിക്കൽ ഇവിടുത്തെ വിഗ്രഹം വീണ്ടും മോഷ്ടിക്കപ്പെട്ടു. അന്ന് ക്ഷേത്രത്തിൽ നിന്നും 300 മീറ്റർ അകലത്തിൽ മോഷ്ടാക്കൾ തന്നെ വിഗ്രഹം ഉപേക്ഷിച്ചു പോയി. കുറെക്കാലത്തിനു ശേഷം വീണ്ടും വിഗ്രഹം മോഷണം പോയി. അന്ന് കല്പറ്റയിലെ ഒരു ലോഡ്ജിൽ വിഗ്രഹം ഉപേക്ഷിച്ച് മോഷ്ടാക്കൾ തന്നെ പോലീസിൽ വിളിച്ച് വിവരമറിയിച്ച് രക്ഷപ്പെട്ടു. പിന്നീട് ഈ മോഷ്ടാക്കളെ മറ്റു കേസ്സുകളിൽ പിടിക്കപ്പെട്ടപ്പോൾ ശ്രീമൃദംഗശൈലേശ്വരീദേവിയുടെ വിഗ്രഹം മോഷ്ടിച്ചു കഴിഞ്ഞാൽ സ്ഥലകാലബോധം നഷ്ടപ്പെടുന്നതായും മലമൂത്രവിസർജ്ജനം നിയന്ത്രിക്കാൻസാധിക്കാതാവുകയും ചെയ്യുന്നു എന്നാണ് മോഷ്ടാക്കൾ അന്വേഷണ ഉദ്യോസ്ഥരോടു വെളിപ്പെടുത്തിയത് എന്നും അറിയുന്നു. ഇതേ പഞ്ചലോഹവിഗ്രഹം തന്നെയാണ് ഇന്നും ഈ ക്ഷേത്രത്തിലേത് എന്നത് അതിശയം ഉളവാക്കുന്നു. ഈ അനുഭവ വിശ്വാസങ്ങളെ നമുക്കും ഭക്തിപൂർവ്വം വിശ്വസിക്കാം. മൃദംഗനാദം പോലെ നമ്മുടെ പ്രാർത്ഥനാനാദവും ഈ ക്ഷേത്രാങ്കണത്തിൽ മുഴങ്ങി കേൾക്കട്ടെ. ഇവിടുത്തെ കാറ്റിലൂടെ ആ നാദം പ്രപഞ്ചം മുഴുവൻ അലയടിക്കട്ടെ.

മുഴക്കുന്നിൽ മുഴങ്ങുന്ന ദേവചൈതന്യം മൃദംഗശൈലേശ്വരീദേവിയുടെ അനുഗ്രഹമായി ഭക്തി നിർഭരമായി ഭക്തജനങ്ങളുടെ നാവിലും മനസ്സിലും ജീവിതത്തിലും മുഴങ്ങിക്കൊണ്ടിരിക്കുന്നു. ദേവി മൃദംഗനാദത്തിനാൽ തന്റെ സാന്നിദ്ധ്യമറിയിക്കുകയും കാളിയായും ലക്ഷ്മിയായും സരസ്വതിയായും ഭിന്ന ഭാവങ്ങളിൽ ഭക്തരെ അനുഗ്രഹിക്കുകയും അപേക്ഷിക്കുന്നവരെ ഉപേക്ഷിക്കുകയില്ല എന്ന വിശ്വാസം ഭക്തരിൽ വളർത്തുകയും ചെയ്യുന്നു. മുഴക്കുന്നിൽ വാഴുന്ന അമ്മേ മഹാമായേ അക്ഷരങ്ങളാൽ തീർത്ത നറുനെയ് ദീപമായി ഈ വരികളെ ഭക്തിയോടെ അമ്മയെ മനസ്സിൽ ധ്യാനിച്ചുകൊണ്ട് അമ്മയുടെ തൃപ്പാദങ്ങളിൽ സമർപ്പിക്കുന്നു.

ദുർഗ്ഗാംഞ്ചാപി മൃദംഗശൈല നിലയം
ശ്രീ പോർക്കലീമിഷ്ട ഭാം
ഭക്ത്യാനിത്യമുപാസ്മഹെ സപദി ന ഃ
കുർവ്വന്ത്വമീ മംഗളം●

*(മിനിക്കഥ)*

# മാറ്റം

**ഉണ്ണി വാരിയത്ത്**

അവന് അവന്റെ പേര് തീരെ ഇഷ്ടമല്ല. പേര് മാറ്റണമത്രേ ! അവനോടു ചോദിച്ചിട്ടല്ല അവന്റെ പേരിട്ടതെന്നും അതുകൊണ്ട് ചോദ്യം ചെയ്യാൻ അവകാശമുണ്ടെന്നും അവൻ പറയുന്നു.

മരങ്ങളോടോ മൃഗങ്ങളോടോ പക്ഷികളോടോ എന്നുവേണ്ട ഒന്നിനോടും ചോദിച്ചിട്ടല്ല അവയ്ക്ക് പേരിട്ടതെന്നും , ആർക്കും അതിൽ വിരോധം തോന്നിയിട്ടില്ലല്ലോ എന്നും ചൂണ്ടിക്കാട്ടിയെങ്കിലും അവന് ആ വാദം സവീകാര്യമായില്ല.

ഏതായാലും പേര് മാറിയാലെങ്കിലും ആള് നന്നായാൽ മതിയായിരുന്നു. പെരുമാറ്റം നന്നല്ലെങ്കിൽ പേരുമാറ്റം കൊണ്ടെന്തു കാര്യം ?

# മാനസിക പരിവർത്തനം ഭാരതീയ ചിന്തയിലൂടെ

## (അസ്വസ്ഥമായ മനസിന് ഒരു മാന്ത്രിക ചെപ്പ്)

ഡോ.രാജേശ്വരി കുഞ്ഞമ്മ (ഫോൺ: 93883 82009)

സാമൂഹ്യ ജീവിയായ മനുഷ്യൻ ജീവിതം ആരംഭിക്കുമ്പോൾ തന്നെ അവന്റെ ചുറ്റുമുള്ള പ്രശ്നങ്ങളും ഉത്തരവാദിത്വങ്ങളും, നന്മയും തിന്മയുമായൊക്കെയായി ജീവിക്കുവാൻ തുടങ്ങുന്നു. സാങ്കേതിക ഉപകരണങ്ങളുടെ സഹായം തേടിക്കൊണ്ട് നവമാധ്യമങ്ങളുടെ സഹായത്താൽ കൈവിരൽ മാത്രം ചലിപ്പിച്ചാൽ ഒതുങ്ങുന്ന ലോകത്തിന്റെ അധിപനായി വളരാനും തുടങ്ങുന്നു. പുറമേയുള്ളതിനെയെല്ലാം സ്വാംശീകരിക്കുവാനും അറിയാം. ജീവിതം ഒരു സ്പോഞ്ചുപോലെയാണ്. വെള്ളത്തിൽ മുങ്ങിയ സ്പോഞ്ച് വെള്ളം വലിച്ചെടുക്കും. അതു ഞെക്കിപിഴിഞ്ഞാൽ വെള്ളം പോകും. പിന്നെ ഒന്നും തന്നെയില്ല. ഇവിടെയാണ് പരസ്യത്തിൽ പറയുന്നതുപോലെ വലിയ വിലകൊടുക്കേണ്ടി വരുന്നത്. മനുഷ്യൻ തന്നിലേക്കു ചുരുങ്ങുന്നു. ഒരു ചെറിയ സ്പർശനമേറ്റാൽ ഒച്ചിനേപ്പോലെ കൂടിനുള്ളിലേക്കു വലിയും. വെറും ഒരു വ്യക്തിയായിട്ടവൻ കഴിയുന്നു. ഫലമോ, സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ട്, അടിമയായി, മനോവ്യാധികൾക്കടിമപ്പെട്ട് ഒരുതരം ഉൾവലിയൽ പ്രക്രിയയിലൂടെ മനസു മടുത്ത് അവസാനം ആത്മഹത്യാ ഭീഷണി മുഴക്കി തനിക്കും മറ്റുള്ളവർക്കും പ്രശ്നമായി ഭവിക്കുകയും ചെയ്യുന്നു. അതേസമയം ഈ വ്യക്തി സങ്കുചിതമായ ചുറ്റുപാടിൽനിന്നും വികസിതമായ വ്യക്തിത്വത്തിലേക്കു നീങ്ങുമ്പോൾ അവൻ മനുഷ്യനായി രൂപാന്തരം പ്രാപിക്കുന്നു. വ്യക്തിയും മനുഷ്യനും തമ്മിലുള്ള വ്യത്യാസം പ്രധാനമായും കാഴ്ചപ്പാടിന്റേതാണ്. അച്ഛന്റെയും അമ്മയുടെയും രൂപസാദൃശ്യവും ചുറ്റുപാടുകളിൽ നിന്നും ലഭിച്ച സ്വഭാവ വൈശിഷ്ട്യങ്ങളും കൈവശമുള്ള വ്യക്തി മനുഷ്യനിലേക്കു മാറണമെങ്കിൽ കുറേ ദൂരം സഞ്ചരിക്കണം. സാമൂഹ്യനീതിക്കും സാമൂഹ്യനിയമങ്ങൾക്കും വില കൊടുത്തുകൊണ്ട് ബന്ധങ്ങൾക്ക് ഊഷ്മളത പകർന്ന് വിജ്ഞാനാദി കലകളിൽ പ്രാവീണ്യം നേടി ഒരുവൻ പ്രയാണം തുടങ്ങുമ്പോൾ അവൻ മനുഷ്യനായി മാറുന്നു. ഇങ്ങനെയൊന്നുമല്ലാതെ ശാരീരിക വളർച്ച മാത്രം ലക്ഷ്യമാക്കി വളരുന്ന വ്യക്തി സ്വാർത്ഥനും സാമൂഹ്യദ്രോഹിയും ചാഞ്ചാടുന്ന മനസുള്ളവനും പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ പ്രയാസമുള്ള മാനസിക വിഭ്രാന്തിക്കടിമപ്പെട്ടവനുമായി തീരും.

എപ്പോഴും നാം നമ്മുടെ ശരീരത്തെയാണ് നമ്മളുമായി ബന്ധപ്പെടുത്തി നോക്കി കാണുന്നത്. അതായത് ഞാൻ ജനിച്ചു, ജീവിക്കുന്നു, മരിക്കുന്നു. പഞ്ചേന്ദ്രിയങ്ങളുടെ പ്രവർത്തനത്തെ നോക്കികാണുന്നു. ഇതുപോലെതന്നെ, നമ്മുടെ മനസ്സിന്റെ വ്യാപാരങ്ങളെ മനസിലാക്കുവാനും ശരീരത്തിന്റെ പ്രവർത്തനങ്ങളെ അനുഭവിക്കുവാനും കഴിയുന്നു. ഇവയെല്ലാം കൂട്ടിയോജിപ്പിക്കുന്ന എന്തെങ്കിലും ശക്തിവിശേഷം ഉണ്ടോ. യഥാർത്ഥത്തിൽ ഇവ അനുഭവവേദ്യങ്ങളാകുന്നതെങ്ങനെ. ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം തേടി നാം അലയുകയാണ്. എന്തായാലും നമുക്കു മാറ്റങ്ങൾ സംഭവിക്കുന്നു. ബാല്യം വിട്ടു, കൗമാരം, യൗവനം, വാർദ്ധക്യം ഇങ്ങനെ ശരീരത്തിനു മാറ്റങ്ങൾ സംഭവിക്കുന്നു. വസ്തുക്കൾ മാറുന്നു. ഒരു വസ്തു തന്നെ ഒരു സമയം സുഖവും മറ്റൊരു സമയം ദുഃഖവും തരുന്നു. ഈ മാറ്റങ്ങൾ മനസ്സിന്റെ കാഴ്ച്ചപ്പാടിന്റെ വ്യത്യാസം മാത്രമാണോ. ഇന്ദ്രിയവിഷയങ്ങൾ, സുഖദുഃഖങ്ങൾ ഇവയൊക്കെ തന്നെ ഒരുപോലെ കരുതുന്നവർക്ക് ആത്മസാക്ഷാത്ക്കാരം ലഭിക്കുമെന്നും പറയപ്പെടുന്നു.

ഒരു കാര്യം ശരിയാണ്. മനുഷ്യൻ തന്റെ ശരീരത്തിലുണ്ടാകുന്ന ഓരോ മാറ്റത്തേയും വ്യതിയാനങ്ങളേയും കുറിച്ചു ബോധവാനാണ്. അറിയുന്ന ആളും അറിയേണ്ട വസ്തുവും രണ്ടാണെങ്കിൽ മാത്രമേ ആ വസ്തുവിനെക്കുറിച്ച് ഒരു ധാരണയുണ്ടാകുകയുള്ളൂ. വസ്തുവിൽ നിന്നും വ്യത്യസ്തത മാത്രമല്ല, വസ്തുവിനേക്കാൾ അതീതവുമായിരിക്ക

ണം. ഉദാഹരണമായി സൂര്യൻ കിഴക്ക് ഉദിക്കുന്നു., പടിഞ്ഞാറ് അസ്തമിക്കുന്നു. ചൂടു തരുന്നു. ചൂട് ഇത്ര ഡിഗ്രിയിൽ. ഇങ്ങനെ നാം നോക്കികാണുന്നു. സൂര്യൻ സൗരയൂഥത്തിന്റെ ഭാഗമാണ്, അവിടെ നിശ്ച ലവുമാണ്. ഗ്രഹങ്ങൾ സഞ്ചരിക്കുന്നു. പക്ഷെ നമു ക്ക് മേൽപറഞ്ഞവയെല്ലാം അനുഭവപ്പെടുന്നു. ഞാൻ മകളാണ്, ഭാര്യയാണ്, അമ്മയാണ്, പ്രഥസറാണ്, ഇതൊക്കെ എന്റെ ഭാവമാറ്റങ്ങളാണ്. ഇതിനൊക്കെ അടിസ്ഥാനപരമായ പരമസത്യം ഒന്നു മാത്രമാണ്. നമ്മുടെ ശരീരത്തിന് സാഹചര്യമനുസരിച്ച് ഉണ്ടാ കുന്ന മാററങ്ങൾ പഞ്ചേന്ദ്രിയങ്ങൾക്കനുസരിച്ച് മാ ററമുള്ളതായി അനുഭവപ്പെടുന്നു. ധാർമ്മികമായ ഉയർന്ന ചിന്തയിലൂടെ മാത്രമേ ഒരാൾക്ക് ഉയർന്ന തലത്തിലേക്ക് എത്താൻ കഴിയുകയുള്ളൂ. വെറും ശാരീരിക ചിന്തയിലൂടെ മുന്നോട്ടുപോയാൽ അയാൾ ക്ക് നിത്യദുഃഖമായിരിക്കും ഫലം. മണ്ഡുകോപനി ഷത്തിൽ പറയുന്ന ഒരു കഥയുണ്ട്. ജീവാത്മാവും പരമാത്മാവും ശരീരമാണ്. ഇത് ഒരു വൃക്ഷമായി കണക്കാക്കുക. ഇവിടെ രണ്ടു പക്ഷികൾ ഇരിക്കുക യാണ്. ഒരു പക്ഷി വന്ന് അതിന്റെ ഫലം ഭക്ഷിക്കു ന്നു. വിശപ്പടക്കുന്നു. മറേറ പക്ഷി തന്റെ ദുർവി ധി ഓർത്ത് വിലപിക്കുന്നു. ദുഖിതയായി കാലം കഴിച്ചുകൂട്ടുന്നു. ആത്മനിയന്ത്രണത്തിലൂടെ കർമ്മം ചെയ്യുക. എങ്ങനെയെന്നാൽ അവനവന്റെ ഉത്തര വാദിത്തത്തിനും ജീവിതോദ്ദേശത്തിനും അനുസരി ച്ച്. ശ്രീ ശങ്കരൻ പറയുന്നു, ഏറ്റവും മഹത്തരമായ ആദർശം മുൻനിർത്തി അർപ്പണമനോഭാവത്തോടു കൂടി കർമ്മം ചെയ്താൽ നമ്മുടെ അന്തഃകരണം ശുദ്ധമാകും.

എന്താണ് മനസ്സ്? മനസ്സും ബുദ്ധിയും ഒരു മിച്ചു പ്രവർത്തിക്കുന്നവരാണ് യഥാർത്ഥ മനുഷ്യർ. ഇവ തമ്മിലുള്ള അകലം വർദ്ധിക്കുന്തോറും പ്രശ് നങ്ങൾ ഉടലെടുക്കും. ഇന്ദ്രിയങ്ങൾ വഴി കാണുക യും കേൾക്കുകയും ചെയ്യുന്ന കാര്യങ്ങൾ മനസ്സിൽ കടന്ന് നേരത്തെ തന്നെ, അതായത് ജനിച്ചപ്പോൾ മുതലുള്ള അനുഭവങ്ങൾ അവിടെ ഒരു കോണിൽ ഒളിഞ്ഞു കിടക്കുന്നതുമായി ചേർന്ന് നമ്മുടെ സാ ഹചര്യ സമ്മർദ്ദങ്ങളുമായി കെട്ടുപിണഞ്ഞ് ബുദ്ധി ശരിക്കും പ്രവർത്തിക്കാതെ മനുഷ്യൻ ഉഴലുകയാ ണ്. കണ്ണാടിയിലൂടെ വ്യക്തമായ രൂപം കാണണ മെങ്കിൽ കണ്ണാടി വൃത്തിയാക്കണം. അവനവനിൽ അടിഞ്ഞുകൂടിയിരിക്കുന്ന മാലിന്യങ്ങളെ കഴുകി വൃത്തിയാക്കി യഥാർത്ഥ സത്ത, താൻ ആരാണെ ന്നും, തന്റെ കഴിവുകൾ എന്താണെന്നും നാം മന സിലാക്കുമ്പോൾ മാത്രമേ മനസ്സിന്റെ ശുദ്ധീകരണം നടക്കുകയുള്ളൂ. ആട്ടിൻ പററത്തിലകപ്പെട്ടുപോയ സിംഹക്കുട്ടിയുടെ കഥ ഇതിനുദാഹരണമാണ്. ആട്ടിൻകൂട്ടത്തിൽ കഴിയുമ്പോൾ അതിന് സിംഹ മാണെന്നറിയില്ല. കാരണം സഹവാസം ആടിന്റെ കൂടെ. ഇതു കാണാനിടയായ ഒരു സിംഹം ഈ സിംഹക്കുട്ടിയെ താൻ സിംഹമാണെന്നു പറഞ്ഞു മനസിലാക്കാൻ ശ്രമിച്ചു. പക്ഷെ പരാജയപ്പെട്ടു. ഈ കുട്ടി സിംഹത്തെ കൂട്ടി വലിയ സിംഹം ഒരു നദിക്കരയിൽ പോയി വെള്ളത്തിൽ അതിന്റെ പ്രതി ഛായ കാണിച്ചുകൊടുത്തു. അതിനോടൊപ്പം ഒന്നു ഗർജ്ജിക്കുക കൂടി ചെയ്തു. അപ്പോൾ സിംഹക്കു ട്ടിക്കു കാര്യം മനസിലായി. ഒന്നു ഗർജ്ജിച്ചുകൊണ്ട് അവൻ കാട്ടിലേക്കു പോയി. ഇതുപോലെ മനുഷ്യൻ അവന്റെ സത്തയും വ്യക്തിത്വവും എന്നു മനസിലാ ക്കുന്നുവോ അപ്പോൾ മാത്രം യാഥാർത്ഥ്യവുമായി പൊരുത്തപ്പെടും.

പതഞ്ജലി മഹർഷി പറയുന്നതുപോലെ മനസ്സ് ഒരിക്കലും സ്വയം പ്രകാശിതമല്ല. കാരണം നമുക്ക് മനസ്സിന്റെ പ്രവർത്തനങ്ങളെ മനസിലാക്കാ നും നിയന്ത്രിക്കാനും കഴിയും. ഒരു ബൾബ് സ്വ യം പ്രകാശിക്കില്ല. പക്ഷെ പ്രകാശത്തെ തരുന്നു. എപ്പോൾ അതിൽ പ്രകാശത്തെ ആഗിരണം ചെ യ്യുന്ന വസ്തു ഉണ്ടാകുന്നുവോ അപ്പോൾ പ്രകാ ശിക്കും. ഇലക്ട്രിസിറ്റിയോ, തിരിയോ എണ്ണയോ ഒക്കെ അതിൽകൂടി കടന്നുപോകുമ്പോൾ പ്രകാശം തരുന്നു. എന്നാൽ പരമശക്തി സ്വയം പ്രകാശിതമാ ണ്. കറന്റിന് പ്രകാശം ഉണ്ടാക്കാൻ ഒരു പ്രതലം, അത് ബൾബ്. അതുപോലെ മനസ്സിന് ശരീരത്തിന്റെ ആവശ്യമുണ്ട്. സൂര്യപ്രകാശം തട്ടുമ്പോൾ കണ്ണാ ടി പ്രതലങ്ങൾ കൂടുതൽ പ്രകാശപൂരിതമാകുന്നത് എങ്ങനെയോ അപ്രകാരം മനസ്സിന്റെ വ്യാപാരങ്ങളെ ശരീരത്തിൽകൂടി പ്രകടമാക്കാൻ കഴിയും. മനസ്സിന്റെ പ്രവർത്തനങ്ങൾക്കും സ്വപ്നങ്ങൾക്കും കടിഞ്ഞാ ണില്ല. ഒരാളുടെ പ്രവർത്തി മുഴുവൻ അയാളുടെ മാ നസികാവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. പക്ഷെ ഈ മനസ്സ് എവിടെ സ്ഥിതി ചെയ്യുന്നുവെന്നുള്ള ത് കണ്ടുപിടിക്കാൻ പ്രയാസമാണ്. പലർക്കും പല അഭിപ്രായങ്ങളാണ്. വേദാന്തം പറയുന്നത് മനസ്സ് ശരീരത്തിൽനിന്നും വ്യത്യസ്തമാണ് എന്നാണ്. പാശ്ചാത്യചിന്തകന്മാരിൽ ഒരഭിപ്രായം ഉള്ളത് മന സ്സാണ് അറിയുന്നതും ആഗ്രഹിക്കുന്നതും. ചില മനശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ ശാരീ രികമായ പ്രവർത്തിയുടെ ഫലമായുണ്ടാകുന്ന ഒരു ബോധാവസ്ഥയാണ് മനസ്സ് എന്നാണ്. എന്തായാലും നമുക്കതിനെ കാണാൻ കഴിയില്ല. പക്ഷെ അനുഭവ

വേദ്യമാണ്. കറന്റിന്റെ നല്ല വശം വെളിച്ചം അല്ലെങ്കിൽ ശക്തി. ആഘാതമേറ്റവർക്ക് അതു ഭയാനകം. അനുഭവിക്കുമ്പോൾ, അല്ലെങ്കിൽ അനുഭവിച്ചവർ വിവരിക്കുമ്പോൾ സത്യം മനസിലാകും. ന്യായ,വൈശേഷിക, സാംഖ്യ, മീമാംസാ ചിന്താഗതികളെല്ലാം തന്നെ മനസ്സ് ശരീരത്തിനുള്ളിലാണെന്നു പറയുന്നു. പക്ഷെ ഒന്നിരുത്തി ചിന്തിച്ചാൽ മനസ്സും ശരീരവും വ്യത്യസ്തമാണെന്നു കാണാം. ഇവ രണ്ടും ഒന്നാണെങ്കിൽ എങ്ങനെ മനസ്സുകൊണ്ട് ശരീരത്തെ നിയന്ത്രിക്കാൻ സാധിക്കും. വൈകാരികതയും ചിന്തയും മനുഷ്യജീവിതത്തിനാധാരമാണ്. ചിന്ത കാഴ്ചയുള്ള ഒരു മുടന്തനേപ്പോലെയാണെങ്കിൽ, വൈകാരികത കാഴ്ചയില്ലാത്ത നടക്കുവാൻ കഴിവുള്ളയാളേ പ്പോലെയാണ്. ഒരാൾ മററൊരാളിന്റെ ചുമലിലാണെങ്കിൽ കാര്യം ശരിയായി. സ്വാമി വിവേകാനന്ദന്റെ ഭാഷയിൽ പറഞ്ഞാൽ, തലച്ചോറും ഹൃദയവും മനസ്സും ഒക്കെ ഒരുമിക്കണം. ആധുനിക മനശാസ്ത്രജ്ഞൻ കാൾ റോജേഴ്സിന്റെ വ്യക്തിയെ കേന്ദ്രീകരിച്ചുള്ള ചികിത്സയും എല്ലിസ് എന്ന മനശാസ്ത്രജ്ഞന്റെ ചിന്താപരമായ വൈകാരികതയെ ബന്ധിപ്പിച്ച ചികിത്സയും ശരിയാണ്. എല്ലിസിന്റെ ഭാഷയിൽ പറഞ്ഞാൽ, മാനസ്സീക വ്യതിയാനത്തിന്റെ കാരണം ഒരുവന്റെ തുടർച്ചയായുള്ള പരാജയമല്ല, മറിച്ച് അയാൾ അയാളുടെ പരാജയത്തെ എങ്ങനെ നേരിടുന്നു എന്നതിനെ അനുസരിച്ചാണ്. കാൾ റോജേഴ്സ് വ്യക്തിക്കും അയാളുടെ വൈകാരിതയ്ക്കും പ്രാധാന്യം കൊടുക്കുന്നു.

പതഞ്ജലിയുടെ ചിന്തയിൽ, ഭൗതികചിന്തയിൽ നിന്നും മോചനം നേടണമെങ്കിൽ ഇന്ദ്രിയങ്ങളിൽ നിന്നും അകലം പ്രാപിക്കണമെന്നാണ്. സഹപ്രവർത്തകരോടുള്ള കാമക്രോധവികാരങ്ങൾ അസന്തുഷ്ടിക്കു കാരണമാകുന്നു. ശാരദാദേവി ഒരിക്കൽ പറഞ്ഞു, 'നിങ്ങൾക്ക് സമാധാനപരമായ ഒരു മനസ്സ് വേണമോ എങ്കിൽ മററുള്ളവരുടെ കുറ്റം കാണാതിരിക്കുക.' കുരുക്ഷേത്രത്തിൽ വിഷാദത്തിനടിമപ്പെട്ട് തേർത്തട്ടിലിരുന്നു വിലപിക്കുന്ന അർജ്ജുനനോട് ശ്രീകൃഷ്ണൻ പറഞ്ഞു, 'ഹേ! അർജ്ജുനാ ആണും പെണ്ണുമല്ലാത്ത അവസ്ഥയെ നീ പ്രാപിക്കരുത്. ക്ഷുദ്രമായ ഹൃദയദൗർബല്യം കളഞ്ഞ് എഴുനേൽക്കൂ'. സങ്കുചിതമായ സ്വാർത്ഥചിന്തകൾക്കടിമപ്പെട്ട അർജ്ജുനൻ ഉന്നതമായ ആദർശചിത്തയോടു കൂടി സമൂഹത്തിനുവേണ്ടി പ്രവർത്തിക്കാനൊരുമ്പെട്ടപ്പോൾ ഹൃദയദൗർബല്യം കുറഞ്ഞു.. അങ്ങനെ സമ്പൂർണ്ണ മനുഷ്യനായി മാറി. ശുദ്ധ ചൈതന്യമായ മനുഷ്യന്റെ ശരിയായ രൂപം മനസിലാക്കിയാൽ സർവ്വ ദുഖവും മാറും. ബുദ്ധിയുടെ തലങ്ങളെ ഉയർത്തി ആത്മബോധം ഉദിക്കുമ്പോൾ മൗഢ്യം മാറും. ഇതു തന്നെയാണ് ആധുനിക മനശാസ്ത്രവും പറയുന്നത്. ബുദ്ധിയെ ഉത്തേജിപ്പിക്കുക, ബുദ്ധിയുടെ നിലവാരത്തിൽ നിന്ന് വ്യക്തിയെ വീക്ഷിക്കുമ്പോൾ മാനസിക വൈകല്യം നാം മറക്കും. സാഹചര്യങ്ങളും വസ്തുക്കളും അസ്ഥിരമാണെന്നും സുഖവും ദുഖവും മാറിമാറി വരുമെന്നും വിഷയാനുഭവങ്ങൾ ആദിയും അന്തവുമുള്ളതാണെന്നും അറിയുമ്പോൾ നമ്മുടെ ചിന്ത കർത്തവ്യങ്ങളിലേക്ക് തിരിയും. ശ്രീകൃഷ്ണൻ പറയുന്നു 'നീ ഒരു ക്ഷത്രിയനാണ്. ധർമ്മരക്ഷയാണ് ക്ഷത്രിയ ലക്ഷ്യം. ക്ഷത്രിയന് ധർമ്മയുദ്ധത്തേക്കാൾ ശ്രേയസ്കരമായി മറ്റൊന്നില്ല.' വേദാന്തതത്വചിന്തയുടെ ഔന്നത്യത്തിൽ നിന്നും താഴേക്കിറങ്ങി സാധാരണ മനുഷ്യന്റെ ചിന്താഗതിയിലേക്ക് തിരിഞ്ഞ കൃഷ്ണൻ പറയുന്നു, സ്വധർമ്മവും കീർത്തിയും കളഞ്ഞ് പാപമായിരിക്കും നീ സമ്പാദിക്കുകയെന്ന്. ഇങ്ങനെ സ്വന്തം കർമ്മങ്ങൾ സ്വന്തം സത്തക്കനുസരിച്ച് വാസനകൾക്കനുസരിച്ച് ചെയ്യുമ്പോൾ അത് മഹത്തായ ഒരു പ്രവർത്തിയായി മാറുന്നു. കൃഷ്ണൻ പറയുന്നു, 'ഹേ അർജ്ജുനാ, ശോകമോഹങ്ങൾ വെടിയൂ, കൊല്ലും, കൊല്ലപ്പെടും എന്നു പറയുന്നത് യാഥാർത്ഥ്യം അറിയാതെയാണ്.' ജനനവും മരണവും ജീവിതത്തിന്റെ സ്വഭാവമാണ്, അതാർക്കും ഒഴിവാക്കാൻ പറ്റില്ല. ജീവിതമോഹങ്ങളിൽപെട്ടു നശിക്കാതെ മനോധൈര്യം കാത്തുസൂക്ഷിക്കുന്ന മനുഷ്യനാണ് ആത്മനിർവൃതി ഉണ്ടാകുന്നത്. ഇതുപോലെതന്നെ രാമരാവണയുദ്ധം കൊടുമ്പിരി കൊണ്ടിരിക്കുന്ന സമയം അഗസ്ത്യമുനി മറ്റു ദേവന്മാരോടൊപ്പം രാമന്റെ മുൻപിൽ വന്ന് ആദിത്യഹൃദയ മന്ത്രം ഉപദേശിച്ചു (തുടരും)

**എറണാകുളം കരയോഗത്തിൻെറ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാക്ലിനിക് 2017 മെയ് മാസം 14-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ ഇകെഎൻഎം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

***ജനറൽ സെക്രട്ടറി***

# ശിരോലിഖിതങ്ങൾ

പത്മജ മേനോൻ (ഫോൺ: 82898 87472)

കാർ ചീറി പായുകയായിരുന്നു. നമ്മൾ എങ്ങോട്ടാണ് പോകുന്നത് അയാൾ ചോദിച്ചു രാജ് ഉറങ്ങിക്കോളൂ എന്നായിരുന്നു മറുപടി. അയാൾ അവളെ നോക്കി , തോളറ്റം മുടി മുറിച്ച് ചുണ്ടിൽ ചായം തേച്ച് ആഭരണങ്ങൾ ഒന്നും ഇടാതെ ജീൻസും, ടോപ്പും ധരിച്ച അവൾക്ക് ഒരു ന്യൂജെൻ ലുക്കായിരുന്നു ഉണ്ടായിരുന്നത്. തന്റെ മീനൂട്ടി, മീനാക്ഷി എന്നു പേരുള്ള അവളെ അരുമയോടെ താൻ മീനൂട്ടി എന്നായിരുന്നു വിളിച്ചിരുന്നത്. പുലർക്കാലങ്ങളിൽ പുൽക്കൊടികളിൽ പറ്റിപ്പിടിച്ചിരിക്കുന്ന മഞ്ഞുകണങ്ങളുടെ പരിശുദ്ധിയും, ലാളിത്യവുമായിരുന്നു അവളുടെ സൗന്ദര്യത്തിന്. അവൾ ഇപ്പോൾ എവിടെയായിരിക്കും....? നല്ല നിലയിൽ ബിസിനസ്സ് നടത്തിയിരുന്ന തന്നെ പാർട്ണർ പറ്റിച്ചു കളഞ്ഞതോടുകൂടി ബിസിനസ്സ് താഴോട്ട് കൂപ്പുകുത്താൻ തുടങ്ങി. പിന്നെ കഷ്ടപ്പാടിന്റെ ദിനങ്ങളായിരുന്നു. ഒരു ദിവസം ലോൺ അടക്കാത്തതിന് വീടിന് ജപ്തി നോട്ടീസ് വന്നപ്പോൾ ആയിരുന്നു മീനാക്ഷിയുടെ ഏട്ടൻ വന്നത്. കാര്യങ്ങളെല്ലാം മനസ്സിലാക്കിയ അദ്ദേഹം മീനാക്ഷിയെ കൂടെ കൊണ്ടുപോകുവാൻ ശാഠ്യം പിടിച്ചു. ഇവിടെ അവൾക്ക് ഒരു സുരക്ഷിതത്വവുമില്ല എന്നു പറഞ്ഞ് വാദിച്ചു. തന്നെ ഏട്ടന്റെ കൂടെ അയക്കരുത് എന്ന് അവളുടെ കണ്ണുകൾ തന്നോട് യാചിച്ചുവെങ്കിലും താനത് കണ്ടതായി ഭാവിച്ചില്ല. അവളെങ്കിലും പോയി സുഖമായിരിക്കട്ടെ എന്നേ കരുതിയുള്ളു. പോകുമ്പോൾ ഏട്ടൻ പറഞ്ഞു കാര്യങ്ങൾ എല്ലാം ശരിയാക്കി താൻ പെട്ടെന്ന് അവളെ വിളിക്കുവാൻ വരുമെന്ന് പ്രതീക്ഷിക്കുന്നു. അല്ലെങ്കിൽ അവളുടെ ഭാവി എനിക്ക് നോക്കേണ്ടതായി വരും എന്നു പറഞ്ഞത് ഒരു ഞെട്ടലോടെയാണ് താൻ കേട്ടത്. ജീവിക്കുവാൻ വേണ്ടി പലതും ചെയ്തു നോക്കി പക്ഷേ എങ്ങുമെത്തിയില്ല. ഇതിനിടയിൽ മീനാക്ഷി പല പ്രാവശ്യം ഫോൺ ചെയ്ത് എന്നാണ് തന്നെ കൂട്ടിക്കൊണ്ടു പോകുന്നത് എന്നു ചോദിച്ചു കൊണ്ടിരുന്നു. ആഴക്കടലിൽ മുങ്ങി താഴുന്ന താൻ പിന്നെ പിന്നെ അവളുടെ ഫോൺ കോളുകൾ എടുക്കാതെയായി. അവളോട് ഇഷ്ടക്കുറവു കൊണ്ടല്ല വെറുതെ ആ പാവത്തിനെ വേദനിപ്പിക്കണ്ടായെന്നു കരുതി.

ഒരു ദിവസം അവളുടെ ഏട്ടൻ വിളിച്ചു പറഞ്ഞു നാട്ടിലേക്ക് പോരുവാൻ. അവിടെ മീനാക്ഷിയുടെ ഏട്ടന്റെ സഹായിയായി തറവാട്ടിൽ ഇരിക്കാമെന്ന്. വളരെ ഉയർന്ന നിലയിൽ ജീവിച്ച താൻ അധഃപതനത്തിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരുന്നു. എന്നിട്ടും തന്റെ ഭുരഭിമാനം നാട്ടിലേക്ക് പോകാൻ അനുവദിച്ചില്ല. സ്വന്തക്കാരുടെയും ബന്ധുക്കളുടെയും മുന്നിൽ ഒരു അടിയാനെപ്പോലെ ജീവിക്കുന്നതിലും ഭേദം പരിചയമില്ലാത്ത സ്ഥലത്ത് കൂലി വേല ചെയ്യുകയാണ് നല്ലതെന്ന് തനിക്ക് തോന്നി അപകർഷതാബോധം തന്റെ മനസ്സിനെ മലീമസമാക്കിക്കൊണ്ടിരുന്നു. ഒടുവിൽ ആരോടും ഒന്നും പറയാതെ ചെന്നൈയിൽ തന്റെ സുഹൃത്തിന്റെ അടുത്തേക്ക് പോയി. എത്തിയ ഉടൻ ആദ്യം ചെയ്തത് ഫോണിന്റെ നമ്പർ മാറ്റുകയായിരുന്നു. അവിടെ ചെറിയ ഒരു ജോലി തരപ്പെടുത്തി ഒരു യന്ത്രം കണക്കെ ദിനരാത്രങ്ങൾ കടന്നു പൊയ്ക്കൊണ്ടിരുന്നു. അവിടുത്തെ മലയാളി സമാജത്തിൽ ഓണത്തിന് മത്സരങ്ങൾ വെയ്ക്കുമായിരുന്നു. ഒരു രസത്തിന് താനും പങ്കെടുത്തു. ക്വിസിനും, ചെസ്സിനും തനിക്ക് ഒന്നാം സമ്മാനം കിട്ടി. അത് പല പ്രാവശ്യം ആവർത്തിച്ചു. സമ്മാന തുകയും, കപ്പും എല്ലാം സ്പോൺസർ ചെയ്തിരിക്കുന്നത് അരുണാ നമ്പ്യാർ എന്ന യുവതിയായിരുന്നു. അവർ തന്റെ ഫോൺ നമ്പർ വാങ്ങിച്ചു. പലപ്പോഴും അവർ ഫോൺ ചെയ്ത് പല സംശയങ്ങളും ചോദിച്ചു. എല്ലാത്തിനും തനിക്ക് ശരിയായ ഉത്തരമുണ്ടായിരുന്നു. ആ സൗഹൃദം പലപ്പോഴും ബീച്ചിലും, കോഫി ഷോപ്പിലും വരെ എത്തി. താൻ ചെന്നൈയിൽ വന്നിട്ട് വർഷങ്ങൾ കടന്നു പോയിരിക്കുന്നു. മീനാക്ഷിയെ വിളിച്ചു കൊണ്ടുവരുവാനൊന്നും തനിക്കു കഴിയുമായിരുന്നില്ല. കർക്കശ സ്വഭാവക്കാരനായ ഏട്ടൻ അവളെ ആർക്കെങ്കിലും വിവാഹം ചെയ്തു കൊടുത്തിട്ടുണ്ടാവും. കാത്തിരുന്ന് കാത്തിരുന്ന് മടുത്തപ്പോൾ അവൾ പിന്നെ, പിന്നെ തന്നെ മറന്നിട്ടുണ്ടാവും. ഓർക്കാൻ ഇഷ്ടപ്പെടാത്ത കാര്യത്തിൽ നിന്ന് അയാൾ മനസ്സിനെ മാറ്റി.

ഒരു ദിവസം ബീച്ചിൽ താനും അരുണാനമ്പ്യാരും കപ്പലണ്ടിയും കൊറിച്ച് നടക്കുകയായിരുന്നു. അവൾ പെട്ടെന്ന് പറഞ്ഞു നമ്മൾക്ക് വിവാഹം കഴിച്ചാലോ? ഒരു അമ്പരപ്പ് ഉണ്ടായെങ്കിലും അയാൾ ശരിയെന്ന് പറഞ്ഞ് തലയാട്ടി. എല്ലാം നഷ്ടപ്പെട്ട താൻ എന്തോ നിർവികാരനായി മാറിയിരുന്നു. അവൾ പറഞ്ഞു നിയമപരമായി വിവാഹം ചെയ്യാൻ കഴിയില്ലായെന്നറിയാം. എങ്കിലും എന്റെ കഴുത്തിൽ ഒരു താലി ചാർത്തണം

അത് എന്റെയൊരു മോഹമാണ്. വിവാഹം കഴിഞ്ഞ പെണ്ണിന് സമൂഹത്തിൽ പ്രത്യേക വിലയാണുള്ളത് കൃഷ്ണ രാജ് പറഞ്ഞു. . ഇല്ല ഞങ്ങൾ നിയമപരമായി വിവാഹം ചെയ്തിട്ടില്ല അന്ന് വിവാഹം രജിസ്റ്റർ ചെയ്യണമെന്ന നിർബന്ധമുണ്ടായിരുന്നില്ല. കുറച്ചു ദിവസങ്ങൾക്കകം തന്നെ ഞങ്ങൾ അരുണാ നമ്പ്യാരുടെ വില പിടിപ്പുള്ള വില്ലയിലേക്ക് മാറി. ബിസിനസ്സ് കാര്യവുമായി അരുണ എപ്പോഴും തിരക്കിലായിരുന്നു. എങ്കിലും അവൾ തന്റെ എല്ലാ കാര്യത്തിലും ശ്രദ്ധിച്ചിരുന്നു. ഞങ്ങൾ എല്ലാം തുറന്നു സംസാരിച്ചു കൊണ്ടിരുന്നു. ഞങ്ങൾ തമ്മിൽ യാതൊരു അതിർവരമ്പുകളുമുണ്ടായിരുന്നില്ല. തന്റെ സംഭവബഹുലമായ ജീവിതത്തെ പറ്റിയും മീനാക്ഷിയെ പറ്റിയും ഞാൻ അവളോട് പറഞ്ഞു. അവൾക്ക് പറയുവാൻ ഉണ്ടായിരുന്നത് അനാഥത്വത്തിന്റെ, അവഗണനയുടെ കഥകളായിരുന്നു. അവളുടെ ബാല്യവും, കൗമാരവും ഒന്നും തന്നെ വർണ്ണശബളമായിരുന്നില്ല. ആ തിരിച്ചറിവ് ആയിരിക്കാം അവളെ ഇത്ര ഉയരങ്ങളിലേക്ക് എത്തിച്ചത്. അനാഥാലയത്തിൽ വളർന്ന അവളെ സ്പോൺസർ ചെയ്തിരുന്നത് ഒരു മാധവനമ്പ്യാർ എന്ന ആളായിരുന്നു. പഠിക്കുവാൻ മിടുക്കിയായ അവളെ അദ്ദേഹം അരുണാ നമ്പ്യാർ ആക്കി മാറ്റി. ആവശ്യത്തിൽ കൂടുതൽ തന്റേടവും സാമർത്ഥ്യവുമുള്ള അവൾ ശരിക്കും ഒരു ശുദ്ധഗതിക്കാരിയായിരുന്നു. ബന്ധങ്ങളുടെ ആഴവും, വിലയും ഒന്നും അവൾക്ക് അറിയില്ലായിരുന്നു. അതെല്ലാം ഞാൻ അവളെ പറഞ്ഞ് മനസ്സിലാക്കി. ഒരു കുടുംബത്തിലുണ്ടായിരിക്കേണ്ട ചിട്ടവട്ടങ്ങളെപ്പറ്റിയും, ജീവിതരീതികളെ പറ്റിയും എല്ലാം പറഞ്ഞു കൊടുത്തു. കൃഷ്ണരാജ് എന്നു പേരുള്ള തന്നെ അവൾ രാജ് എന്നാണ് വിളിച്ചിരുന്നത്. അവൾ എപ്പോഴും പറയുമായിരുന്നു രാജ് എനിക്ക് സുഹൃത്തും ഗുരുവുമാണെന്ന്. മലയാളത്തെ സ്നേഹിക്കുകയും, ആദരിക്കുകയും ചെയ്യുന്ന താൻ മലയാള പത്രം വാങ്ങിക്കുവാൻ കടയിലേക്ക് പോയപ്പോഴാണ് ഗോപിയെ കണ്ടത്. മീനാക്ഷിയുടെ വകയിലുള്ള അമ്മാവന്റെ മകൻ. ഗോപിയും ഭാര്യയും അവരുടെ മകന്റെ അടുത്ത് കുറച്ചു ദിവസം താമസിക്കുവാൻ വന്നതാണത്രെ. കൃഷ്ണരാജ് കാര്യങ്ങൾ എല്ലാം അറിഞ്ഞില്ലേ. മീനാക്ഷിയുടെ ഏട്ടൻ മരിച്ചു. പറമ്പിലെ കൃഷി നോക്കുവാൻ പോയ ആൾ കുഴഞ്ഞ് വീണ് മരിക്കുകയായിരുന്നു. ജിജ്ഞാസയോടെ മീനാക്ഷി എന്നു ചോദിച്ചു. അവളുടെ കാര്യം വല്യ കഷ്ടമാണ്. ഏട്ടൻ തന്നെ കാണാതെ നിങ്ങൾ താമസിച്ചിരുന്ന സ്ഥലത്ത് വന്ന് അന്വേഷിച്ചപ്പോൾ ആർക്കും ഒന്നും അറിയില്ലായിരുന്നു. ഏഴു വർഷം കഴിഞ്ഞപ്പോൾ അവളെ വിവാഹിത്തിന് നിർബ്ബന്ധിച്ചതാണ്. പക്ഷേ അവൾ നീ വരുന്നതും കാത്തിരിക്കുകയാണ് ഇപ്പോഴും. നാലുകെട്ടിൽ അവൾ തനിച്ചാണ്. രാത്രി അപ്പുറത്തെ നാണി തള്ള വന്ന് കൂട്ട് കിടക്കും. സ്വന്തം നാടും വീടും എന്നൊക്കെ പറഞ്ഞിട്ട് എന്താ കാര്യം. കാലം ഒട്ടും ശരിയല്ലല്ലോ. യൗവ്വനം നശിക്കാത്ത അവൾ എത്ര കാലം ഇങ്ങനെ ഒറ്റയ്ക്ക് ജീവിക്കും. നീ പിണക്കമെല്ലാം മറന്ന് അവളുടെ അടുത്തേയ്ക്ക് പോകണം എന്നു പറഞ്ഞു. അയാൾക്ക് തല മരവിക്കുന്നതു പോലെ തോന്നി. അയാൾ പെട്ടെന്ന് തിരിഞ്ഞ് വീട്ടിലേക്ക് നടന്നു. മനസ്സ് വല്ലാതെ അസ്വസ്ഥമായിക്കൊണ്ടിരുന്നു. മീനാക്ഷിയുടെ യാചനയോടു കൂടിയ കണ്ണുകളാണ് മനസ്സിൽ ഇപ്പോഴും. പാവം അവൾ. അവൾക്ക് ഒറ്റയ്ക്ക് ജീവിക്കുവാനുള്ള സാമർത്ഥ്യമൊന്നുമില്ല. ഓരോന്ന് ആലോചിച്ച് കൊണ്ടിരിക്കുന്നതിനിടയിൽ അരുണ വന്നു. അരുണയോട് കാര്യങ്ങൾ പറഞ്ഞ് ഒരു പാട് വിഷമിച്ചു. അരുണ എന്ത് മറുപടി പറയണമെന്ന് അറിയാതെ കുഴങ്ങി. പിന്നീടുള്ള ദിവസങ്ങളിൽ അയാൾ മീനാക്ഷിയെ പറ്റി മാത്രമാണ് സംസാരിച്ചത്. അയാൾക്ക് ഊണും ഉറക്കവുമില്ലാതായി. ഒരു ദിവസം അരുണ പറഞ്ഞു നമ്മൾ രണ്ടു ദിവസത്തിനുള്ളിൽ ഒരു യാത്ര പോകുകയാണ്. രാജിന് ഒരു മാറ്റം ആവശ്യമാണ്. അയാൾ ഒന്നും പറഞ്ഞില്ല. ബാക്കി രണ്ടു ദിവസവും അവൾ നല്ല തിരക്കിലായിരുന്നു. ഒരു ദിവസം അവൾ പറഞ്ഞു നാളെ നമ്മൾ യാത്ര തിരിക്കുകയാണെന്ന്. അവൾ തന്നെ രണ്ടു പെട്ടികളിലും ഡ്രസുകൾ അടുക്കി വെച്ചു. എങ്ങോട്ടാണ് പോകുന്നത് എന്ന് അവൾ പറഞ്ഞില്ല. കാറ് ബ്രേക്ക് ഇട്ട് നിറുത്തിയപ്പോളാണ് അയാൾ ചിന്തയിൽ നിന്നുണർന്നത്●

## എറണാകുളം കരയോഗം
## ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2017 ഏപ്രിൽ മാസത്തിൽ സംഭാവന നൽകിയവർ

| | |
|---|---|
| 1. ഭദ്രാലയം, മൊണാസ്ട്രി റോഡ്, കൊച്ചി 682 011<br>(പ്രൊഫസർ എം. അച്യുതന്റെ സ്മരണയ്ക്ക്) | 50,000 |
| 2. ശ്രീ. പി. ജയരാമൻ, 4 എ, കട്ടിക്കാരൻ ടവ്വേഴ്സ്, പ്രോവിഡൻസ് റോഡ്<br>കൊച്ചി 682 018 | 8,000 |

# നിറങ്ങൾ

**പി.ബാലഗോപാലൻ**

തൂവെള്ള കടലാസിനു മുമ്പിൽ എന്തെങ്കിലും എഴുതണമെന്നുള്ള ആഗ്രഹത്തോടെ ഒരു പേനയുമായി ഞാൻ ഇരുന്നു. വെള്ളകടലാസിൽ ഞാൻ എന്ത് എഴുതിയാലും അത് കടലാസിന് കളങ്കമുണ്ടാക്കും എന്നു സംശയമില്ല. വെള്ള സാക്ഷാൽ വിദ്യയുടെ പ്രതീകമായ സരസ്വതി ദേവിയുടെ നിറമാണല്ലോ അതുകൊണ്ടാണ് ''വെള്ള പളുങ്കു നിറമൊത്ത വിദഗ്ദ്ധ രൂപി കള്ളം കളഞ്ഞ് കമലത്തിലെഴുന്ന ശക്തി''... എന്നൊക്കെ സരസ്വതിയെ വിശേഷിപ്പിക്കുന്നത്. വെള്ള സ്വാതന്ത്ര്യത്തിന്റെ പ്രതീകവുമാണ്. അപ്പോൾ അതിൽ ഞാൻ എന്തെങ്കിലും കുറിച്ചിട്ടാൽ കടലാസിന്റെ നിറം മാറും. അതോടൊപ്പം സ്വാതന്ത്ര്യവും. എല്ലാ നിറങ്ങളേയും ഒന്നിച്ച് പ്രതിഫലിപ്പിക്കുമ്പോഴാണല്ലോ വെള്ള നിറം. അതിനാൽ എല്ലാ നിറങ്ങളുടേയും ആത്മാവ് വെള്ളയാണ്.

വെള്ള നിറം സത്യത്തിന്റെ പ്രതീകവുമാണ്. സത്യം എന്നാൽ വാക്കും പ്രവൃത്തിയും ഒന്നായാൽ മാത്രം പോരാ. നാം ആലോചിക്കുന്നതിൽ പോലും കള്ളം കയറി വരരുത്. വാക്കും പ്രവൃത്തിയും ഒന്നാകാൻ തന്നെ നാം വളരെ പ്രയത്നിക്കേണ്ടി വരും. അപ്പോൾ പിന്നെ ചിന്തയിൽ പോലും കള്ളം കയറിവരരുത് എന്നു പറയുമ്പോൾ അതിന്റെ കഷ്ടപ്പാട് ആലോചിച്ചാൽ മനസ്സിലാകുമല്ലോ. അങ്ങിനെ മൂന്നു കാര്യങ്ങൾ ഒന്നിച്ചാൽ മാത്രമേ ഒരാൾ സത്യസന്ധനാവുകയുള്ളൂ എന്നു വരുമ്പോൾ സത്യത്തിൻെറ മഹത്വം നമുക്ക് ആലോചിക്കാവുന്നതേയുള്ളൂ. അതാണ് മോഹൻദാസ് ഗാന്ധിയെ, മഹാത്മാഗാന്ധി യാക്കിയതും. വാക്ക്, പ്രവൃത്തി, ചിന്ത ഇവയിൽ ഒരെണ്ണത്തിൽ പോലും സത്യം തൊട്ടു തീണ്ടാത്തവരായി നാം ജീവിച്ചുകൊണ്ടിരിക്കുന്നു കഷ്ടം!

സത്യത്തെപ്പറ്റി പറയുമ്പോൾ ഇവിടെ ഒരു കാര്യം കൂടി സൂചിപ്പിക്കാതിരിക്കാൻ വയ്യ. പാണ്ഡവരുടെ ഗുരുനാഥൻ കുറച്ചു കാലത്തെ വേദപഠനത്തിനു ശേഷം ഓരോരുത്തരും എത്ര വരെ പഠിച്ചു എന്ന് ചോദിച്ചപ്പോൾ ഓരോരുത്തരും ഇത്ര ഇത്ര അദ്ധ്യായം, ഇതുവരെ എന്നെല്ലാം പറയുകയും അവസാനം യുധിഷ്ഠരനോട് ചോദിച്ചപ്പോൾ അദ്ദേഹം മറുപടിയായി 'ഗുരോ ഒരുവാക്ക് പഠിച്ചു കഴിഞ്ഞു, രണ്ടാമത്തേത് തുടങ്ങണം.' ഇതുകേട്ട് ഗുരു കുപിതനായി 'ഇത്ര നാൾ കൊണ്ട് ഒരുവാക്കോ'? എന്നു ചോദിച്ചപ്പോൾ യുധിഷ്ഠിരൻ പറഞ്ഞു 'സത്യം വദ' പഠിച്ചു കഴിഞ്ഞു. ഇനി 'മത് ക്രുധ' പഠിക്കണം. ഭയഭക്തി ബഹുമാനത്തോടെയുള്ള യുധിഷ്ഠരന്റെ വാക്കുകൾ മറ്റു ശിഷ്യൻമാരിൽ നിന്നും യുധിഷ്ഠരൻ വേറിട്ടു നിൽക്കുന്നു എന്ന് ഗുരുവിന് മനസ്സിലായി. സത്യത്തിന്റെ പ്രയോഗത്തിലുള്ള വിഷമത നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. വാക്കുകളുടെ സാമാന്യ അർത്ഥമല്ല മറിച്ച് അതിന്റെ കാതലിലേക്ക് ഇറങ്ങിച്ചെന്ന് ധ്യാനിച്ച് മനസ്സിലാക്കുമ്പോൾ മാത്രമേ ഒരു വാക്ക് നമ്മുടെ ഉള്ളിൽ അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ പതിക്കുകയുള്ളൂ. അതുകൊണ്ടാണ് എല്ലാ അർത്ഥത്തിലും അക്ഷരത്തെ ബ്രഹ്മമായി കാണുന്നത്. യുധിഷ്ഠരൻ ചെയ്തത് അതാണ്. സത്യമെന്ന വാക്കിന്റെ അർത്ഥതലങ്ങളിലേക്ക് ആഴത്തിൽ ഊളിയിട്ടിറങ്ങിച്ചെന്ന് അതിന്റെ എല്ലാ അണുവിനേയും അപഗ്രഥിക്കാൻ ശ്രമിക്കുമ്പോൾ തന്നെ അത് ജ്ഞാനയോഗത്തിലൂടെ സഞ്ചരിക്കുന്ന ഒരു യോഗിയുടെ ചര്യയായി മാറുന്നു.

എന്നു വെച്ച് വെള്ളയെ കളങ്കപ്പെടുത്താതിരുന്നാൽ ഭൂമിയിൽ സാഹിത്യരചനകളില്ല. കവിതകളില്ല ചിത്രരചനകളില്ല... അങ്ങിനെ പോകുന്നു. പൗർണ്ണമി നാളിൽ ചന്ദ്രനെ നോക്കുമ്പോൾ അതിലെ കളങ്കമല്ലേ കൂടുതൽ സൗന്ദര്യപൂർണ്ണമാക്കുന്നത്. സൂര്യകിരണങ്ങൾ പ്രതിഫലിപ്പിക്കാത്ത കുളങ്ങളും, കുന്നുകളും, മലകളുമാകാം ഒരു പക്ഷേ നമുക്ക് മുയലായും മറ്റും തോന്നിക്കുന്ന കലകൾ. ഈ കലകൾ ഇല്ലാത്ത ചന്ദ്രന് എന്തു ഭംഗി? കളങ്കിതരായ മനുഷ്യ വർഗ്ഗത്തിന്റെ ഒരു തോന്നൽ മാത്രമാകാം ഇത് എന്നും വരാം. ഈ വക ന്യായങ്ങൾ ഓർത്ത് വെള്ള കടലാസിന് എന്നാൽ കഴിയുന്ന തരത്തിൽ കളങ്കപ്പെടുത്താൻ തന്നെ ഞാൻ തീരുമാനിച്ചു.

ഇനി മഷിയുടെ കാര്യത്തിലാണ് തർക്കം. നീലമഷിയായാലോ? നീല അനന്തതയുടെ പ്രതീകമാണ്. ആകാശം നോക്കിയാൽ നീലയാണല്ലോ എന്നാൽ ആ നീല നിറം ഒന്ന് അടുത്ത് ചെന്ന് ആസ്വദിക്കാം എന്നാണെങ്കിൽ സാധ്യമല്ലതാനും. എത്രചെന്നാലും അടുത്തറിയാൻ പറ്റാത്ത, ദൂരം കൂടി വരുന്നതല്ലാതെ കുറയുന്നത് കാണുന്നില്ല. അതുപോലെ സമുദ്രത്തിന്റെ കാര്യമായാലും അതുതന്നെ പ്രത്യേക നിറമില്ലാത്ത ജലം കൈക്കുമ്പിളിൽ നിന്ന് സമുദ്രത്തിലേക്കൊഴിച്ചാൽ നീല നിറമായ് മാറുന്ന

ത് കാണാം. വിശ്വം മുഴുവൻ നിറഞ്ഞു നിൽക്കുന്ന മഹാവിഷ്ണുവിനും നീലനിറം സങ്കല്പിക്കാൻ കാരണമായതും അനന്തതയുടെ പര്യായമായതിനാലാകാം എന്നും അനുമാനിക്കേണ്ടിയിരിക്കുന്നു .

വിശ്വത്തിൽ എല്ലാ നല്ല വസ്തുവിനും, പ്രവർത്തികൾക്കും, ചിന്തകൾക്കും ഒരു വിപരീതമുണ്ട്. അതുകൊണ്ട് നല്ലത് എന്ന് സങ്കല്പിക്കുന്ന ഓരോന്നിന്റേയും ഒരു നാണയത്തിന്റെ മറുവശം പോലെ ചീത്തയും നിറഞ്ഞ നിൽക്കുന്നു അനന്തമായി! അതുകൊണ്ടാണ് പാലാഴി കടഞ്ഞപ്പോൾ കാളകൂട വിഷം ഉണ്ടായതും. അനന്തമായ ദുഷ്പ്രവണതകളുടെ പ്രതീകമായ അതിനെ സാക്ഷാൽ പരമശിവന് കണ്ഠത്തിൽ തടഞ്ഞു നിർത്തേണ്ടി വന്നത്. അതിന്റെ നിറവും നീല തന്നെ എന്നോർക്കണം. കൂടാതെ ഭൂമിയെ മറ്റു ഗ്രഹങ്ങളിൽ നിന്നു നോക്കിയാൽ കാണുന്നതും നീല നിറത്തിൽ! മൊത്തത്തിൽ നോക്കിയാൽ അനന്തതയുടെ നിറമായി നീലയെ കാണേണ്ടി വരും. കൂടാതെ നീലയെ അശ്ലീലതയുടെ പര്യായമായും മനുഷ്യൻ കൂട്ടുപിടിച്ചിട്ടുണ്ട്. അത് എങ്ങനെ വന്നു എന്ന് തൽക്കാലം മെനക്കെടാൻ ഉദ്ദേശമില്ലാത്തതുകൊണ്ടും മുൻപറഞ്ഞ കാര്യങ്ങളുടെ അടുത്തെങ്ങും ഞാൻ ഇല്ലാത്തതിനാലും നീല മഷിയെ ഞാൻ തിരസ്കരിക്കുന്നു.

ഇനി പച്ചയെ പറ്റി ആലോചിക്കാം. ഭൂമിക്ക് നീലനിറമാണെങ്കിൽ തന്നെ ഭൂമിയിലുള്ള മനുഷ്യർക്ക് അതിന്റെ നിറം പച്ചയായാണ് അനുഭവപ്പെടുന്നത്. (മനുഷ്യർ കഴിവതും വെട്ടിനിരത്തിക്കൊണ്ടിരിക്കുകയാണെങ്കിൽ പോലും) ഒരു പക്ഷേ മറ്റ് അന്യഗ്രഹജീവികൾ ഇവിടുത്തെ സസ്യസമ്പത്തുകൾകണ്ട് ഭൂമിയിൽ താവളമടിക്കാതിരിക്കാൻ ഭഗവാന്റെ ലീലയായിരിക്കാം പച്ചയ്ക്ക് പകരം നീല തോന്നിക്കൽ. കൂടാതെ ഗവമെന്റ്ഓഫീസർമാർ ഉപയോഗിക്കുന്ന പച്ച മഷി ഞാൻ എഴുതാൻ ഉപയോഗിച്ചാൽ സർക്കാർ ഓഫീസിൽ കയറി ഇറങ്ങി മടുത്ത (മടുക്കാത്തവരായി ആരുംതന്നെയില്ലല്ലോ) കൂട്ടർ ആരും കാണാതെ കീറിക്കളഞ്ഞുപോയാലൊ എന്നു ഒരു ശങ്ക ഉള്ളതിനാലും ജീവിതത്തിൽ ഒരു പുല്ലു പോലും നട്ടു നനച്ചു വളർത്തിയ ചരിത്രം ഇല്ലാത്തതിനാലും പച്ച മഷിയേയും ഉപേക്ഷിക്കാൻ നിർബന്ധിതനായി.

കറുപ്പിനെപ്പറ്റിയുള്ള ചില ചിന്തകളും കൂടി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു. അവൻ അറിവില്ലായ്മയുടെ തൽസ്വരൂപമാണ്. ഇരുട്ടിന്റെ കൂടപ്പിറപ്പാണ്, ദുഃഖത്തിന്റെ കൂട്ടുകാരനാണ്, ഗ്രഹണസമയം അവന്റെ താണ്ഡവമാണ്, എന്നൊക്കെ നമുക്ക് പറയാം. പക്ഷെ ചില നല്ല ഗുണങ്ങൾ അവനുമില്ലേ? മനുഷ്യനു വേണ്ട ഉറക്കം നന്നാവാൻ ഇരുട്ട് (കറുപ്പ്) തന്നെയല്ലേ ഏറ്റവും അത്യാവശ്യം. കൂടാതെ സ്ത്രീകൾ (കഷണ്ടിയില്ലാത്ത പുരുഷൻമാരും) കറുത്ത കേശം സംരക്ഷിക്കാൻ പെടുന്ന പാട് ചിന്തിച്ചു നോക്കൂ . കുട്ടികൾക്ക് കണ്ണുകിട്ടാതിരിക്കാൻ കവിളിൽ കുത്തുന്നത് വെളുപ്പും,നീലയും,പച്ചയും ഒന്നുമല്ല എന്ന് ഓർക്കണം. കണ്ണിലെ അഴകിന് കൺമഷി ഉപയോഗിച്ച് ചമഞ്ഞു നടക്കാൻ കറുപ്പ് വേണ്ടേ?ഇതൊക്കെയാണെങ്കിലും വെളുപ്പിന്റെ വിപരീതം ചോദിച്ചാൽ കറുപ്പ് എന്നായതുകൊണ്ട് വെളുപ്പിന് കാണുന്ന നൻമയുടെ അത്രയും ദോഷം കറുപ്പിന് കാണേണ്ടി വരും. വെളുപ്പും കറുപ്പും ഒരു നാണയത്തിന്റെ..... ഉദാഹരിക്കാൻ വേറെ ഒന്നും ഇല്ലേ എന്ന് വായനക്കാർ ആലോചിക്കുന്നുണ്ടെന്ന് എനിക്ക് മനസ്സിലാകുന്നുണ്ട്. എന്നാലും പണത്തോടുള്ള ഭ്രമം മനുഷ്യസഹജമായതിനാൽ നാണയഉദാഹരണമാണ് മനസ്സിൽ ആദ്യമായി വരുന്നത്. ഉദാഹരണം പറയാൻ അറിയാഞ്ഞിട്ടല്ല , ചിലതു കേട്ടോളൂ കൈയ്യിന്റെ അകവും പുറവും, തലയുടെ മുൻവശവും പുറകുവശവും, ഇലയുടെ മുകൾ വശവും അടിവശവും, ദോശയുടെ മൊരിഞ്ഞ വശവും മറ്റേ വശവും.... ഇനി എത്രവേണമെങ്കിലും എഴുതി എന്റെ കഴിവ് കാണിച്ച് തരാം.എല്ലാ നിറങ്ങളേയും തന്നിലേക്ക് വലിച്ചെടുത്ത്, ഒരർത്ഥത്തിൽ പറഞ്ഞാൽ തമോഗർത്തങ്ങളുടെ പ്രവൃത്തിയാണ് കറുപ്പ് ചെയ്യുന്നത്. ഇപ്രകാരമുള്ള ദോഷവശങ്ങളെ മാനിച്ച് കറുത്ത മഷികൊണ്ടുള്ള വിളയാട്ടം തൽക്കാലം വേണ്ടന്ന് വയ്ക്കുന്നു.

അപ്പോഴാണ് വിപ്ലവ പ്രസ്ഥാനത്തിന്റെ നെടും തൂണായ ചുവപ്പിനെ പറ്റി ആലോചിച്ചത്. ചുവപ്പ് കൊലയുടെ പര്യായമായി മനുഷ്യൻ കാണുന്നു. ഒരർത്ഥത്തിൽ എനിക്ക് ചേർന്ന നിറം അതു തന്നെ. നാണ...പേടിക്ക നാണയത്തിന്റെ ഉദാഹരണത്തിന് പോയതല്ല നാണമില്ലാത്തവന് ഏത് നിറമായാലെന്ത് എന്ന് പറയാൻ പോയതാണേ. എഴുതിയത് വായിപ്പിച്ചു കൊല്ലാൻ ഒരുവനെ പ്രാപ്തനാക്കുന്നവൻ എന്ന നിലയിൽ എന്താ, എനിക്കു ചേരുന്നില്ലേ? ചുവപ്പിന്റെ മേലുള്ള ഈ ആരോപണം എന്റെ അഭിപ്രായത്തിൽ വെറും മനുഷ്യനിർമ്മിതം മാത്രമാണ്. മരണഭയം കൊണ്ടാണ് ചുവപ്പിനെ നാം പേടിക്കുന്നതും വില്ലനാക്കുന്നതും. ആലോചിച്ചാൽ മനുഷ്യന്റെ ഉള്ളിൽ സദാ ഓടിക്കൊണ്ടിരിക്കുന്ന രക്തം അഥവാ രക്തനിറം എത്ര നല്ലതാണ്. അതു പുറത്തുവരുമ്പോൾ മാത്രമാണ് ഭയപ്പെടാനുള്ളത്. അതിന് ഉപകാരങ്ങളും, ഉപദ്രവങ്ങളും നമുക്ക് ഉണ്ടാക്കിയെടുക്കാം.രക്തദാനപ്രക്രിയ ഒന്ന് ആലോചിച്ച് നോക്കൂ? എത്ര ജീവനാണ് നാം സംരക്ഷിക്കുന്നത്?. എന്നാൽ ദേഹത്ത് കത്തി കയറ്റി കൊല്ലാനാണെങ്കിൽ അതേ

രക്തം ഭയാനകമാകും. രണ്ടും മനുഷ്യ നിർമ്മിതം. ഉദയസൂര്യനേയും അസ്തമയസൂര്യനേയും ഒന്നു സങ്കൽപ്പിക്കൂ. അവിടെ ഭയം തൊട്ടുതീണ്ടാറില്ല എന്നു മാത്രമല്ല സന്തോഷവും ആശ്ചര്യവും, ആഹ്ലാദവും പ്രദാനം ചെയ്യുന്നു. ആളിക്കത്തുന്ന തീ സന്ദർഭത്തിനനുസരിച്ച് നല്ലതും ചീത്തയുമായി തരം തിരിക്കാവുന്നതേയുള്ളൂ. രുചിയോടെ ഭക്ഷണം അകത്താക്കാൻ തീയില്ലാതെ കഴിയില്ലല്ലോ. തീയിന് നീലനിറമാണ്, മഞ്ഞനിറമാണ്, ചുവപ്പു നിറമാണ് എന്നെല്ലാം നമുക്ക് തർക്കിക്കാം. പക്ഷേ തീ ചുവപ്പ് തന്നെ (കനൽകട്ട പോലെ) അതല്ലേ സത്യം . റോസാപ്പൂക്കൾ പലനിറത്തിൽ ഉണ്ടെങ്കിലും ചുവന്ന റോസാപ്പൂ തന്നെ രാജൻ (ഭിന്നതയ്ക്ക് വേണമെങ്കിൽ മഞ്ഞ, നീല... എന്നിവ നല്ലതെന്നു തോന്നുമെങ്കിലും) ഉള്ളിലോടുന്ന ചോരയും ഉള്ളിൽ നിന്നു വരുന്ന ചിന്തകളും ചേരുമെന്നുള്ളതുകൊണ്ടും നല്ലതും ചീത്തയും ഇടകലർന്ന സ്വഭാവക്കാരനും ആയതിനാൽ ചുവന്ന മഷികൊണ്ടു തന്നെ എഴുതാനും അത് വായിച്ച് വായനക്കാരായ നിങ്ങളെ നിർജ്ജീവമാക്കാനും ഞാൻ ഇതിനാൽ തീരുമാനിച്ചിരിക്കുന്നു. ഒരു കാര്യം കൂടി. സമ്മിശ്ര സ്വഭാവക്കാരനായ ചുവപ്പിനെ ഉപയോഗിച്ച് എന്തെഴുതും എന്നാണെങ്കിൽ മുൻവിവരിച്ച ഗുണദോഷങ്ങൾ വച്ചു നോക്കുമ്പോൾ എന്നെപറ്റി തന്നെ എഴുതി അതു വായിപ്പിച്ച് നിങ്ങളെ കൊല്ലാക്കൊല ചെയ്യാനും ഞാൻ തീരുമാനിച്ചു.

എന്നെപ്പറ്റി എഴുതാനും കാരണങ്ങൾ ഉണ്ട്. ഓരോ മനുഷ്യർക്കും അവരവരെപ്പറ്റിയുള്ള അറിവിന്റെ എത്രയോ ഒരംശമാണ് മറ്റുള്ളവരെപ്പറ്റിയോ മറ്റു കാര്യങ്ങളെപ്പറ്റിയോ ഉള്ള അറിവ്. ഓരോരുത്തരും ഓരോ ദിവസവും സൂക്ഷിക്കുന്ന രഹസ്യങ്ങളുടെ ഭണ്ഡാരം (സ്വന്തം ഭാര്യയോടൊ, ഭർത്താവിനോടൊ ,മക്കളോടോ, അച്ഛനമ്മമാരോടോ പറയാത്ത) എത്രയാണെന്നു പറഞ്ഞാൽ ഒരു ദിവസം ഒരു നോവൽ എഴുതാവുന്നത്ര വരും. അതായത് നമ്മൾ നേടുന്ന അറിവിന്റെ പതിന്മടങ്ങ് നാം രഹസ്യമായി സൂക്ഷിച്ച് വയ്ക്കാൻ തലച്ചോറിനെ ഉപയോഗിക്കുന്നുണ്ടാകുമെന്നു സാരം. മറ്റുള്ളവരെ പറ്റി കുറ്റങ്ങളും കുറവുകളും പറഞ്ഞു നടക്കാൻ നമുക്ക് ധാരാളം നാവുകളും പേനകളും ഉണ്ടാകും. എന്നാൽ സ്വന്തം കുറ്റങ്ങളും കുറവുകളും സൂക്ഷിച്ചു ഭദ്രമാക്കി വയ്ക്കാൻ നാം നമ്മുടെ തലയെ മാത്രം ശരണം പ്രാപിക്കുന്നു. ഇതിനുവേണ്ടി മാത്രം ഉപയോഗിക്കുന്ന തലച്ചോറ് അല്ലെങ്കിൽ ഊർജ്ജം നാം ആകെ ഉപയോഗിക്കുന്ന ഊർജ്ജത്തിന്റെ 80% വരും എന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞത് ഇവിടെ ഓർക്കുന്നു. ഈ ഊർജ്ജം കൂടി ഒരു തുറന്ന പുസ്തകം പോലെ നാം മറ്റുള്ളവർക്കായി സമർപ്പിച്ചാൽ എത്ര നല്ല കാര്യങ്ങൾ നമുക്ക് ചെയ്യാനാകും. എത്ര ഊർജ്ജം നമുക്ക് സമ്പാദിക്കാനാകും. എത്ര ഉറക്കം നമുക്ക് നഷ്ടമാകാതിരിക്കും എന്ന് ആലോചിക്കുക. ഒളിച്ചു വയ്ക്കാൻ ഒന്നുമില്ലാതെ വന്നാൽ നാം നല്ലതു മാത്രമേ പ്രവർത്തിക്കൂ എന്ന ഒരു രഹസ്യം കൂടി ഇതിലുണ്ട്.

ഒരിക്കൽ സ്ക്കൂളിൽ പഠിപ്പിച്ചിരുന്ന ഒരു അദ്ധ്യാപകനെ വഴിയിൽ വച്ച് കാണാൻ ഇടയായി. കുശലാന്വേഷണങ്ങൾക്കു ശേഷം ഗുരുനാഥൻ പോക്കറ്റിൽ നിന്നൊരു തീപ്പെട്ടിയെടുത്ത് സ്റ്റിക്കറില്ലാത്ത ഭാഗം ചൂണ്ടിക്കാണിച്ചിട്ട് പറഞ്ഞു. താൻ ഇത്രയും കാലം ചെയ്ത കാര്യങ്ങൾ മുഴുവൻ ഈ തീപ്പെട്ടിയുടെ പുറകിൽ എഴുതി കാണിക്കൂ. നല്ല കാര്യങ്ങൾ എന്ന് ഗുരു ഉദ്ദേശിച്ചത് സ്വാർത്ഥതാൽപര്യമില്ലാതെ ചെയ്തത് എന്നാണ്. അത് എഴുതാൻ തീപ്പെട്ടി തന്നെ അധികമായിരിക്കും എന്ന് ഗുരുവിന് നന്നായി അറിയാമായിരുന്നു. ഇനിയെങ്കിലും ശിഷ്യന് എന്തെങ്കിലും മാറ്റമുണ്ടാവുമെങ്കിൽ ആയിക്കോട്ടെ എന്നാകും ഗുരു ഉദ്ദേശിച്ചത്. ലോകത്തിന്റെ പോക്ക് ഇതാണ്. ഇതിന് വിപരീതമായി വിരലിൽ എണ്ണാവുന്നവർ തീർച്ചയായും ഉണ്ടാകും. പൊതുവായി പറഞ്ഞു എന്നുമാത്രം. നിറങ്ങളുമായി ഈ പറഞ്ഞതിന് എന്തു ബന്ധം എന്നാണെങ്കിൽ 'തനിനിറം' എന്നാവും ഉത്തരം●


# IN FOND MEMORY

**ധർമ്മ ദൈവ മൂർത്തികൾ ശരണം**



**Dr. C.P. NANDAKUMARAN. M.S., M.Ch.**

(WHO LEFT FOR HEAVENLY ABODE ON: 17.04.2017)

'MANASASAROVAR', PAYYAPPILLIL
OLD THEVARA ROAD, PALLIMUKKU
ERNAKULAM-682 016

SANKAR, JISHA SANKAR
&
BEREAVED FAMILY MEMBERS

# പാതഞ്ജല യോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി (ഫോൺ: 94470 77203)

പതഞ്ജലി മുനിയുടെ യോഗദർശനം ഭാരതീയ മനശ്ശാസ്ത്രമാണ്. മനസ്സിന്റെ പ്രവർത്തനങ്ങളിലേക്കുള്ള ആഴ്ന്നിറക്കമാണ്. അതിലൂടെയാണ് മാനവരാശിയുടെ മോചനം. അദ്ദേഹത്തിന്റെ യോഗസൂത്രങ്ങളിലെ നാലു സൂത്രങ്ങളിലൂടെ നാം കടന്നു പോയി. അതിൽ മനസ്സിന്റെ ചലനങ്ങളെപ്പറ്റി ചിത്തവൃത്തികളെപ്പറ്റിയാണ് പറഞ്ഞത്. അവയെ നിരോധിച്ചാലുള്ള ഗുണങ്ങളും നിരോധിക്കാതിരുന്നാലുള്ള ദോഷവും നാം കണ്ടു. ഇതു സൂക്ഷിച്ചു നോക്കിയാൽ നാം നിത്യജീവിതത്തിൽ, ഈ നിമിഷത്തിലും അനുഭവിക്കുന്ന വിഷയങ്ങളാണ്.

മനസ്സിലൂടെ അനേകം ചിന്തകൾ എപ്പോഴും കടന്നു പോയിക്കൊണ്ടിരിക്കുന്നു. ചിലത് ആവർത്തിച്ചും വരും അതിനെയാണ് നാം 'ടെൻഷൻ' എന്ന ഓമനപ്പേരിൽ വിളിക്കുന്നത്. ചിന്തകളില്ലാതെ നമുക്ക് ഉണർന്നിരിക്കാൻ സാധ്യമല്ല. നാം ആഗ്രഹിച്ചാലും ഇല്ലെങ്കിലും അവ കടന്നുവരും. ഇവയൊക്കെ സംസ്കൃതത്തിൽ 'വൃത്തികൾ' എന്നാണറിയപ്പെടുന്നത്. ഇവയെ നിറുത്തണമെന്നാണ് പറയുന്നത്. അതുകൊണ്ടാണ് ഇവയേതാണെന്നും ഇവയുടെ സ്വാഭാവമെന്താണെന്നും അറിയാതെ വയ്യ.

വൃത്തയഃ പഞ്ചതയ്യഃ ക്ലിഷ്ടാ ക്ലിഷ്ടാഃ എന്നാണ് അഞ്ചാമത്തെ സൂത്രം വൃത്തികൾ അഞ്ചെണ്ണമാണ്, അഞ്ചുതരത്തിലാണ്, അവ തന്നെ ക്ലിഷ്ടമെന്നും അക്ലിഷ്ടമെന്നും തിരിച്ചിട്ടുണ്ട്. എല്ലാം വൃത്തികളെയും അതായത് മനസ്സിന്റെ മാറ്റങ്ങളെ അഞ്ചു ഗ്രൂപ്പിൽ പെടുത്താം . അവ അടുത്ത സൂത്രങ്ങളിൽ വിസ്തരിക്കുന്നുണ്ട്.

മനസ്സ് പ്രകൃതിയുമായി ബന്ധപ്പെട്ടതാണ് സാങ്കേതികമായി പറഞ്ഞാൽ പ്രകൃതി ജന്യമാണ് അതുകൊണ്ട് തന്നെ അതിനെ മൂന്നു ഗുണങ്ങൾ ബാധിക്കുകയും ചെയ്യും സത്വം, രജസ്സ്, തമസ്സ് എന്നീ ഗുണങ്ങൾ. തമസ്സ് എന്നാൽ മടി, ഉറക്കം, മയക്കം,അലസത, എന്നിങ്ങനെയുള്ള ഭാവങ്ങളാണ്, സ്വസ്ഥതയില്ലായ്മ , ഇളക്കപ്രവൃത്തി മുതലായവ, രജസ്സ് . സ്വസ്ഥത, ഉണർവ്, ശാന്തത മുതലായതൊക്കെ സാത്വികം. മനസ്സിനെ തമസ്സിലേക്കും രജസ്സിലേക്കും തള്ളിവിടുന്നതൊക്കെ ക്ലിഷ്ടമായ വൃത്തികളാണ് സാത്വികമായ വൃത്തികൾ അക്ലിഷ്ടവും.

ക്ലിഷ്ടമെന്നാൽ ക്ലേശമുണ്ടാക്കുന്നതെന്നർഥമാണ്. അക്ലിഷ്ടമെന്നാൽ മറിച്ചും. അക്ലിഷ്ടമെന്നാൽ നന്മ തരുന്നത് എന്നുകൂടി അർത്ഥമെടുക്കണം എന്തെല്ലാമാണ് ക്ലേശങ്ങളെന്ന് പതഞ്ജലി തന്നെ വിസ്തരിക്കുന്നുണ്ട്. സുഖത്തിന്റെയും ദുഃഖത്തിന്റെ വലയത്തിൽ പെടുത്തുന്നതാണ് ക്ലേശം.

രാഗദ്വേഷാദി ക്ലേശാനാം ഹേതവഃ ക്ലിഷ്ടഃ രാഗം ദ്വേഷം മുതലായവ ക്ലേശത്തിനു കാരണമാകുന്നവയാണ് ക്ലിഷ്ടങ്ങൾ. അവയിൽ നിന്നും രക്ഷപ്പെടുത്തുന്നവ അക്ലിഷ്ടങ്ങളും.

വൃത്തികളെ നിരോധിക്കണമെന്ന് ആദ്യമേ പറഞ്ഞിട്ടുണ്ട്. അപ്പോൾ ചിത്തവൃത്തികളെയും (ക്ലിഷ്ടം) നല്ല വൃത്തികളെയും (അക്ലിഷ്ടം) നിരോധിക്കണമെന്നു വരുന്നു. ഇതിനു കാരണമെന്തെന്നാൽ വൃത്തികൾ നമ്മുടെയുള്ളിൽ ചില അടയാളങ്ങൾ ഉണ്ടാക്കുന്നു എന്നാണ്. ഈ അടയാളങ്ങളെയാണ് സംസ്കാരമെന്ന് പറയുന്നത്. ഇവിടെ സംസ്കാരമെന്നത് ഒരു സാങ്കേതിക പദമാണ്. സംസ്കാരം നല്ലതും ചീത്തയുമാവാം. ഈ സംസ്കാരം അതായത് അടയാളമാണ് പിന്നീട് വൃത്തിയാവുന്നതും ഇതൊരു ചക്രമാണ്. തുടർന്ന് കൊണ്ടിരിക്കും.

ഇവയിൽ ക്ലിഷ്ടമായ, ദോഷകരമായ വൃത്തികളെ അക്ലിഷ്ടമായ ഗുണകരമായ വൃത്തികളെക്കൊണ്ട് നിരോധിക്കണം. എന്നാൽ ആ ക്ലിഷ്ട വൃത്തികളെയോ അതിനെ കളയാൻ തോന്നില്ല. വൈരാഗ്യമാണ് അവയെ കളയാനുള്ള വഴി.

ഒരു ഉദാഹരണം നോക്കാം- ഉദാഹരണങ്ങളൊന്നും പൂർണ്ണമല്ലെന്നറിഞ്ഞുകൊണ്ട് തന്നെ ഒരു ചെറുപ്പക്കാരൻ ഒരു വിജനമായ വഴിയിലൂടെ നടന്നു പോവുകയാണ്. ചുറ്റും മരങ്ങളുണ്ട് അതിൽ പൂക്കളുണ്ട് അതിൽ പൂമ്പാറ്റകൾ തത്തിക്കളിക്കുന്നുണ്ട്. പക്ഷികൾ പറക്കുന്നുണ്ട്. അതിലൂടെ ഒരു സുന്ദരിയായ ചെറുപ്പക്കാരി നടന്നു വരുന്നു.അവന്റെ ശ്രദ്ധ അവളിൽ പതിയുന്നു അവൾ കടന്നുപോയിട്ടും അവനിൽ ചില സ്വപ്നങ്ങൾ നിലനിറുത്താൻ

തക്കവണ്ണം സുന്ദരിയാണെന്നുവെക്കുക യാത്ര മുന്നോട്ടുപോകുമ്പോൾ മുന്നിൽ കടന്നു വരുന്നത് 80 കഴിഞ്ഞ രോഗിയായ ഒരു വൃദ്ധ; നടന്നത് ഊന്നുവടിയുടെ സഹായത്തോടെ. കൈ യാചനാഭാവത്തിൽ നീട്ടിയിട്ടുണ്ട്. ഈ കാഴ്ചയും അവനിൽ പല ചിത്തവൃത്തികൾ ഉണ്ടാക്കുന്നുണ്ട്. അവർക്ക് ചില തുട്ടുകൾ ഇട്ടുകൊടുത്തുകൊണ്ട് അവൻ മുന്നോട്ട് പോകുന്നു കഥ അവിടെ നിൽക്കട്ടെ.

ആദ്യത്തെ സുന്ദരമായ ആരണ്യക കാഴ്ചകൾ അവന്റെ മനസ്സിൽ പ്രത്യേക ചലനങ്ങൾ (വൃത്തികൾ) സൃഷ്ടിച്ചില്ല. അവനെ സ്പർശിക്കാതെ അവ കടന്നു പോയി. ആ കാഴ്ചകൾ ക്ലിഷ്ടവുമല്ല അക്ലിഷ്ടവുമല്ല ചിത്തവൃത്തികളേ ഉണ്ടാക്കിയില്ല സുന്ദരിയായ പെൺകുട്ടി അവനിൽ രാഗമുണ്ടാക്കി മനസ്സിൽ വൃത്തിയുണ്ടാക്കി. അത് മനസ്സിൽ ഒരു സംസ്കാരവും കോറിയിട്ടു. അടുത്ത കാഴ്ച വൃദ്ധസ്ത്രീ അവനിൽ ചിത്തവൃത്തിയുണ്ടാക്കി. അത് ജിവിതത്തിന്റെ നേർക്കാഴ്ചയാണ് പരിണാമം കൊണ്ട് സ്ത്രീ സൗന്ദര്യത്തിലുണ്ടായ മാറ്റം ഇത് രാഗദ്വേഷങ്ങളല്ല, വിവേകമാണ്, തിരിച്ചറിവാണുണ്ടാകുന്നത്. വൈരാഗ്യം അതായത് രാഗമില്ലാത്ത അവസ്ഥയാണുണ്ടാക്കിയത്. ചിത്തവൃത്തി തന്നെ പക്ഷെ അക്ലിഷ്ടമാണ്.

ഇവയൊക്കെ ഒരോ സംസ്കാരങ്ങളായി ഉള്ളിൽ കിടക്കും. പിന്നീട് സന്ദർഭം വരുമ്പോൾ വൃത്തികളാവുകയും ചെയ്യും. ഇപ്പോൾ ഉണ്ടായിട്ടുള്ള വൃത്തിയിലും മുമ്പു ഇത്തരം അനുഭവങ്ങളിൽ നിന്നാർജ്ജിച്ച സംസ്കാരത്തിന്റെ മുളപൊട്ടിയിട്ടുണ്ടാകാം.

ഇത്തരത്തിൽ മനസ്സിലൂടെ നിരന്തരം കടന്നുപോകുന്ന വൃത്തികളെ, ചലനങ്ങളെ,പതഞ്ജലിമുനി അഞ്ച് വിഭാഗങ്ങളായി തിരിച്ചു. പഠനസൗകര്യത്തിനായി 'പ്രമാണവിപര്യയ വികല്പനിദ്രാസ്മൃതയ'. എന്നിങ്ങനെ പ്രമാണം,, വിപര്യയം,വികല്പം,നിദ്ര, സ്മൃതി എന്നി അഞ്ചെണ്ണം. ആറാമത്തെ സൂത്രമായി ഇത് കൊടുത്തിട്ടുണ്ട്. ഇതിന്റെ ഒരോന്നിന്റെയും വിവരണങ്ങളാണ് അടുത്ത അഞ്ചുസൂത്രങ്ങൾ, ക്രമത്തിൽ കാണാം●

## എറണാകുളം കരയോഗവും മാതൃഭൂമിയും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രൊഫഷണൽ ഗൈഡൻസ് സെമിനാർ 2017

എറണാകുളം കരയോഗത്തിന്റേയും മാതൃഭൂമിയുടേയും സംയുക്താഭിമുഖ്യത്തിൽ പ്രൊഫഷണൽ ഗൈഡൻസ് സെമിനാർ 2017 ജൂൺ 2 ന് 9.30 മുതൽ ടി.ഡി.എം.ഹാളിൽ നടത്തപ്പെടുന്നു. ഓൾ ഇന്ത്യാ എഞ്ചിനിയറിംഗ്, മെഡിക്കൽ എൻട്രൻസ്, കേരള എൻട്രൻസ്, കുസാറ്റ് എൻട്രൻസ്, എന്നിവയ്ക്കു പുറമേ എഞ്ചിനിയറിംഗ് ബ്രാഞ്ച് തിരഞ്ഞെടുക്കൽ, തൊഴിൽ സാധ്യതകൾ എന്നിവയെ സംബന്ധിച്ച് വിദഗ്ദ്ധർ ക്ലാസ്സെടുക്കുന്നു. രജിസ്ട്രേഷൻ രാവിലെ 8.30 മണിക്ക് ആരംഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും മുൻകൂട്ടിയുള്ള രജിസ്ട്രേഷനും ബന്ധപ്പെടുക.

മാതൃഭൂമി, കൊച്ചി : 9495536088

# അറിയിപ്പ്

## എറണാകുളം കരയോഗം 92-ാം വാർഷിക പൊതുയോഗം

**എറണാകുളം കരയോഗത്തിന്റെ 92-ാമതു വാർഷിക പൊതുയോഗം കരയോഗം നിയമാവലി 35 (ii), (iii), (iv), (v), 36 (i) എന്നീ വകുപ്പുകൾ പ്രകാരം 2017 ജൂൺ 25-ാം തീയതി (ഞായറാഴ്ച) രാവിലെ 10 മണിക്ക് ടി.ഡി.എം. ഹാളിൽ വെച്ച് നടത്തപ്പെടുന്നു.**

**കരയോഗത്തിലേയ്ക്ക് നിയമാവലി പ്രകാരം ജീവകാരുണ്യസ്ഥിരം ഫണ്ട് ഉൾപ്പടെ ഏതെങ്കിലും ഇനത്തിൽ കുടിശ്ശികകൾ വരുത്തിയിട്ടുള്ളവർ അവ യഥാസമയം അടയ്ക്കുവാൻ അഭ്യർത്ഥിക്കുന്നു.**

**ജനറൽ സെക്രട്ടറി**

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ (ഫോൺ: 98959 81809)

## ശ്ലോകം 3

ലോകാന്തേ തവ മായതന്നെയുപസംഹൃത്യ
സ്വയംഭോ ഭവാൻ
ആകാരാദി വിഹീനനായമൃതമായ് മേവുന്നു
സച്ചിന്മയൻ
ഹേ കാലാത്മക കാലകർമ്മഗുണനിർഭിന്നൻ
ഭവാനെന്തിനോ
ശ്രീകണ്ഠാദിപിപീലികാന്തമഖിലം സൃഷ്ടിപ്പു
വീണ്ടും ഹരേ

## പദാർത്ഥം

ലോക= ഏഴു ലോകങ്ങളും ഒപ്പം ഏഴു തലങ്ങളും
ലോകാന്തേ = ലോകത്തിന്റെ അവസാനത്തിൽ പ്രളയകാലത്ത്
തവ മായ തന്നെ = അവിടുത്തെ മായയെ
ഉപസംഹൃത്യ = ഉൾവലിഞ്ഞിട്ട്
സ്വയംഭോ = തനിയെ ഉണ്ടായവൻ
ആകാര = രൂപം
ആദി = മുതലായ
അമൃത = മരിച്ചിട്ടില്ലാത്ത
സച്ചിന്മയൻ = സത്തും ചിത്തും ആയവൻ
സത് = സത്യം
കാലാത്മക = കാലരൂപൻ
നിർഭിന്നൻ = വ്യത്യസ്തനല്ലാത്തവൻ
ശ്രീകണ്ഠൻ = ശിവൻ
പിപീലിക = ഉറുമ്പ്
അഖിലം = എല്ലാം മറ്റൊന്നില്ലാതെ എല്ലാം

## ശ്ലോകാർത്ഥം ഃ

പതിനാലു ലോകങ്ങളുടെയും അവസാനമായ പ്രളയകാലത്ത്, സ്വയംഭൂവായ ഭവാൻ, അവിടുത്തെ മായയെ തന്നിലേക്ക് തന്നെ ഉൾവലിയിച്ചിട്ട് ആകാരാദി ഗുണവിഹീനനായി, എന്നാൽ താൻ തന്നെ അവസാനിക്കാതെ സത്തും ചിത്തും ആയി മേവുന്നു. അല്ലയോ കാലരൂപ, ഹരേ , സ്വയം കാലരൂപനും (പരിണാമരൂപൻ, സംഹാരരൂപൻ) കർമ്മരൂപനും ഗുണരൂപനുമായ ഭവാൻ, എന്തിനു വീണ്ടും ശിവൻ മുതൽ ഉറുമ്പു വരെയുള്ള എല്ലാത്തിനെയും സൃഷ്ടിക്കുന്നു.

വ്യാഖ്യാ ഃ

ലോകങ്ങൾ അവസാനമുള്ളതാണ്. അനന്തമല്ല. എന്നാൽ കാരണഹീനനായി സ്വയം ഉണ്ടായ ഭവാൻ അനന്തനാണ്. അവിടുത്തെ മായ എന്നതിൽ 'തവ' എന്ന ഷഷ്ഠിപ്രയോഗത്തിനാൽ മായ അവിടുത്തെ ഗുണമാണ് എന്നു വരുന്നു. എന്നാൽ ആ മായയെ തന്നിലേക്കു തന്നെ ഉപസംഹരിക്കുമ്പോൾ, പലതായി പിരിച്ചവയെയെല്ലാം തിരിച്ച് ഒന്നിലേക്ക് കൊണ്ടുവരുമ്പോൾ ദ്രവ്യവും ഗുണവും ഒന്നാവുന്ന അവസ്ഥ വരുന്നു. ഗുണം ദ്രവ്യത്തിലേക്കോ, ദ്രവ്യം ഗുണത്തിലേക്കോ ലയിച്ചത് എന്നറിയാത്ത അവസ്ഥ. ആകാരാദിവിഹീനൻ എന്നതിന് ആകൃതി, പ്രകൃതി, മുതലായ ഗുണങ്ങളില്ലാത്തവൻ എന്ന അർത്ഥം പ്രകടം. എന്നാൽ പ്രഭവകാലത്ത് അകാര, ഉകാര, മകാര, തുരീയാദി വിശ്ലിഷ്ടനായ ഓങ്കാരം. പ്രളയകാലത്ത് 'പണ്ടേകണക്കിൽ' അകരാദി തുരിയാന്ത വിഹീനനായി ഓങ്കാരസ്വരൂപനായി അമൃതമായി മാറുന്നു എന്നൊരർത്ഥവും കൂടിയുള്ളതായാണ് 'സച്ചിൻമയൻ' എന്ന പ്രയോഗത്തിലൂടെ ദ്യോതിപ്പിക്കുന്നത്. ഗുരുവിന്റെ 'ശക്തിപഞ്ചാക്ഷരീസ്തോത്ര'ത്തിലെ ആദ്യശ്ലോകമായ 'ഓങ്കാരാകാരനീശൻ സ്വയമറിവതിനായ് ഇച്ഛപൂണ്ടുത്ഭവിച്ചോരൈങ്കാരാദിത്രയം' എന്ന പ്രയോഗം ഇവിടെ ഓർക്കാവുന്നതാണ്. അമൃതം എന്ന മൂന്നു ലിംഗത്തിലും ഉപയോഗിക്കാവുന്ന പദംകൊണ്ട്, ഹരി ലിംഗാതീതനാണെന്നും വരുന്നു. കാലാത്മകൻ,യാതൊരുവന്റെ ആത്മാവിൽ, അന്തർഭാഗത്ത് കാലം സ്ഥിതി ചെയ്യുന്നുവോ അവൻ. സ്വയം കാല ഗുണ കർമ്മ രൂപനായ അവിടുന്ന്, ശിവൻ മുതൽക്ക് ഉറുമ്പു വരെയുള്ള അഖിലത്തെയും വീണ്ടും (മേല്പറഞ്ഞ സംഹാരത്തിനു ശേഷം) എന്തിനുവേണ്ടി സൃഷ്ടിക്കുന്നു? കാലം സംഹാരാത്മകൻ. സംഹാരശക്തിയുള്ള വിഷം ഭക്ഷിച്ചതുകൊണ്ട് ശിവനെ 'ശ്രീകണ്ഠൻ' എന്ന് ഈ വരിയിൽ വിളിച്ചത് എത്ര ഭാവനാനിർഭരം! എന്തിനോ എന്ന പ്രയോഗത്തിലൂടെ ഗുരു ഇത് ഹരിയോടുള്ള ചോദ്യമായാണോ, അതോ നമുക്കറിയാൻ കഴിയാത്ത എന്തോ ഒരു കാര്യത്തിനു വേണ്ടിയാണ് എന്ന പ്രസ്താവനയായാണോ അവതരിപ്പിച്ചിരിക്കുന്നത് എന്നറിയാൻ വയ്യ. മുൻശ്ലോകത്തിൽ 'മായാലിലാവിലാസം' എന്നു വിവരിച്ചതിനെ അത്ഭുതത്തോടെ നോക്കി കാണുന്നു കവി.

## ശ്ലോകം 4

ശ്യാമാ സർവ്വവിമോഹിനി പൃഥുകുചാ മന്ദക്ഷന മ്രാനാ
കാമാരികുരു കാമവിഭ്രമകരി ത്രൈലോക്യവശ്യംകരി

ഈമട്ടായ് തവമായയെസ്സതതമാരാധിച്ചിടും നാരിതൻ പ്രേമത്തിന്നടിപ്പെടുന്നിതു യമം സാധിച്ച യോഗീന്ദ്രനും

## പദാർത്ഥം

ശ്യാമാ = കറുത്ത, കറുത്തവൾ
സർവ്വവിമോഹിനീ= ഒന്നും ബാക്കിയില്ലാതെ എല്ലാത്തിനെയും വിശേഷാൽ മോഹിപ്പിക്കുന്നവൾ, മയക്കുന്നവൾ
പൃഥുകുചാ= തടിച്ച മുലയുള്ളവൾ
മന്ദാക്ഷ = സാവാധാനമുള്ള നോട്ടമുള്ളവൾ, കടാക്ഷം
നമ്രാനനാ = മുഖം കുനിച്ചവൾ (നാണത്തോടെ)
കാമാരി = ശിവൻ
ഉരു = വളരെ അധികമായ
കാമ = ആഗ്രഹം
വിഭ്രമകരി = വിവിധരീതിയിൽ ഭ്രമിപ്പിക്കുന്നവൾ
ത്രൈലോക്യ = ഭൂലോകം, ഭൂവർലോകം, സുവർലോകം എന്നിങ്ങിനെ മൂന്ന്
വശ്യം കരീം = വശീകരിക്കുന്നവൾ
സതതം = എപ്പോഴും
യമം = ആത്മനിയന്ത്രണം, ഒരു യോഗവിദ്യ
യോഗീന്ദ്രൻ = യോഗിമാരിൽ രാജാവ്

## ശ്ലോകാർത്ഥം

അവിടുത്തെ മായയെ (വിഷ്ണുമായയെ) കറുത്ത നിറമുള്ളവളായും, ഒന്നും ബാക്കിവക്കാതെ എല്ലാത്തിനെയും വിശേഷാൽ വിമോഹിപ്പിക്കുന്നവളായും വലിയ മുലകളുള്ളവളായും നാണത്തോടെ മുഖം കുനിച്ച് സാവധാനം കടാക്ഷങ്ങളയച്ച് കാമന്റെ ശത്രുവിനെ കാമാസക്തിയാൽ വിഭ്രമിപ്പിക്കുന്നവളായും മൂന്നു ലോകങ്ങളെയും വശീകരിക്കുന്നവളായും എപ്പോഴും ആരാധിക്കുന്ന സ്ത്രീയുടെ പ്രേമത്തിന്, യമം സാധിച്ച യോഗിമാരുടെ രാജാവു പോലും (ഏറ്റവും സമർത്ഥനായ യോഗി പോലും) അടിമയായിത്തീരും.

## വ്യാഖ്യാ

കറുപ്പ് എല്ലാ രശ്മികളെയും തരംഗങ്ങളെയും ആകർഷിക്കുന്നു എന്നത് ആധുനിക ഭൗതികശാസ്ത്രം പോലും തെളിയിച്ചിട്ടുള്ളതാണ്. തമോവൃത്തങ്ങൾ (Black Holes) വെളിച്ചത്തെ എന്നല്ല നക്ഷത്രക്കൂട്ടങ്ങളെപോലും ആകർഷിച്ച് അകത്താക്കുന്നു. അതുകൊണ്ട്, കറുത്ത 'ശ്യാമാ' 'സർവ്വവിമോഹിനി' ആവാതെ വയ്യ. സർവ്വം എന്നാൽ മറ്റൊന്നും ബാക്കി വെക്കാതെ എല്ലാം അങ്ങനെ എല്ലാത്തിനെയും വിമോഹിപ്പിക്കുന്നവൾ.വിശേഷാൽ മോഹിപ്പിക്കുന്നവൾ സാധാരണ മോഹമല്ല. അതെങ്ങിനെ? വലിയ മുലകൾ സ്ത്രീസൗന്ദര്യത്തിന്റെ ലക്ഷണമായി കവികൾ ഉപയോഗിക്കാറുണ്ട്. ഭക്തിയിലും അതു ചേരും. ശക്തിപഞ്ചാക്ഷരി ധ്യാനത്തിലെ 'നിബിഢകുചഭരാ' .....സഹസ്രനാമത്തിലെ 'സ്തനഭാരദളമദ്ധ്യേ.' എന്നും മറ്റുമുള്ള പ്രയോഗങ്ങൾ പ്രസിദ്ധങ്ങൾ. 'കടാക്ഷകിങ്കരീഭൂത കമലാകോടി സേവിതാ' എന്ന വർണ്ണനയും, ഗുരു ഈ ശ്ലോകത്തിൽ കലർത്തിയിരിക്കുന്നു. വലിയ മുലകളുടെ ഭാരംകൊണ്ട് മുന്നോട്ടല്പം കുനിഞ്ഞ് നമ്രമുഖിയായി മന്ദമായ, വളരെ പതുക്കെ പതുക്കെയുള്ള നോട്ടങ്ങളോടു കൂടി നില്ക്കുന്ന ശ്യാമാ. കാണുന്നത് പരമശിവനാണെങ്കിൽ പോലും വിശേഷേണ മോഹിപ്പിക്കുന്നവളായും മോഹാലസ്യം തളർച്ച ഇതികർത്തവ്യതാ മൂഢത എല്ലാം ചേരും 'വിമോഹത്തിൽ'. ഹനുമാന്റെ വലിയ രൂപം കണ്ട ഭീമന്റെയും ശ്രീകൃഷ്ണന്റെ വിശ്വരൂപം കണ്ട അർജ്ജുനന്റെയും അവസ്ഥയ്ക്ക് സമാനമാകാം. പക്ഷേ ഇവിടെ അത് കാമാസക്തികൊണ്ടുള്ള വിമോഹമത്രെ. മൂന്നു ലോകങ്ങളും അപ്പാടെ സർവ്വം എന്നു പറഞ്ഞിട്ട് വീണ്ടും ത്രിലോകമെന്നു പറഞ്ഞത് ആ മോഹത്തിന്റെയും എല്ലാമെല്ലാമെന്ന പൗനരുക്ത്യത്തിന്റെയും വിശേഷ ശക്തി പ്രകടിപ്പിക്കാൻ തന്നെയാകണം. 'കാമാരി കുരു കാമവിഭ്രമകരി, കാമനെ അഗ്നിനേത്രം കൊണ്ട് ഭസ്മമാക്കിയ ശിവനെ' 'ഉരു കാമവിഭ്രമം' ഉണ്ടാക്കുന്നവൾ. കാമാരി കാമന്റെ ശത്രു, കാമനെ ഭസ്മമാക്കിയവൻ, അവനെ, അതേ കാമന്റെ വിഭ്രമത്തിന് അടിമയാക്കുന്നവൾ!! വിഭ്രമ=വിവിധ ഭ്രമം= പലവിധത്തിലുള്ള ഭ്രമം, സ്ഥലജലഭ്രമം, ഭൂമിയോ ജലമോ എന്ന സ്ഥലഭ്രമം, ഇന്നോ ഇന്നലെയോ എന്ന കാലഭ്രമം, രാത്രിയോ പകലോ എന്ന കാലഭ്രമം,പൂർണ്ണചന്ദ്രൻ ഉദിച്ചിരിക്കുമ്പോൾ സ്ഥലജലഭ്രമം ഉണ്ടാകുന്നത് പ്രസിദ്ധം. പകൽ കണ്ട ദിക്കുകൾ പൂർണ്ണചന്ദ്ര അദ്ധ്യക്ഷതയിൽ ആകെ അജ്ഞാതമാകുന്നതും. പ്രസിദ്ധം.

ഈ കാമം സൃഷ്ട്യുന്മുഖമായ ആസക്തി തന്നെ. മുമ്പു പറഞ്ഞതുപോലെ 'കാലകർമ്മ ഗുണനിർഭിന്ന', സച്ചിന്മയ ആകാരാദിവിഹീന നെന്ത് കാമം? ആകാരം ഇല്ലെങ്കിൽ ക മുതൽ മ വരെയുള്ള വ്യഞ്ജനങ്ങൾ ചിന്മയമായി ഗുണവിഹീനമായിരിക്കും. ആ മുതൽ ഉ ൽ കൂടി ൦ം വരെയുള്ള ഓംകാര ജീവനാണ് (സ്വരങ്ങളെ ജീവാക്ഷരങ്ങൾ എന്നു പറയുന്നു) കാമം പ്രത്യക്ഷത്തിൽ കൊണ്ടു വരുന്നത് കാമം എന്ന കാരണത്തിൽ നിന്ന് അഖിലം എന്ന കാര്യം സൃഷ്ടിക്കപ്പെടുന്നു. അടിമ, ഉടമയുടെ എല്ലാ ആജ്ഞകളും യഥാവിധി ശിരസ്സാ വഹിക്കാൻ നിയുക്തൻ. ഇങ്ങനെയെല്ലാമുള്ള രൂപത്തിൽ ദേവിയെ ആരാധിക്കുന്ന സ്ത്രീക്ക് അഷ്ടാംഗയോഗത്തിലെ ഒരു പ്രധാന അവസ്ഥയായ ആത്മനിയന്ത്രണം ഏറ്റവും നന്നായി സാധിച്ച യോഗിവര്യൻപോലും അടിമപ്പെടും●

# ഉപനിഷത്തുകളിലൂടെ.......
# ആരാണ് ബ്രാഹ്മണൻ? എന്താണ് ബ്രാഹ്മണ്യം?

ഡോ. എൻ. ഗോപിനാഥൻ നായർ (ഫോൺ: 92492 05553)

'ഓം വജ്ര സൂചിം പ്രവക്ഷ്യാമി
ശാസ്ത്രമജ്ഞാന ഭേദനം
ഭൂഷണം ജ്ഞാന ഹീനാനാം
ഭൂഷണം ജ്ഞാന ചക്ഷുഷാം'

അജ്ഞാനത്തെ നശിപ്പിക്കുന്നതും, ജ്ഞാനമില്ലാത്തവർക്ക് ഭൂഷണമാണെന്ന് തോന്നിപ്പിക്കുന്നതും, എന്നാൽ ശരിയായ ജ്ഞാനികൾക്ക് ഭൂഷണവുമായ **വജ്രസൂചികോപനിഷത്തി** നെപ്പറ്റി ഇവിടെ പ്രസ്താവിക്കട്ടെ.

ആരാണ് ബ്രാഹ്മണനെന്നും എന്താണ് ബ്രാഹ്മണ്യമെന്നും വിശദമാക്കുന്നത് ഈ ഉപനിഷത്തിലാണ്. വേദങ്ങളിൽ പറയുന്നത് മനുഷ്യസമൂഹത്തെ നാലു വർണ്ണങ്ങളായി തരംതിരിച്ചിരിക്കുന്നു എന്നാണ്. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിവരാണ് ഈ നാലു വർണ്ണങ്ങളിൽ (ചാതുർവർണ്യം) പെട്ടവർ. ഇവരിൽ പ്രധാനി ബ്രാഹ്മണനെന്ന് വേദം അനുശാസിക്കുന്നു. സ്മൃതികളിലും ഇതു തന്നെയാണ് പറഞ്ഞിട്ടുള്ളത്. അപ്പോൾ ചോദ്യം ഇതാണ്. ഇത്രമാത്രം പ്രാധാന്യനായ ബ്രാഹ്മണൻ ആരാണ് ? എന്താണ് ?

## (1)ജീവൻ ആണോ ബ്രാഹ്മണൻ ?

ആണെന്ന് പറഞ്ഞാൽ അത് ശരിയല്ല. കാരണം കഴിഞ്ഞുപോയ കാലങ്ങളിൽ ഉണ്ടായിരുന്നതും ഇനി വരും കാലങ്ങളിൽ ഉണ്ടാകാൻ പോകുന്നതുമായ മനുഷ്യ ജീവൻ വ്യത്യാസങ്ങളില്ലാതെ എല്ലാം ഒരു പോലെയാകുന്നു. കർമ്മാനുസരണമായിട്ടാണ് ജീവൻ ശരീരത്തിൽ പ്രവേശിക്കുന്നത്. എല്ലാ ജീവനും എല്ലാ ശരീരങ്ങൾക്കും ഏക ഭാവമാണുള്ളത് അതിനാൽ ജീവൻ ബ്രാഹ്മണനാകുവാൻ ഒരു സാധ്യതയുമില്ല.

## (2) ദേഹമാണോ ബ്രാഹ്മണൻ?

മനുഷ്യസമൂഹത്തിലെ താഴെത്തട്ടിലുള്ള ചണ്ഡാലരിൽ തുടങ്ങി സകല മാനവരുടേയും ശരീരങ്ങൾ ഒരു പോലെ പഞ്ചഭൂതങ്ങളാൽ നിർമ്മിതമാണ്. ജനനം വാർദ്ധക്യം, മരണം, ധർമ്മം, അധർമ്മം തുടങ്ങിയവയെല്ലാം മനുഷ്യന് ഒരേപോലെയാണല്ലോ, ശരീരത്തിന്റെ നിറം നോക്കിയാൽ ബ്രാഹ്മണൻ വെളുപ്പും ക്ഷത്രീയൻ ചുവപ്പും വൈശ്യൻ മഞ്ഞയും ശുദ്രൻ കറുപ്പും ഉള്ളവരാകണമെന്ന് ഒരു നിബന്ധനയുമില്ല. മാത്രമല്ല പിതാവിന്റേയും സഹോദരന്റേയും ശവദാഹക്രിയകൾ ചെയ്യുന്നതുകൊണ്ട് പുത്രാദികൾക്ക് ബ്രഹ്മഹത്യാദി ദോഷങ്ങൾ ഒന്നും സംഭവിക്കുന്നില്ല ആയതിനാൽ ദേഹവും ബ്രഹ്മണനാകാൻ തരമില്ല.

## (3) ജാതിയായിരിക്കുമോ ബ്രാഹ്മണൻ?

പല ജാതികളിലും പെട്ട മനുഷ്യരിൽ നിന്നും അനേകം മഹർഷിമാർ ജന്മമെടുത്തിട്ടുണ്ട്. മാൻ പേടയിൽ നിന്ന് ഋഷ്യശൃംഗനും കുശയിൽ നിന്നും കൗശികനും ജംബുകനിൽ നിന്നും ജാംബുകനും വാൽമീകത്തിൽ നിന്ന് വാൽമീകിയും മുക്കുവകുമാരിയിൽ നിന്നും വ്യാസനും ശശപുഷ്പത്തിൽ നിന്നും ഗൗതമനും ഉർവശിയിൽ വസിഷ്ഠനും കുടത്തിൽ നിന്നും അഗസ്ത്യനും ജനിച്ചു വെന്ന് വിശ്വസിക്കപ്പെടുന്നു. ഈ മഹർഷിമാരെല്ലാവരും തന്നെ ജാതിയില്ലാതെ മുൻപിനാലെ തന്നെ ജ്ഞാനികളായിരുന്നു. ഇതിനാൽ ജാതിയാണ് ബ്രാഹ്മണ്യത്തിന് ആധാരമെന്ന് പറയാൻ നിവൃത്തിയില്ലാതാകുന്നു.

## 4) ജ്ഞാനം നേടിയാൽ ബ്രാഹ്മണനാകുമോ?

അനേകം ക്ഷത്രിയൻമാർ ജ്ഞാനം നേടി പരമാർത്ഥ ദർശികളായിത്തീർന്നിട്ടുണ്ട് . അതിനാൽ തന്നെ ജ്ഞാനം നേടിയതുകൊണ്ട് മാത്രം ഒരുവന് ബ്രാഹ്മണനായിത്തീരുവാൻ സാധ്യമല്ല.

## (5) കർമ്മം ചെയ്യുന്നതുകൊണ്ട് മാത്രം ബ്രാഹ്മണനാകുമോ?

സകല മനുഷ്യരുടേയും പ്രാരാബ്ധവും സഞ്ചിതവും ആഗാമിയുമായ കർമ്മങ്ങളിൽ സാധർമ്മ്യം കാണപ്പെടുന്നു. അതിനാൽ കർമ്മങ്ങളാൽ പ്രേരിതമായിട്ടാണ് ജീവൻ പ്രവർത്തിക്കുന്നത് . തന് മൂലം കർമ്മങ്ങൾ ചെയ്യുന്നതുകൊണ്ട് മാത്രമായി ബ്രഹ്മണ്യം ലഭിച്ച് ബ്രാഹ്മണപദവിയിൽ എത്തിച്ചേ

രാൻ സാധിക്കുകയില്ല.

## (6) ധാർമ്മികത മൂലം ബ്രാഹ്മണൻ ആകാൻ സാധിക്കുമോ?

അതിനുള്ള സാധ്യത കാണുന്നില്ല. കാരണം, അനേകം പേർ ദാനധർമ്മാദികൾ നടത്തി ധർമ്മ മാർഗ്ഗങ്ങളിലൂടെ ജീവിതം നയിക്കുന്നു. ഇതിനാൽ ധാർമ്മികരായ വ്യക്തികളെല്ലാം ബ്രാഹ്മണരായിത്തീരുമെന്ന് തീർച്ചപ്പെടുത്താൻ സാധ്യമാകുന്നില്ല.

ഇത്രയും വിശദമായി ചിന്തിച്ച് കാര്യങ്ങൾ മനസ്സിലാക്കിയപ്പോൾ സംശയം പിന്നെയും ബാക്കിയാകുന്നു. ആരാണ് ശരിയായ ബ്രാഹ്മണൻ

അദ്വിതീയമായും ജാതി ഗുണക്രിയാരഹിതമായും സത്യജ്ഞാനാനന്ദ സ്വരൂപമായും സകലഭൂതങ്ങളിലും അന്തരാമ്യമായും അഖണ്ഡാനന്ദ സ്വരൂപമായും പ്രത്യക്ഷത്വേന ശോഭിക്കുന്നതായും ഉള്ള ആത്മാവിനെ കൈത്തലത്തിരിക്കുന്ന നെല്ലിക്ക പോലെ (കരതലാമലകം) സാക്ഷാത്കരിച്ച കൃതാർത്ഥനായും മാത്സര്യം, തൃഷ്ണ, ആശ, ഇവയെല്ലാം വെടിഞ്ഞവനായും ദംഭം, അഹങ്കാരം ഇവ കൈവിട്ടവനായും യാതൊരാൾ ജീവിതം നയിക്കുന്നുവോ അയാൾ തന്നെയാണ് ബ്രാഹ്മണൻ . ശ്രുതിപുരാണങ്ങളുടേയും ഇതിഹാസങ്ങളുടേയും അഭിപ്രായവും ഇങ്ങനെ തന്നെയാണ്. ഇതിൽ നിന്നെല്ലാം ഭിന്നമായി മറ്റൊരുതരത്തിലും ബ്രാഹ്മണ്യം ലഭിക്കുകയില്ല. ആത്മാവു തന്നെയാണ് സച്ചിദാനന്ദ സ്വരൂപമെന്നും അദ്വിതീയമെന്നും മനസ്സിലാക്കി മനുഷ്യൻ ബ്രഹ്മഭാവത്തെ കണ്ടറിയേണ്ടതാകുന്നു●

## എറണാകുളം കരയോഗം
### 16.05.2017 മുതൽ 15.06.2017 വരെയുള്ള
### മെയ് മാസ പരിപാടികൾ

| | | | |
|---|---|---|---|
| 17.05.2017 | ബുധൻ | 3.00 p.m. | ലളിതാസഹസ്രനാമം ക്ലാസ്സ് |
| 18.05.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 20.05.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 23.05.2017 | ചൊവ്വ | 6.30 p.m. | പ്രതിമാസ കഥകളി ഃ കല്യാണസൗഗന്ധികം |
| 24.05.2017 | ബുധൻ | 3.00 p.m. | ലളിതാസഹസ്രനാമം ക്ലാസ്സ് |
| 25.05.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 26.05.2017 | വെള്ളി | 6.30 p.m. | ബീം പ്രതിമാസ പരിപാടി ഃ ഭരതനാട്യകച്ചേരി അപർണ്ണ വിനോദ്, ബാംഗ്ലൂർ |
| 27.05.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 28.05.2017 | ഞായർ | 5.30 p.m. | കരയോഗം സാംസ്ക്കാരിക വേദി ; ഫിലിം ഷോ ഃ പഥേർ പാഞ്ചാലി |
| 31.05.2017 | ബുധൻ | 3.00 p.m. | ലളിതാസഹസ്രനാമം ക്ലാസ്സ് |
| 01.06.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 03.06.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 07.06.2017 | ബുധൻ | 3.00 p.m. | ലളിതാസഹസ്രനാമം ക്ലാസ്സ് |
| 08.06.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 10.06.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 11.06.2017 | ഞായർ | 10.00 a.m. | പാർക്കിൻസൺസ് രോഗചികിത്സാക്ലിനിക് |
| 14.06.2017 | ബുധൻ | 3.00 p.m. | ലളിതാസഹസ്രനാമം ക്ലാസ്സ് |
| 15.06.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |

# ഭൂമി നമ്മുടെ ജീവന്റെ ഗ്രഹം; ഗൃഹം.

സി. രാമചന്ദ്രൻ (ഫോൺ: 99958 20684)

ഈ നിത്യഹരിതയാം, ഭൂമിയിലല്ലാതെ മാനസസ രസുകളുണ്ടോ.......
സ്വപ്നങ്ങളുണ്ടോ, പുഷ്പങ്ങളുണ്ടോ, സ്വർണ്ണമരാ ളങ്ങളുണ്ടോ........
വസുന്ധരേ, വസുന്ധരേ, മതിയാകും വരെ ഇവിടെ ജീവിച്ച് , മരിച്ചവരുണ്ടോ......

വയലാർ.

ഭൂമിയുടെ ഗ്രീക്കുനാമം ഗയിയ എന്നാണ് ഗ്രീക്ക് ഇതിഹാസ കഥാപാത്രമായ യുറാനസ്സിന്റെ ഭാര്യയും സിയൂസിന്റെ മാതാവുമാണവൾ. ജിയോ എന്ന വാക്ക് ഗയിയ എന്ന മൂലത്തിൽ നിന്നുണ്ടായതാണ്. ഭാരതീയർക്കും ഭൂമി ഒരു സ്ത്രികഥാപാത്രമാണ് ഭൂമിദേവി.

കോപ്പർനിക്കസ്സിന്റെ വിപ്ലവകരമായ കണ്ടുപിടിത്തത്തിന് ശേഷമാണ് ജോതിശ്ശാസ്ത്രത്തിൽ വലിയൊരു വഴിത്തിരിവുണ്ടാകുന്നത്. അന്നുവരെയുള്ള ധാരണ ഭൂമി പ്രപഞ്ചകേന്ദ്രത്തിൽ നിശ്ചലമായി നിൽക്കുന്നു എന്നായിരുന്നു. 'റവല്യൂഷൻ' എന്ന പദത്തെ അന്വർത്ഥമാക്കും വിധമായിരുന്നു. ഭൂമി സൂര്യനെ നിതാന്തമായി വലം വച്ചുകൊണ്ടിരിക്കുകയാണെന്ന് അറിവ് . അതോടൊപ്പം ഭൂമി അതിന്റെ അച്ചുതണ്ടിലും ഇരുപത്തിനാലു മണിക്കൂറിൽ ഒരു വട്ടം എന്ന തോതിൽ കറങ്ങുന്നുണ്ട്. അങ്ങിനെ കറങ്ങുമ്പോൾ ഭൂമിയോടൊപ്പം നാമെല്ലാം ഉദ്ദേശം മണിക്കൂറിൽ 1500 കി.മീറ്റർ വേഗതയിൽ ചലിക്കുന്നുണ്ട്. 365 1/4 ദിവസം കൊണ്ട് സൂര്യനെ, ഭൂമി ഒരു വലം വയ്ക്കുമ്പോൾ അതോടൊപ്പം നമ്മുടെ വേഗത മണിക്കൂറിൽ 108000 കി.മീറ്ററാണ്. ഇന്നും നമുക്ക് അവിശ്വസനീയമായി തോന്നാവുന്ന ഈ വസ്തുത 400 വർഷങ്ങൾക്കു മുൻപ് പ്രചരിപ്പിച്ചു നടന്ന ബ്രൂണോ എന്ന മനുഷ്യനെ പരസ്യമായി ചുട്ടുകൊന്നതിൽ അന്നുള്ളവർക്ക് അത്ഭുതം തോന്നിയിരിക്കുകയില്ല. നമുക്കു ചിലപ്പോൾ അത്ഭുതം തോന്നിയേക്കാം. അന്നതു ചെയ്യുവാനുള്ള കാരണം ഇതാണ്.

ബൈബിളിൽ മോസസ്സിനുശേഷം നേതാവായി വരുന്ന യൊശുവാപ്രവാചകൻ ഒരു യുദ്ധത്തിന് നടുവിൽ നിന്നുകൊണ്ട് 'സൂര്യാ നീ നിശ്ചലനാകു' എന്ന് സൂര്യനോട് ആജ്ഞാപിക്കുന്നുണ്ട്. സൂര്യൻ അത് അനുസരിക്കുന്നുമുണ്ട്. സൂര്യൻ നിശ്ചലമായി നിൽക്കുകയും ഭൂമി ചലിക്കുകയുമാണ് ചെയ്യുന്നതെങ്കിൽ ബൈബിളിൽ എഴുതിയത് കള്ളമാണെന്നുവരുമല്ലൊ. വിശ്വാസികളിൽ അത് ആശയക്കുഴപ്പമുണ്ടാക്കുമെന്നും തീർച്ചയാണ്. ഇതു പരിഹരിക്കാനാണ് ബ്രൂണോ ദഹിപ്പിക്കപ്പെട്ടത്. ഇന്നും തീവ്രവിശ്വാസികളായ ചിലർ തങ്ങളുടെ പട്ടിക്ക് ബ്രൂണോ എന്ന പേര് നൽകി ആശ്വസിക്കാറുണ്ട്. പിന്നിട് ഗലീലിയോയും സമാനമായ മത വിചാരണക്ക് പാത്രമായി. എന്നാൽ മാപ്പു പറഞ്ഞതുകൊണ്ട് വധശിക്ഷയിൽ നിന്നൊഴിവായി. ശിഷ്ട ജീവിതം മുഴുവൻ അദ്ദേഹത്തിനു തടവിൽ കഴിയേണ്ടിവരികയും ചെയ്യതു. തടവിൽ കഴിഞ്ഞുകൊണ്ട് അനവധി കണ്ടുപിടുത്തങ്ങൾ അദ്ദേഹം നടത്തിയെന്നതു ഭാഗ്യം.

ഒരു ബഹിരാകാശ സഞ്ചാരിക്ക് സ്പേസ്സ്റ്റേഷനിലിരുന്നുകൊണ്ട് നോക്കിയാൽ അതിമനോഹരമായ ഒരു ഗോളമായി ഭൂമിയെ കാണാൻ കഴിയും. നീലക്കടലുകൾ, ഇരുണ്ടകരകൾ,ഹരിതാഭമായ വനങ്ങൾ, വെള്ളതൊപ്പി വെച്ച മഞ്ഞുധ്രുവങ്ങൾ അങ്ങനെയെല്ലാം വേർതിരിഞ്ഞ് കാണാം. പ്രപഞ്ചത്തിൽ ഭൂമിക്ക് അതുല്ല്യമായ സ്ഥാനം നൽകുന്നത് അതിലെ ജീവന്റെ തുടിപ്പുകളാണ്. സൗരയൂഥത്തിലെ മറ്റ് ഏഴു ഗ്രഹങ്ങളിലും ജീവൻ നിലനിൽക്കാനാവുന്ന അന്തരീക്ഷമില്ല. പ്രപഞ്ചത്തിൽ മറ്റെവിടെയെങ്കിലും ജൈവജീവിതമുള്ളതായി സ്ഥിരീകരിച്ചിട്ടുമില്ല.

സചേതനവസ്തുക്കളും അചേതനവസ്തുക്കളും തമ്മിൽ അവരറിയാതെ നിലനിൽക്കുന്ന സൗഹാർദ്ദപൂർവ്വമായ സഹവർത്തിത്വവും സഹജീവിതവുമാണ് ഭൂമിയിൽ ജീവൻ നിലനിർത്തുന്നത് ഓക്സിജൻ, കാർബൺഡൈഓക്സൈഡ്, നൈട്രജൻ തുടങ്ങിയ മൂലകങ്ങൾ ജൈവലോകവുമായി പ്രവർത്തിച്ചും പ്രതിപ്രവർത്തിച്ചും ചാക്രീകമായി നിലകൊള്ളുന്നത്, ദ്രവരൂപത്തിൽ ജലം സ്ഥിതി ചെയ്യുന്നത്, ഊഷ്മാവുകുറഞ്ഞ് ജലമെല്ലാം ഹിമമാകാതിരിക്കുന്നത്, ഊഷ്മാവു കൂടി ഹിമമെല്ലാ മുരുകി ജലമാകാതിരിക്കുന്നത്, മാരക രശ്മികളെ തടഞ്ഞുകൊണ്ട് ഓസോൺപാളി നിലനിൽക്കുന്നത്,

ഭൂമിയുടെ അച്ചുതണ്ടിന്റെ ചരിവുമൂലം കാലാവസ്ഥ മാറിമാറിവരുന്നത് ഇതെല്ലാംതന്നെ ഭൂമിയെ ഒരു അനുഗ്രഹിക്കപ്പെട്ട ഗ്രഹമായി നിലനിർത്തുന്നു.

ഭൂമിയിലുള്ള ജലത്തിന്റെ 97 ശതമാനവും ഉപ്പുവെള്ളമാണ് . ശേഷിക്കുന്ന മൂന്നിൽ രണ്ടു ശതമാനവും ഹിമമാണ്. ഭൂമിയുടെ ഉപരിതലത്തിലെ പത്തു ശതമാനം ഹിമത്താൽ മൂടപ്പെട്ടതാണ്. നദികളിലും തടാകങ്ങളിലും ഭൂഗർഭത്തിലും മേഘങ്ങളിലുമുള്ള ജലമാകെയെടുത്താൽ അതു ഒരു ശതമാനം മാത്രമാണ്. ഈ ഒരുശതമാനത്തിനു വേണ്ടിയാണ് മനുഷ്യൻ മുറവിളികൂട്ടുന്നത്. ഭൂമിയിലെ ഏറ്റവും വലിയ ശുദ്ധ ജലതടാകം യു എസ് കാനഡ അതിർത്തിയിലുള്ള'ലേക്ക്സുപ്പീരിയർ' ആണ് 80000 ച.കിലോമീറ്റർ; കേരളത്തിന്റെ ഇരട്ടി വലുപ്പം.

അന്തരീക്ഷത്തിൽ ഓക്സിജൻ ഉത്പാദിപ്പിച്ചു നിലനിർത്തുന്നത് സസ്യങ്ങളാണ്. ഇതിൽ 70 ശതമാനവും സമുദ്രത്തിലെ പായലുകളാണ്. മനുഷ്യൻ ഉൾപ്പെടെയുള്ള ജന്തുക്കൾ ഉഛ്വസിക്കുന്ന കാർബൺഡൈഓക്സൈഡ് സ്വീകരിച്ച് വിഘടിപ്പിച്ച് ഓക്സിജനും അന്നജവും (കാർബോഹൈഡ്രേറ്റ്) ഉണ്ടാക്കുന്നത് സസ്യങ്ങളാണ്. അതു ഭക്ഷിച്ചാണ് ജന്തുക്കൾ ജീവിക്കുന്നത്. ജന്തുക്കളെ ഭക്ഷിച്ചു ജീവിക്കുന്ന ജന്തുക്കൾ വേറെ.

മലനിരകളും സമുദ്രഗർത്തങ്ങളും കൊടുമുടികളും മാത്രമല്ല മരുഭൂമികളും അഗ്നിപർവ്വതങ്ങളും ഭൂമിയുടെ പ്രത്യേകതകളാണ് നൂറുകണക്കിന് കിലോമീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന അന്തരീക്ഷത്തിന് വിവിധ പാളികളുണ്ട്. പത്തുകിലോമീറ്റർ വരെ ഉയരമുള്ള ട്രോപ്പോസ്പിയറിനകത്താണ് മേഘങ്ങളുള്ളത്. 50 കി .മീറ്റർ വരെ സ്ട്രാറ്റോസ്ഫിയർ, നൂറു കിലോമീറ്ററിനപ്പുറമുള്ള അയണോസ്ഫിയർ എന്നിവയും മറ്റു പ്രധാനപ്പെട്ടവയാണ്.

സൂര്യൻ ഒരു നക്ഷത്രമാണെന്നും അത് സൗരയൂഥത്തിന്റെ കേന്ദ്രത്തിലാണെന്നുമുള്ള അറിവ് , മനുഷ്യന്റെ വിജ്ഞാനചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. സൂര്യനും ചന്ദ്രനും ഗ്രഹങ്ങളല്ലെന്നും രാഹു കേതു എന്നു രണ്ടു ഗ്രഹങ്ങളില്ലെന്നും ഭൂമി ഒരു ഗ്രഹമാണെന്നുമുള്ള അറിവ് ഇന്നും ഉൾകൊള്ളാത്തവരുണ്ട്. അത് വിജ്ഞാനശാസ്ത്രത്തിന്റെ വിഷയമാണ്. ഭൂമിയെ വലം വെയ്ക്കുന്ന ഒരേയൊരു ഗോളം ചന്ദ്രനാണ് . ഇപ്പോൾ നാം റോക്കറ്റിലൂടെ വിക്ഷേപിക്കുന്ന ക്രിത്രിമ ഉപഗ്രഹങ്ങളുമുണ്ട്.

വ്യാഴം, ശനി, യുറാനസ് , നെപ്ട്യൂൺ എന്നി ഭീമന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ സൂര്യനിൽ നിന്നു മൂന്നാമതായി നിലകൊള്ളുന്ന ഭൂമി വലിപ്പത്തിൽ വെറും അശുവാണ്. ക്ഷീരപഥം എന്ന നമ്മുടെ ഗ്യാലക്സിയുടെ വലിപ്പവുമായി താരതമ്യപ്പെടുത്തുമ്പോൾ സൗരയൂഥവും ഒരു പൊടിയാണ്. ഭൂമി വലുതാണെന്ന് നമ്മുക്ക് തോന്നുന്നത് നാം തീരെ ചെറുതായതുകൊണ്ടാണ്. നമ്മുടെ ചെറുമയെ തിരിച്ചറിയുന്നതിലാണ് നമ്മുടെ വലിപ്പം. അറിവില്ലയെന്നു തിരിച്ചറിയുന്നയാളാണ് ജ്ഞാനി എന്നു സോക്രട്ടീസ് പറഞ്ഞിട്ടുള്ളതു നമുക്ക് ഓർമിക്കാം. പ്രപഞ്ചത്തിൽ മറ്റെവിടെയെങ്കിലും ഭൂമിയിലുള്ളതു പോലെയുള്ള ജീവന്റെ സാന്നിധ്യം തള്ളികളയാനാവില്ല.

### ഭൂമി അടിസ്ഥാന വിവരങ്ങൾ

സൂര്യനിൽനിന്നുള്ള ശരാശരിദൂരം : 15 കോടി കി. മീറ്റർ

പരിക്രമണ കാലം : 365.256 ദിവസം

ഭ്രമണകാലം : 23 മണിക്കൂർ 56 മിനിട്ട് 4.1 സെക്കന്റ്

പരിക്രമണവേഗം : 29.8 കി. മി. / സെക്കന്റ്

ശരാശരി താപനില : 15 ഡിഗ്രി സെൽഷ്യസ്

വ്യാസം: 12756 കി. മീറ്റർ

സാന്ദ്രത : 5.5 g / cc

ഭൂമിയെപ്പറ്റി എഴുതുവാൻ ഒരു ലേഖനമോ ഒരു പുസ്തകമോ ഒരു പുസ്തകശാലയോ മതിയാകുന്നില്ല. കാരണം അത് നമ്മുടേതാണ്, അതേക്കുറിച്ചുള്ള നമ്മുടെ അറിവ് ഏറ്റവും പ്രിയപ്പെട്ടതാണ്●


## 34-ാം ചരമവാർഷികം

**10. 05 .2017**



**കെ. ജി. കുറുപ്പ്**

**വരുണ, ഹൗസ് നമ്പർ 37/ 198**

**പാലാരിവട്ടം**

**കൊച്ചിൻ 682025**

# വായനശാലകളുടെ പ്രസക്തി അന്നും ഇന്നും

രാധ ദാമോദരൻ (ഫോൺ: 7025169518)

വായിച്ചു വളരുക എന്നത് കേട്ട് പഴകിയ വാക്യമാണല്ലോ. വായന കുറയുന്നു എന്ന് ഒരു ഭാഗത്ത് നിന്ന് കേൾക്കുമ്പോൾ, അതല്ല ഇപ്പോൾ വായനയുണ്ട്, പുസ്തകങ്ങൾക്ക് നല്ല മാർക്കറ്റുണ്ട് എന്ന് മറ്റൊരു ഭാഗത്ത് നിന്നും കേൾക്കാം. പുസ്തകങ്ങൾ ചെലവായാൽ പോരാ, വാങ്ങുന്നവർ അത് വായിക്കുന്നുണ്ടോ, എങ്ങനെയുള്ള പുസ്തകങ്ങൾക്കാണ് കൂടുതൽ ആവശ്യം വരുന്നത് എന്നുള്ള കാര്യങ്ങൾ ആരെങ്കിലും അന്വേഷിക്കുന്നുണ്ടോ എന്നൊന്നും അറിഞ്ഞുകൂടാ. പുസ്തകം വാങ്ങുന്നരുടെയൊക്കെ പുറകെ പോകണം. വായിക്കുന്നുണ്ടോ എന്നു നോക്കണം എന്നല്ല ഉദ്ദേശിച്ചത്. അന്തസ്സിനുവേണ്ടി , ആളുകൾ വന്നാൽ കാണുവാൻ വേണ്ടി, സ്വന്തം ഓഫീസ് മുറിയിലെ ചില്ലലമാരയിൽ പുസ്തകങ്ങൾ സൂക്ഷിക്കുന്ന പലരേയും കണ്ടിട്ടുണ്ട്.

ചെറുപ്പക്കാരുടേയും പ്രത്യേകിച്ച് വിദ്യാർത്ഥികളുടേയും മറ്റുമിടയിൽ വായന കുറഞ്ഞതിന്റെ കാരണങ്ങൾ എല്ലാവർക്കും അറിയാമല്ലോ. അവരെയെന്തിന് കുറ്റം പറയണം. ഇന്നുള്ളതുപോലെ ദൃശ്യമാധ്യമങ്ങളുടെ സാന്നിദ്ധ്യവും മറ്റു സാങ്കേതിക സൗകര്യങ്ങളുമുണ്ടായിരുന്നെങ്കിൽ, ഒരു പക്ഷേ പഴയ തലമുറയും വായനാശീലത്തിൽ പുറകോട്ടായിപ്പോയേനെ. വിചാരിച്ചതുപോലെ ഉയർന്ന വിദ്യാഭ്യാസം ലഭിക്കുക പഴയകാലത്ത് ഇന്നത്തെപ്പോലെ എളുപ്പമായിരുന്നില്ല. കൊച്ചി രാജ്യത്തിന്റെ കാര്യം തന്നെ നോക്കാം. രണ്ടാം ലോകമഹായുദ്ധകാലത്തും മറ്റും പണത്തിന്റെ കാര്യം സാധാരണ വീടുകളിൽ ഞെരുക്കത്തിൽ തന്നെയായിരുന്നു. ഒന്നാം ക്ലാസ്സ് മുതൽ ഫീസ് കൊടുക്കണം. പെൺകുട്ടികൾക്ക് ഫീസ് ഇളവുണ്ടായിരുന്നു. പകുതി ഫീസ് മതി. 5,6,7 ക്ലാസ്സുകളിൽ ആൺകുട്ടികൾക്ക് മൂന്നു രൂപ. 8,9,10 ക്ലാസ്സുകളിൽ അഞ്ചേകാൽ രൂപ. പെൺകുട്ടികൾ യഥാക്രമം ഒന്നരരൂപയും രണ്ടു രൂപ പത്തണയും കൊടുത്താൽ മതി. ഇത് അത്ര വലിയ സംഖ്യയാണോ എന്ന് ആളുകൾ മൂക്കിൽ വിരൽ വെക്കും ഇന്ന്. കോളേജിന്റെ കാര്യം ചിന്തിക്കുകയേ വേണ്ട. അഞ്ചേകാൽ രൂപ ഇത്ര വലുതാണോ എന്നാണെങ്കിൽ രൂപയുടെ മൂല്യത്തെക്കുറിച്ച് അറിയണം. ഒരു ചാക്ക് കുത്തരിക്ക് 8 രൂപ. പവന് 15 16 രൂപ. ഒരു രൂപ എത്ര വിലപിടിച്ചതാണെന്ന് മനസ്സിലായില്ലേ. ഇന്നത്തെപ്പോലെ പണത്തിന്റെ കുത്തൊഴുക്കുകൾ, ഗൾഫ് പണം, അധികൃതവും അനധികൃതവുമായ പണം വരവ് ഇതൊന്നും ഉണ്ടായിരുന്നില്ല. യുദ്ധകാലത്ത് പലരും പട്ടാളത്തിൽ ചേർന്നു. അങ്ങനെ ചെറിയ വരുമാനം പല കുടുംബങ്ങളിലും ഉണ്ടായി.

ഹൈസ്കൂൾ വിദ്യാഭ്യാസം തന്നെ ബുദ്ധിമുട്ടായ സ്ഥിതിക്ക് കോളേജിന്റെ ചിന്ത തന്നെ കാരണവൻമാരുടെ തലയിൽ ഉണ്ടായിരുന്നില്ല. പാരലൽ കോളേജ് എന്ന് കേട്ടു കേൾവിയില്ല. പ്രൈവറ്റ് കോളേജുകൾ എണ്ണത്തിൽ വളരെ കുറവ്. കൈവിരലിൽ എണ്ണാവുന്ന പ്രൈവറ്റു കോളേജുകളിൽ ഹിസ്റ്ററിയോ എക്കണോമിക്സോ മാത്രം ഉണ്ടായെന്നു വരും. പഴയകൊച്ചിയുടെ കാര്യമാണല്ലോ പറയുന്നത്. ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി ദാഹിച്ചിരുന്ന വിദ്യാർത്ഥികളുടെ സ്വർഗ്ഗമെന്ന് കണക്കാക്കപ്പെട്ടിരുന്ന മഹാരാജാസ് കോളേജ് അവിടെ പ്രവേശനം കിട്ടുന്നത് സ്വപ്ന സാക്ഷാത്ക്കാരം തന്നെ. അന്നത്തെ എറണാകുളത്തേക്ക് എത്തിപ്പെടലും ചുറ്റിലുമുള്ള ചെറുപ്രദേശക്കാർക്ക് എളുപ്പമായിരുന്നില്ല. നഗരം വിട്ടാൽ പിന്നെ നല്ല റോഡുകളില്ല. ടൗൺ ബസ് സർവ്വീസ് തുടങ്ങിയവയും ഇല്ല. മട്ടാഞ്ചേരിയിൽ നിന്നു ബോട്ടിനായിരുന്നു വിദ്യാർത്ഥികൾ വന്നിരുന്നത്. അന്നത്തെ മഹാരാജാസിനെപ്പറ്റി പറയാൻ തുടങ്ങിയാൽ അതുതന്നെ ഒരു ഉപന്യാസത്തിന് വിഷയമാകും.

ഏതായാലും ഇത്രയും എഴുതിയത് വായനശാലകൾക്ക്, ആ പഴയ കാലത്തുണ്ടായിരുന്ന പ്രാധാന്യം എടുത്ത് കാണിക്കാനാണ്. ഉപരിപഠനത്തിനുവേണ്ടി ദാഹിച്ചിരുന്ന സമർത്ഥരായ കുട്ടികളുടെ ആശ്രയം, വാസ്തവത്തിൽ വായനശാലകളായിരുന്നു. വിരൽത്തുമ്പുകളിൽ കൂടി വിവരങ്ങൾ

മനസ്സിൽ കയറിയിരുന്ന കാലമായിരുന്നില്ല അത്. പ്രഗത്ഭരായ അദ്ധ്യാപകരുടെ ക്ലാസ്സിലിരുന്ന് പഠിക്കാൻ ഭാഗ്യമുണ്ടായില്ലെങ്കിലും പ്രതിഭാധനരായ വ്യക്തികളുടെ കൃതികൾ വായിക്കുവാൻ വായനശാലകൾ തന്നെ വേണമായിരുന്നു. അവസരം നല്കി. കാവ്യങ്ങൾ, നിരൂപണങ്ങൾ, ജീവചരിത്രങ്ങൾ, നാടകങ്ങൾ ഇവയെല്ലാം നല്ല വായനശാലകളിൽ നിന്നും എടുത്ത് വായിച്ച് അറിവിനെ സമ്പന്നമാക്കുവാൻ സഹായിച്ചു.

ഇത്രയും പറയുമ്പോൾ ചില വായനശാലകളിൽ മാത്രം കണ്ടിരുന്ന ചില മാസികകളുടെ കാര്യം കൂടി പറഞ്ഞു കൊള്ളട്ടെ.

ഭരണസിരാകേന്ദ്രമായ എറണാകുളത്തിനുള്ള പ്രാധാന്യം കൊച്ചിയിലെ മറ്റൊരു നഗരത്തിനും ഉണ്ടായിരുന്നില്ല. മഹാരാജാവിന്റെ ആസ്ഥാനമായ തൃപ്പൂണിത്തുറയുടെ സാമീപ്യവും എറണാകുളത്തിനുണ്ടായിരുന്നു. ആയിരം പൂർണ്ണചന്ദ്രൻമാരെക്കണ്ട തലമുറയിലെ ചിലരെങ്കിലും ഇന്നുണ്ടായിരിക്കുമല്ലോ. എറണാകുളത്തെ സൂര്യോദയവും സൂര്യാസ്തമയവും കണ്ടു വളർന്ന് ഈ നാടിനെ വളരെ സ്നേഹിക്കുന്നുണ്ടെങ്കിലും ഒരു കാര്യം പറയാതെ വയ്യ. ശക്തന്റെ സ്നേഹപാത്രമായ തൃശൂർ നഗരം തന്നെയാണ് സാംസ്കാരിക തലസ്ഥാനം എറണാകുളത്തിന് ആ പഴയ കാലത്ത് സാഹിത്യരംഗത്ത് ശോഭിക്കുവാൻ സാധിച്ചിട്ടില്ലെന്നാണ് അനുഭവം. തൃശൂരിൽ നിന്നാണ്, പഴയ കൊച്ചിയുടേതെന്ന് അറിയപ്പെട്ടിരുന്ന മൂന്ന് മാസികകൾ പ്രസിദ്ധപ്പെടുത്തിയിരുന്നത്. (1) ലക്ഷ്മീഭായി (2) കൈരളി (3) മംഗളോദയം

ഇതിൽ 'ലക്ഷ്മീഭായി'ക്ക് ഒരു മുത്തശ്ശിയുടെ സ്ഥാനം നൽകാം. ചെറിയ പുസ്തകമാണ്. വെള്ളായ്ക്കൽ രാമൻ മേനോൻ എന്നൊരാളായിരുന്നു എഡിറ്റർ. തുടക്കം മിക്കവാറും കവി സാർവ്വഭൗമൻ കൊച്ചുണ്ണിത്തമ്പുരാനെപ്പോലെയുള്ളവരുടെ മംഗളശ്ലോകം, ഒരു ലേഖനം , ചില ശ്ലോകങ്ങൾ, അല്ലെങ്കിൽ ഏതെങ്കിലും സംസ്കൃത കൃതിയുടെ തർജ്ജമ, സീരിയൽപോലെ തുടർച്ചയായി, ഒരു ചെറുകഥ ഇതൊക്കെയാണ്. എന്നാൽ ചില സ്ഥിരം പംക്തികളുണ്ടായിരുന്നു. പാചകക്കുറിപ്പ് പഴയ കാലത്ത് മാസികകളിൽ പതിവില്ല. 'ലക്ഷ്മിഭായി' യിൽ സ്ഥിരമായി 'സൂദവിദ്യ' എന്ന പേരിൽ ഒരു വേലുപ്പിള്ള സ്ഥിരമായെഴുതുയിരുന്നു. കൂടാതെ ആരോഗ്യ സംരക്ഷണത്തിന് ആരോഗ്യചര്യ അമ്മമാർക്കും കുട്ടികൾക്കും വേണ്ടി മാതൃകാ മാതാവ് ഇങ്ങനെ ഉപകാരപ്രദമായ പംക്തികൾ ഉണ്ടായിരുന്നു. ചെറുകഥകൾ സാങ്കല്പികം തന്നെ. എന്നാൽ ചില ബർമ്മീസ് കഥകളുടെ തർജ്ജമ കണ്ടിട്ടുണ്ട്. ഇ.ഐ.പങ്ങി അച്ചൻ എന്നൊരാളായിരുന്നു തർജ്ജമ ചെയ്തിരുന്നത്. 'കൈരളി' കെട്ടിലും മട്ടിലും വ്യത്യസ്തവും കുറെക്കൂടി പുരോഗമനപരവുമായിരുന്നു. പത്രാധിപസമിതിയിൽ ശ്രീ.പുത്തേഴത്ത് രാമൻ മേനോൻ ഉണ്ടായിരുന്നു. അന്നത്തെ ചെറുപ്പക്കാർക്ക് കൈരളിയോടായിരുന്നു കൂടുതൽ പ്രിയം. ടാഗോറിന്റെ വിനോദിനിയും മറ്റും ഖണ്ഡശഃ പ്രസിദ്ധീകരിച്ചിരുന്നു. പി. ഉണ്ണികൃഷ്ണൻ നായർ എന്നൊരാളായിരുന്നു തർജ്ജമ ചെയ്തിരുന്നത്. മംഗളോദയം പുതുമയുൾക്കൊണ്ട കഥകളും ലേഖനങ്ങളും കൊണ്ട് ആകർഷകമായിരുന്നു.

എറണാകുളത്തിനും തൃപ്പൂണിത്തുറയ്ക്കും തമ്മിലുള്ള അടുപ്പം പോലെയാണ് സാഹിത്യസംബന്ധമായ കാര്യങ്ങളിൽ കുന്നംകുളത്തിന് തൃശൂരുമായുണ്ടായിരുന്ന ബന്ധം എന്ന് തോന്നാറുണ്ട്. എല്ലാ മാസവും കുന്നംകുളം എ. ആർ.പി പ്രസ്സിൽ നിന്നും ചെറിയ കഥാപുസ്തകങ്ങൾ പ്രസിദ്ധീകരിക്കും. രണ്ടണ അല്ലെങ്കിൽ പരമാവധി മൂന്നണയായിരിക്കും വില. എറണാകുളം ബ്രോഡ്‌വേയിൽ നിന്നും ഷൺമുഖം റോഡിലേക്ക് തിരിയുന്ന സ്ഥലത്ത് (പണ്ട്) സുന്ദരയ്യർ ആന്റ് സൺസ് എന്നൊരു പുസ്തക ഡിപ്പോ ഉണ്ടായിരുന്നു. അതിനോട് ചേർന്ന് രാമൻപിള്ള എന്നൊരാൾ നടത്തിയിരുന്ന ഒരു കൊച്ചുമുറി (കട) ഉണ്ടായിരുന്നു. എ. ആർ.പി. പ്രസ്സുകാരുടെ പുസ്തകങ്ങൾ അവിടെ നിന്നാണ് ലഭിച്ചിരുന്നത്. സുന്ദരയ്യർ ആന്റ് സൺസിൽ നിന്നായിരിക്കാം പുസ്തകങ്ങൾ ഈ ചെറുകടയിലേക്ക് വന്നിരുന്നത്. ഈ പുസ്തകങ്ങളിൽ ചിലതിന്റെ പേരെഴുതുന്നതിൽ അസാംഗത്യമില്ലെന്ന് കരുതുന്നു. (1) സുധ (2) പട്ടിണി (3) ആൾമാറാട്ടം (4) മായാമനുഷ്യൻ (5) ജാതകം പിഴച്ചു (6) നാടകഭ്രമം (7) കരിമുട്ടിയുടെ കർക്കശത്വം (8) മാടത്തിൽ നിന്ന് മാളികയിലേക്ക് (ഏകാങ്കം) ഓർമ്മയിൽ ചിലതാണ് എഴുതിയത്, കൂടാതെ പത്രപ്രവർത്തനത്തിന്റെ കാര്യവും പറയാതെ വയ്യ. കൊച്ചിക്കാർ അവരുടെ പത്രമായി കണക്കാക്കിയിരുന്നത് തൃശൂരിൽ നിന്നും പുറപ്പെട്ടിരുന്ന ഗോമതി ആയിരുന്നു. രാഘവൻ നായർ എന്നൊരാളായിരുന്നു പത്രാധിപർ. എറണാകുളത്ത് നിന്ന് 'ദീപിക' പിന്നീട് 'മലബാർ മെയിൽ' എന്നീ പത്രങ്ങൾ ഇറങ്ങിയെങ്കിലും ഇന്നത്തെ 'മാതൃഭൂമി' യുടേയും 'മലയാള മനോരമ' യുടേയും

ഒക്കെ സ്ഥാനം അന്ന് 'ഗോമതി'ക്കായിരുന്നു.

വായനശാലകളെക്കുറിച്ചാണല്ലോ പറഞ്ഞിരുന്നത്. ഇവിടെ നോവൽ സാഹിത്യം വളരുന്നതേ ഉണ്ടായിരുന്നുള്ളു. ഇംഗ്ലീഷ് ഭാഷയിൽ നല്ല പ്രാവിണ്യം നേടിയ പല എഴുത്തുകാരും ഇംഗ്ലീഷ് നോവലുകളുടെ പ്ലോട്ടിനെ അടിസ്ഥാനമാക്കി നോവലുകൾ എഴുതുകയുണ്ടായി. അവ പലതും വായനശാലകളിൽ ലഭ്യമായിരുന്നു. സി. വി. രാമൻപിള്ളയെ 'കേരള സ്കോട്ട്' എന്ന് വിളിച്ചിരുന്നുവല്ലോ. മലയാളിക്ക് പരിചിതമല്ലാതിരുന്ന കഥാകഥനരീതിയിലും സംഭ്രമജനകമായ സംഭവ വികാസങ്ങളും അപ്രതീക്ഷിതമായ രീതിയിലുള്ള സമാപ്തിയുമൊക്കെ മലയാളിക്ക് അവ വീണ്ടും വീണ്ടും വായിക്കുവാൻ പ്രേരണ നല്കി. അങ്ങനെ മലയാളിയെ ആകർഷിച്ച നോവലുകളിൽ രണ്ടെണ്ണത്തിനെക്കുറിച്ച് പറയാം. സി. കുഞ്ഞിരാമൻ നായർ എന്നൊരാൾ 'രാജസിംഹൻ' എന്നൊരു നോവലെഴുതി. ക്യാപ്റ്റൻ സ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ട ഒരു നാവികൻ സന്തോഷഭരിതനായി താൻ ഇഷ്ടപ്പെട്ട പെൺകുട്ടിയെ വിവാഹം കഴിക്കുവാൻ സ്വന്തം നഗരത്തിലെത്തുന്നു. വിവാഹമാല്യമല്ല, കയ്യാമമാണ് അയാളെ എതിരേറ്റത്. താൻ ചെയ്യാത്ത കുറ്റങ്ങൾ ചുമത്തപ്പെട്ട് ജീവപര്യന്തം തടവിന് വിധിക്കപ്പെടുന്നു. കടൽ തീരത്തുള്ള ഒരു ജയിലിൽ അടക്കപ്പെട്ടു. വർഷങ്ങൾ കഴിഞ്ഞു. കൈവശം വന്നുചേർന്ന ഒരു കമ്പികൊണ്ട് ഭിത്തിയിൽ കുത്തി അനേക ദിവസത്തെ പരിശ്രമം കൊണ്ട് രണ്ട് കല്ലുകൾ ഇളക്കിയെടുത്തു.

കടലിൽ ചാടി രക്ഷപ്പെടാമെന്ന് കരുതിയാണ് പരിശ്രമിച്ചത്. പക്ഷെ അത് മറ്റൊരു മുറിയായിരുന്നു. അയാൾ വളരെ നിരാശപ്പെട്ടു. എന്നാൽ ആ മുറിയിലുണ്ടായിരുന്ന ബുദ്ധിമാനായ വൃദ്ധനാണ് പിന്നീട് അയാൾക്കു വന്നു ചേർന്ന എല്ലാ നന്മയ്ക്കും കാരണഭൂതനായത്. പല ഭാഷകളും പഠിപ്പിച്ചു. ഒരു വലിയ പാറക്കെട്ടിൽ സൂക്ഷിച്ചിട്ടുള്ള അളവറ്റ ധനവും അമൂല്യരത്നങ്ങളും രക്ഷപ്പെട്ടാൽ കൈവശപ്പെടുത്തണമെന്ന് ഉപദേശിച്ചു. മാത്രമല്ല ക്യാപറ്റൻ സ്ഥാനം ആഗ്രഹിച്ചിരുന്ന ആളുണ്ടെങ്കിൽ ആ മനുഷ്യനും അയാളുടെ കാമുകിയിൽ ആർക്കെങ്കിലും താല്പര്യമുണ്ടായിരുന്നെങ്കിൽ അയാളും കുടി ആയിരിക്കും അയാളെ തടവിലാക്കാൻ കെണിയൊരിക്കിയതെന്നും പറയുന്നു. രക്ഷപ്പെട്ടാൽ പ്രതികാരം ചെയ്യണമെന്നും ഉപദേശിക്കുന്നു. വൃദ്ധൻ മരിച്ചു. അയാൾ തടവിൽ നിന്ന് ഭാഗ്യാതിരേകം കൊണ്ട് രക്ഷപ്പെടുന്നു. ധനം കൈക്കലാക്കി ഒരു പ്രഭുവിനെപ്പോലെ പഴയ നഗരത്തിലെത്തുന്നു. അയാളെ കണ്ടാൽ ആർക്കും തിരിച്ചറിയാൻ സാധിക്കാത്ത വിധം മാറ്റം വന്നിരുന്നു. രാജസിംഹൻ എന്ന പേർ സ്വീകരിച്ച അയാൾ തന്റെ ജീവിതം നരകതുല്യമാക്കിയ ആളുകളോട് പ്രതികാരം ചെയ്യുന്നു.

മറ്റൊരു നോവൽ കൊല്ലത്ത് നിന്നു പുറപ്പെട്ടിരുന്ന 'മലയാള രാജ്യ'ത്തിൽ ഖണ്ഡശഃ വന്നിരുന്നതാണ്. അപസർപ്പക നോവലെഴുതാറുണ്ടായിരുന്ന ബി.ജി.കുറുപ്പാണ് 'രാഗവല്ലരി' യെഴുതിയത് വായനക്കാരെ ഇത്രയധികം ആകർഷിച്ച മറ്റൊരു നോവൽ ഉണ്ടായിട്ടുണ്ടോ എന്ന് സംശയമാണ്. സീരിയലുകളും മറ്റും ഇല്ലായിരുന്നുവല്ലോ. ആഴ്ചപ്പതിപ്പിന്റെ വരവും കാത്ത് കയ്യിൽ കിട്ടുമ്പോൾ കൂട്ടം കൂടിയിരുന്ന് വായിക്കുന്നതു കണ്ടിട്ടുണ്ട്. എത്ര ദാനശീലയും സദ്വൃത്തയുമാണെങ്കിലും ലോകപരിചയമില്ലെങ്കിൽ ഒരു സ്ത്രീക്ക് വന്നുചേരാവുന്ന ആപത്തുകളാണ് ഇതിൽ വിവരിക്കുന്നത്. നിഷ്കളങ്കയും അതിസുന്ദരിയുമായ ഒരു പെൺകുട്ടിയാണ് ഇതിലെ നായിക. ആദ്യം മുതലേ അവളിൽ അഭിനിവേശം ഉണ്ടായിരുന്ന ഒരു ഖലൻ അവൾ വിവാഹിതയായി എന്നറിഞ്ഞിട്ടും തന്റെ ദുർമോഹത്തിൽ നിന്നും പിൻമാറുന്നില്ല. സമർത്ഥനും യോഗ്യനുമായിരുന്ന ഒരു അഭിഭാഷകനായിരുന്നു അവളുടെ ഭർത്താവ് ചെയ്യാത്ത കൊലക്കുറ്റം ആരോപിക്കപ്പെട്ടതിനാൽ ഒളിവിൽ കഴിഞ്ഞിരുന്ന ഒരു മനുഷ്യൻ ഈ വക്കീലിന്റെ കക്ഷിയായിരുന്നു. ഇക്കാര്യത്തിനുവേണ്ടി ഇടക്കിടെ അയാളുടെ സഹോദരി വക്കീലിനെ കാണാൻ വന്നുകൊണ്ടിരുന്നു. ഛിദ്രം വരുത്തുവാൻ തരം പാർത്തു നടന്നിരുന്ന നീചനായ ആ മനുഷ്യൻ, അവളിൽ തന്റെ ഭർത്താവിനെക്കുറിച്ചു സംശയത്തിന്റെ വിത്തുകൾ പാകുന്നു. സംശയാസ്പദമായ രീതിയിൽ ആ യുവതിയേയും ഭർത്താവിനേയും കാണാൻ സാഹചര്യം ഉണ്ടാക്കുന്നു. തന്നെ ജീവനുതുല്യം സ്നേഹിച്ചിരുന്ന ഭർത്താവിനോട് കാര്യങ്ങൾ തുറന്ന് ചോദിച്ചു മനസ്സിലാക്കുന്നതിനു പകരം ആ ദുഷ്ടന്റെ വാക്ക് വിശ്വസിച്ച് അവൾ നാടു വിടുന്നു. പിന്നീട് അനുഭവിക്കേണ്ടി വന്ന ദുരിതങ്ങൾക്കവസാനമില്ല. ദാമ്പത്യജീവിതത്തിൽ മൂന്നാമന് സ്ഥാനം കൊടുക്കാൻ പാടില്ലായെന്നു ഈ നോവൽ നമ്മെ പഠിപ്പിക്കുന്നു. ഇതേ കഥ 'മായാവിലാസം' എന്ന പേരിൽ ഒരാൾ നോവൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മഹാരാജാസ് കോളേജിൽ ചേർന്നശേഷം ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ എടുത്തു

വായിച്ചു തുടങ്ങിയപ്പോഴാണ് ''രാജസിംഹൻ'' "The count of monte christo" ആണെന്നും രാഗവല്ലരി പ്രസിദ്ധ നോവലായ East lymme ആണെന്നും മനസ്സിലായത്. ആദ്യകാലത്ത് ഇത്തരം നോവലുകളൊഴികെ മറ്റുള്ള സാഹിത്യ രചനകൾ (കാവ്യങ്ങൾ തുടങ്ങിയവ) വായനശാലയിൽ ലഭ്യമായിരുന്നു എന്ന് നേരത്തെ എഴുതിയിട്ടുണ്ടല്ലോ. കോളേജിൽ ചേർന്നു പഠിച്ചില്ലെങ്കിലും വായനകൊണ്ടു നേടാവുന്ന മനോവികാസവും വെളിച്ചവും പലരുടേയും മനസ്സിന് സാന്ത്വനമേകി. പിന്നീടാവട്ടെ കേരളീയ സംസ്കാരം ഉൾക്കൊള്ളുന്ന മലയാളത്തിനു മാത്രം സ്വന്തമായ നോവലുകൾ പിറന്നു. തകഴി, ബഷീർ, കേശവദേവ് തുടങ്ങിയ സർഗ്ഗധനൻമാർ ഭാഷയെ സമ്പന്നവും ഭാഷാസ്നേഹികളെ സംതൃപ്തരുമാക്കി. ആ ശൃംഖല തുടർന്നു കൊണ്ടിരിക്കുന്നു. പക്ഷേ ഇതിനിടയിൽ ഒരു കാര്യം ഓർത്തു പോകുന്നു. ഇംഗ്ലീഷ് നോവലുകൾ വായിച്ചപ്പോൾ ഇതുപോലുള്ള കഥാപുസ്തകങ്ങൾ നമ്മുടെ ഭാഷയിലും ഉണ്ടാവണമെന്ന് ആഗ്രഹിച്ചാണ് ചന്തുമേനോൻ ഇന്ദുലേഖ രചിച്ചത്. എന്നാൽ അത്ഭുതകരമെന്നു പറയട്ടെ ലക്ഷണമൊത്ത ഈ ആദ്യനോവലിൽ പ്രതിഫലിക്കുന്നത് അന്നത്തെ കേരളീയാന്തരീക്ഷം മാത്രമാണ്. മരുമക്കത്തായം, കൂട്ടുകുടുംബ വ്യവസ്ഥിതി, നമ്പൂതിരി സംബന്ധങ്ങൾ, പെൺകുട്ടികൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകത, വിദ്യാഭ്യാസം ലഭിച്ച ഇന്ദുലേഖയും അത് ലഭിക്കാത്ത മറ്റു പെൺകുട്ടികളുമായുള്ള സ്വഭാവവ്യത്യാസം ഇതൊക്കെ ഒരു തരത്തിലുള്ള അനുകരണവും കൂടാതെ ചന്തുമേനോൻ ഭംഗിയായി അവതരിപ്പിച്ചു.

വായനശാലകളാണ് അന്ന് ഒരു പരിധിവരെ സാധാരണക്കാരുടെ അകക്കണ്ണു തെളിയിച്ചതെന്ന് പറഞ്ഞാൽ തെറ്റില്ല. പുസ്തകങ്ങളൊക്കെ സ്വന്തമായി വാങ്ങിവെയ്ക്കാൻ സാധിച്ചു എന്നു വരുന്നത്, എല്ലാവരാലും സാധ്യമല്ല. അന്ന് മാത്രമല്ല ഇന്നും.

വിരൽത്തുമ്പിൽ കൂടി വിജ്ഞാനം കടന്നു വരുന്ന കാലത്തെക്കുറിച്ചല്ല, പ്രധാനമായും പരാമർശിച്ചത്. ഭൂതകാലത്തെക്കുറിച്ചാണ്. കാരണം അന്ന് വിദ്യാഭ്യാസം സൗജന്യമായിരുന്നില്ല. വിദ്യാഭ്യാസസ്ഥാപനങ്ങൾ എണ്ണത്തിൽ വളരെ കുറവ്. പണത്തിനാണെങ്കിൽ വലിയ ഞെരുക്കം. ഇത്തരം സാഹചര്യങ്ങളിൽ വിജ്ഞാനദാഹികൾക്കു നല്ല വായനശാലകൾ ചെയ്തിരുന്ന നിശ്ശബ്ദവും വിശിഷ്ടവുമായ സേവനം എത്രയോ മഹത്തരമായിരുന്നു എന്ന് വ്യക്തമാക്കുകയാണ് ഈ ലേഖനത്തിൽ വായനാശീലം. ഏതുകാലത്തും മനുഷ്യന് വെളിച്ചവും മനസ്സിന് വികാസവും നല്കുന്നതാണെങ്കിലും അറിവ് നേടുവാൻ മറ്റു യാതൊരു പോംവഴികളുമില്ലാതിരുന്ന ഭൂതകാലത്തിന് വായനശാലകൾ എത്രയോ വലിയ സേവനമാണനുഷ്ഠിച്ചിരുന്നത് എന്ന് അറിഞ്ഞിരിക്കേണ്ടതാണ്●

## വിശേഷ ദിവസങ്ങൾ

2017 മെയ് 15 മുതൽ ജൂൺ 14 വരെ

| | | |
|---|---|---|
| മെയ് | 21 | ദത്താത്രയ ജയന്തി |
| | 25 | മത്സ്യാവതാരം, ഗുരുവായൂർ വൈശാഖ മാസാവസാനം |
| | 26 | അമ്പലപ്പുഴ പ്രതിഷ്ഠാദിനം |
| ജൂൺ | 4 | ശബരിമല പ്രതിഷ്ഠാദിനം |
| | 5 | ലോകപരിസ്ഥിതിദിനം |
| | 6 | കൊട്ടിയൂർ മഹാദേവക്ഷേത്രം നെയ്യാട്ട് |
| | 14 | ലോകരക്തദാന ദിനം |

## നവരാത്രി ആഘോഷ മത്സരങ്ങൾ 2017

**എറണാകുളം കരയോഗം നവരാത്രി ആഘോഷ മത്സരങ്ങൾ 2017 ജൂലൈ മാസം 16-ാം തീയതി മുതൽ ആരംഭിക്കുന്നു. അപേക്ഷ ഫോറങ്ങൾ ജൂലൈ 1-ാം തീയതി മുതൽ കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷഫോറങ്ങൾ ജൂലൈ 14-ാം തീയതി വരെ സ്വീകരിക്കുന്നതാണ്.**

*(തുടർച്ച)*

# സി. വി. രാമൻപിള്ളയുടെ ചരിത്രാഖ്യായികകൾ

**കല്പകം സോമരാജൻ**

എട്ടു വീടരിൽ പ്രസിദ്ധനായ കഴക്കൂട്ടത്തു പിള്ളയുടെ അനന്തരവളായ ത്രിപുരസുന്ദരി കുഞ്ഞമ്മ കുട്ടികോന്തിശൻ എന്ന കഥാപാത്രത്തോടൊപ്പം തിരുവിതാംകൂറിൽ നിന്ന് രക്ഷപ്പെടുന്നു. ഇതു മാർത്താണ്ഡവർമ്മയുടെ തുറകേറ്റും കഴുകേറ്റും എന്ന ഘോരശിക്ഷ നടപ്പാക്കുന്നതിനു മുമ്പാണ്. ഈ ദമ്പതിമാർക്ക് സാവിത്രി എന്നൊരു മകളും ത്രിവിക്രമൻ ജനാർദ്ദനൻ എന്ന രണ്ടിരട്ട സഹോദരങ്ങളും ഉണ്ടാകുന്നു. ഈ സാവിത്രിയുടെ മകളാണ് ധർമ്മരാജയിലെ നായിക മീനാക്ഷി. ആൺകുട്ടികളെ അച്ഛൻ അമ്മയിൽ നിന്ന കറ്റി രഹസ്യമായി പാർപ്പിച്ച് മന്ത്രതന്ത്രവിദ്യകളും ആയുധാഭ്യാസവും നൽകി ശക്തരാക്കുന്നു. ഇവരാണ് പിന്നീട് ഹരിപഞ്ചാനനയോഗീശ്വരൻമാർ എന്ന പേരിൽ തിരുവിതാംകൂറിൽ പ്രത്യക്ഷപ്പെടുന്നത്. തങ്ങളുടെ കുടുംബത്തോട് രാജാവ് കാണിച്ച അനീതിക്കു പകരം വീട്ടുക എന്നതായിരുന്നു അവരുടെ ജീവിത ലക്ഷ്യം. വിജയശ്രീലാളിതരായി മാത്രമേ മാതൃദർശനം പാടുള്ളു എന്ന അച്ഛന്റെ ആജ്ഞ ശിരസാ വഹിച്ച് അന്ത്യം വരെ അവർ നിലകൊള്ളുന്നതായി കാണാം.

എട്ടു വീടരിൽ ശക്തനും എന്നാൽ മദ്യമദിരാക്ഷികൾക്ക് അടിയറവ് പറയുന്നവനുമായിരുന്ന രാമനാമഠത്തിൽ പിള്ളയുടെ ഏക സന്താനമായിരുന്ന ചിലമ്പിനേത്തു കാളി ഉടയാൻ ചന്ദ്രാക്കാരൻ മാർത്താണ്ഡവർമ്മയുടെ ഘോരശിക്ഷ നടപ്പാക്കിയതിനുശേഷം കഴക്കൂട്ടത്തു പിള്ളയുടെ പരദേവതാക്ഷേത്രവും അതിനോടനുബന്ധിച്ച വസ്തു വകകളും കയ്യടക്കി അഭിവൃദ്ധിപ്പെടുത്തി കിരീടം വെയക്കാത്ത രാജാവായി. 'ചന്ദ്രക്കാരൻ ഭരിച്ചാൽ ഈ തിരുവിതാംകോട് ഭരുമോ' എന്നു നോക്കട്ടെ എന്നു പറഞ്ഞ് സ്ഥലവാഴ്ച നടത്തുന്നു. നിരക്ഷരകുക്ഷിയും ശക്തനുമായ ഇയാൾ 'കായം ചൂന്ന ഇരുളൻമാരെന്ന്' അറിഞ്ഞു കൊണ്ടു തന്നെ ഹരിപഞ്ചാനന യോഗീശ്വരൻമാർക്ക് രാജദ്രോഹകർമ്മത്തിനായി എല്ലാ ഒത്താശയും ചെയ്തു കൊടുക്കുന്നു. നിൽക്കക്കള്ളിയില്ലാതെ വരുന്ന ചന്ദ്രക്കാരൻ 'ഇരുളനെ നീ തന്നെ തുണ' എന്ന് ജല്പിച്ചു കൊണ്ട് ഘോരാന്തകാരത്തിൽ മറയുന്നു. എന്നാൽ കഥാഗതിയിൽ കാളിപ്രഭാവ ഭട്ടനായും മാണിക്യഗൗണ്ടനായും വീണ്ടും തിരുവിതാംകൂറിൽ പ്രത്യക്ഷപ്പെട്ട് രാജനാശത്തിനായി ചാരപ്രവർത്തികളിൽ ഏർപ്പെടുന്നതു കാണാം. എന്നാലും രാജാവിൽ പ്രജകൾക്കുള്ള അകളങ്കിതമായ ആത്മവിശ്വാസം ചന്ദ്രക്കാരന്റെ വാക്കുകളിൽ തന്നെ കേൾക്കാം. വിവിധ വേഷങ്ങളിൽ രാജദ്രോഹം ചെയ്ത ചന്ദ്രക്കാരൻ അവസാനം പിടിക്കപ്പെട്ട് ടിപ്പുവിന്റെ കാലടികളിൽ എത്തുന്നു. ടിപ്പു വധശിക്ഷയാണ് ചന്ദ്രക്കാരന് വിധിക്കുന്നത്. ധീരനായ രാജദ്രോഹിയായ ആ രാജഭക്തൻ ടിപ്പുവിനോട് അപ്പോൾ പറയുന്നത് 'അത്തണലിൽ ചെന്ന് ഇന്നു വിഴുന്നാലും ചേക്ക കിട്ടും തിരുവടി' എന്നാണ്. ചാരവൃത്തി ചെയ്യുന്നവർക്കുപോലും മനഃ വ്യതിയാനം വരത്തക്കവണ്ണം ദയാപൂർണ്ണനായിരുന്നു രാജശ്രേഷ്ഠൻ എന്ന സി.വി. യുടെ ഉറച്ച വിശ്വാസമാണ് ഈ വരികളിൽ സ്ഫുരിച്ചു നില്ക്കുന്നത്.

തിരുവിതാംകോടിൽ പ്രസിദ്ധമായ നാശോന്മുഖമായ ചാരോട്ടു കൊട്ടാരത്തിന്റെ തിണ്ണയിൽ മാർത്താണ്ഡവർമ്മ യുവരാജാവും ഭൃത്യനായ പരമേശ്വരൻ പിള്ളയും വേഷപ്രച്ഛന്നരായി ഇരിക്കുന്നു. നാട്ടിൽ നടമാടുന്ന ധർമ്മാധർമ്മ പ്രവൃത്തികൾ സ്വയം കണ്ടറിയുന്നതിന് ഇറങ്ങി തിരിച്ച മാർത്താണ്ഡവർമ്മ രാജകുമാരനും ഭൃത്യനും മാതുലന് സുഖമില്ല എന്ന വൃത്താന്തം അറിഞ്ഞ് തിരികെ കൊട്ടാരത്തിലേക്ക് പോകുവാൻ തുടങ്ങുന്നു. എന്നാൽ ഈ സമയം രാജപുത്രൻമാരായ തമ്പിമാരാൽ നിയോഗിക്കപ്പെട്ട വേല്ക്കാർ വേലുക്കുറുപ്പ് എന്ന ശക്തനും കുടിലനുമായ പടയാളിയുടെ നേതൃത്വത്തിൽ പ്രച്ഛന്നവേഷധാരികളെ പിൻതുടരുന്നു. ജീവരക്ഷാർത്ഥം പായുന്ന ഇവരുടെ മുന്നിൽ ഒരു ചാന്നാനെ കഥാകാരൻ അവതരിപ്പിക്കുന്നു. ഓടി തളർന്നെത്തുന്ന യജമാനനേയും ഭൃത്യനേയും കാലപ്പഴക്കം കൊണ്ട് ഇലകളും ശിഖരങ്ങളും പൊ

ഴിഞ്ഞു നില്ക്കുന്ന ഒരു പ്ലാവിന്റെ ഒരു മുറിയോളം വലിപ്പമുള്ള പോടു കാട്ടിക്കൊടുത്ത് അതിൽ കയറി രക്ഷപ്പെടുവാൻ ഭ്രാന്തൻ ആംഗ്യഭാഷയിൽ ആവശ്യപ്പെടുന്നു. അവർ അതനുസരിക്കുന്നു. തുടർന്ന് ഓടുന്ന ഭ്രാന്തന്റെ കാലടികളെ പിൻതുടർന്ന് ഓടുന്ന വേൽക്കാർ വളരെ ദൂരത്തെത്തുമ്പോൾ 'വേളിമലയിലെ പോവാതുങ്കോ തീ കോരിചൊരിയിറ പൂതമുണ്ടേ' എന്നു പാടി ചുവടു വെയ്ക്കുന്ന ഭ്രാന്തനെയാണ് കാണുന്നത്. അചരജന്മമായ ഒരു പ്ലാവുപോലും കഥാപാത്രമായി വരുന്ന ഈ കഥ ലോകസാഹിത്യത്തിൽ തന്നെ തിളങ്ങി നില്ക്കുന്നു. തുടർന്നു വരുന്ന കഥാഭാഗത്ത് ചെമ്പകശ്ശേരി മൂത്തപിള്ളയേയും ആ പ്രഭുഗൃഹത്തേയും അവിടുത്തെ അന്തേവാസികളേയും അവതരിപ്പിക്കുന്നു. കഥാനായികയായ പാറുക്കുട്ടിയുടെ മാതാവ് കാർത്ത്യായനിപിള്ള തിരുവിതാംകൂറിലെ ആഢ്യസ്ത്രീ ജന്മങ്ങൾക്ക് നിതാന്തനിദർശനമായി കഥാന്ത്യം വരെ നിലക്കൊള്ളുന്നു. എട്ടുവീടരിൽ പ്രസിദ്ധരായ ചെമ്പശ്ശേരിയിലേയും തിരുമുഖത്തേയും പിള്ളമാരുടെ ആയുധാഭ്യാസത്തിൽ ആശായ്മസ്ഥാനീയരും ഇപ്പോൾ ചെമ്പകശ്ശേരിയിലെ ആയുധപ്പുര സൂക്ഷിപ്പുകാരനുമായ ശങ്കുആശാന്റെ രംഗപ്രവേശം വളരെ ജീവസുറ്റതാക്കിയിരിക്കുന്നു. കോപിഷ്ഠനായ ആശാൻ പാറുക്കുട്ടിയോട് സുന്ദരയ്യൻ എന്ന പപ്പു തമ്പിയുടെ ആശ്രിതനെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്. 'ശെന്നേ നാരായണ ശെന്നേ നാരായണ വലിയ തമ്പി അങ്ങത്തെ കുതിര കേറണവനോ ഞാനാറിയൂല്ലയോ, പിന്നെ ആഭാതക്കൂട്ടം !

ഇയത്തങ്ങളെ ഇതിനകത്ത് കാലെടുത്ത് കുത്താൻ തമ്മസിച്ചൂടാ എവൻ പട്ടരോ? അവന്റെ പൂണൂലിനെ പിടുങ്ങി വലകെട്ടണം. എവനോ ആ കരിങ്കള്ളൻ തലയിലിടിത്തീ വീഴണ കറുത്ത വാവിന് പിറന്ന ചുടലമാടൻ, പല്ലൻ കുറുപ്പോ, എന്തൊരു കുറുപ്പോ ഓ അവന്റെ തന്ത്യാനല്ലോ' എന്നിങ്ങനെയുള്ള ഗ്രാമ്യശൈലി പുസ്തകത്തിലുടനീളം കാണാം.

രാജ്യത്ത് അന്തഛിദ്രം ഉണ്ടാക്കുന്ന പ്രബലരായ എട്ടുവീട്ടിൽ പിള്ളമാരെ കുറിച്ച് സൂചിപ്പിക്കാതെ സി.വി കഥ പൂർത്തിയാവുകയില്ല. കഴക്കൂട്ടത്തു പിള്ള ചെമ്പഴന്തി പിള്ള പള്ളിച്ചൽ പിള്ള, മാർത്താണ്ഡൻ തിരുമഠത്തിൽ പിള്ള, വെങ്ങാന്നൂർ പിള്ള, കുളത്തൂർ പിള്ള, കുടമൺപിള്ള, രാമനാമഠത്തിൽ പിള്ള ഇത്രയും നാട്ടുപ്രഭുക്കളാണ് എട്ടുവീട്. ഇവരുടേയും ആശ്രിതരുടേയും തലമുറകളുടെ കഥകൾ ഗ്രന്ഥത്തിൽ ഉടനീളം കാണന്നു. എട്ടുവീടരുടെ ആലോചനാ യോഗത്തിൽ മുന്നോടിയായ സത്യപ്രതിജ്ഞ അന്നത്തെ നാട്ടു സംസ്കാരത്തിന്റെ മഹത്വവും ശ്രേഷ്ഠതയും കാട്ടി തരുന്നു. അറപ്പുര തളത്തിൽ മധ്യത്തിലായി പട്ടു വിരിച്ച് അതിൽ കത്തിച്ച നിലവിളക്കു വെയ്ക്കുന്നു. അതിനു മുന്നിൽ ഒരു സ്വർണ്ണമോതിരവും വെയ്ക്കുന്നു. അനന്തരം പടിഞ്ഞാട്ട് മുഖദർശനമായി നിന്ന് ഓരോരുത്തരും ദീപത്തിന്റെ മേൽ വലതു കൈ നീട്ടിപിടിച്ച് ഇങ്ങനെ സത്യം ചെയ്യുന്നു. 'തിരുഅനന്തശയനത്തിൽ പള്ളിക്കൊള്ളും ശ്രീപത്മനാഭ പെരുമാളാണേ പൊന്നാണേ, വിളക്കാണേ ഈ കുലമാളും കരിങ്കാളിയാണേ നാമിപ്പരിഷകൾ തവയോഗമാകെക്കൂടി ഒരുയിരായി കൂറും ചൊല്ലുവയൊന്നും ഇക്കരള് പിണമാകിലും എപ്പേർ പെട്ട വിനയിടരടൻ യാവൊന്നിലും കനക കൊതിയിലും മങ്കമടിയിലും മനംമയങ്കിയും മറുചെവിയിലും പോകാതു പോകാതു സത്യം സത്യം' ഇങ്ങനെ എട്ടുവീടരും തമ്പിയുടെ പ്രതിനിധിയായി സുന്ദരയ്യനും സത്യപ്രതിജ്ഞ ചെയ്യുന്നു. പ്രതിജ്ഞ ലംഘിക്കപ്പെടുന്നത് കഥാഗതിയിൽ കാണാം.

പഠാണിപാളയത്തിൽ നിന്ന് യുവരാജവിനായി കടലാസിൽ ആലേഖനം ചെയ്യപ്പെട്ട് ഭൂതൻ എത്തിക്കുന്ന കുറിമാനത്തെക്കുറിച്ചുള്ള പരാമർശം രസാവഹമാണ്. 'എന്താ പരമേശ്വരൻ' എന്ന തിരുമേനിയുടെ ചോദ്യത്തിന് 'അടിയൻ' എന്നു പറഞ്ഞുകൊണ്ട് കയ്യിലിരുന്ന സാധനത്തെ അറപ്പോടെ രാജസന്നിധിയിൽ നിക്ഷേപിക്കുന്നു. 'ഇത് കടലാസിൽ എഴുതിയ കത്തല്ലെ നീ ഇതിനെ കുളിപ്പിച്ചോ' എന്ന ചോദ്യത്തിന് 'അടിയൻ മേത്തൻമാരു തൊട്ട് ശുദ്ധം മാറിയതിനാലാണ് അതിനെ കുളിപ്പിച്ചത്' എന്നുള്ള ശുദ്ധനായ പരമേശ്വരൻ പിള്ളയുടെ പരാമർശം ഇന്നെന്നല്ല ഏതു കാലത്തും ആസ്വാദകരെ രസിപ്പിക്കും.

വ്യക്തിത്വമഹിമ കാത്തു സൂക്ഷിക്കുന്ന അതികായ കുടില കഥാപാത്രമായിട്ടാണ് ചന്ദ്രക്കാറനെ സി.വി. അവതരിപ്പിക്കുന്നത്. ഒരു ജന്മത്തിൽ തന്നെ അനേക ജന്മങ്ങൾ ആടി തീർക്കുന്ന ചന്ദ്രക്കാറൻ 'ആണായി പിറന്നാൽ ഒരൊറ്റ പെരുങ്കൈ എങ്കിലും നോക്കണം. അല്ലാത്ത പിറവിയും ഉയിരും ആണത്തത്തിന് ചേർന്നതല്ല' എന്നാണ് ഹരിപഞ്ചാനനോടു പറയുന്നത്. പടത്തലവനെ കൊല്ലാൻ വിഷമുന കഠാര വെച്ചു നീട്ടുന്ന യോഗിയോട് ഞങ്ങൾക്ക് അത്തൊഴിലില്ല സ്വാമി നേർ കത്തി, കുറുന്തടി, അവനോൻ കൈയ്യ് ഇവകൊണ്ട് വെല്ലാക്കാര്യം വേണ്ടാന്നു വെച്ചേക്കാം. അവനോന്റുള്ളം അവനോന് 'അതാണ് ചന്ദ്രക്കാറൻ. തന്റെ

മനക്കോട്ടകൾ തകർത്ത് അനന്തരവനേയും കൊല്ലിക്കുന്ന യോഗീശ്വരനെ 'എരിഞ്ഞ് ചാമ്പലടിച്ച് പറന്നുപോട്ടെ പഞ്ചപാതകൻ' എന്നു ശപിക്കുന്നു. ഈ ശാപം പിന്നീട് യാഥാർത്ഥ്യമായി ഭവിക്കുന്നു. ശിലാഹൃദയനായ ചന്ദ്രക്കാരൻ രാമരാജബഹദൂറിന്റെഅന്ത്യഭാഗത്ത് ഭർതൃപരിത്യക്തയായ മീനാക്ഷിയുടെ ദുഃഖം കണ്ട് തളരുന്നു. അവരുടെ ഏകപുത്രി സാവിത്രിയെ ജീവഹാനി വരാതെ പരിരക്ഷിക്കുന്നു. ഒരിക്കൽ 'ചാമുണ്ഡിതേവടിയാൾ' എന്നു വിളിച്ച് അപമാനിച്ച ജഗദംബയെ ഇപ്പോൾ ഈ പുത്രിക്ക് വേണ്ടി ഹൃദയപൂർവ്വം സ്തുതിച്ച് ആരാധിക്കുന്നു.

ധർമ്മരാജയിലെ പ്രമുഖ കഥാപാത്രങ്ങളായ ഉഗ്രശാന്തഹരിപഞ്ചാനനൻമാർ മനുഷ്യപ്രകൃതിയുടെ തന്നെ വിചിത്ര സൃഷ്ടികളായി നിലക്കൊള്ളുന്നു. ഒരേ ചിത്തവൃത്തിയെ ഒരേ സമയം രണ്ടു രീതിയിൽ വാചാകല്പനകൾകൊണ്ട് സി.വി. സാധിച്ചിരിക്കുന്നു. രാജപദ തൃഷ്ണയും കൊടിയ വൈരാഗ്യവും ഒന്നായി രൂപമെടുത്ത ഉഗ്രപഞ്ചാനനൻ എല്ലാ ദുഷ്കർമ്മങ്ങളും തന്റെ ലക്ഷ്യപ്രാപ്തിക്കായി നിർവ്വഹിക്കുന്നു. സ്വമാതാവിന്റെ അന്ത്യാഭിലാഷമായ പുത്രദർശനകാംക്ഷപോലും സാധിപ്പിച്ചു കൊടുക്കുവാൻ അദ്ദേഹം തയ്യാറാകുന്നില്ല. ക്രൂരനും കുടിലനുമായ ഈ തന്ത്രജ്ഞൻ ഇതിനെല്ലാം വിപരീതഭാവമായ ശാന്തനും സത്ബുദ്ധിയും തന്റെ ആത്മാംശവുമായ ശാന്തപഞ്ചാനനോടു കൂടെ അഗ്നിയിൽ ഒടുങ്ങുന്നതാണ് നോവലിൽ കാണുന്നത്. മനുഷ്യമനസ്സിന്റെ ഈദ്വിഭാവസൃഷ്ടി അനായാസേന അവതരിപ്പിക്കുന്ന ആ ഭാവനാവിലാസം വിശ്വസാഹിത്യ നഭസ്സോളം കഥാകാരനെ ഉയർത്തുന്നു.

അനന്തമുദ്ര കൊത്തിയ ഒരു മോതിരത്തിന്റെ കഥ വളരെ പ്രാധാന്യത്തോടെ പരാമർശിക്കപ്പെടുന്ന ഒരു ഉപകഥയാണ്. ത്രിപുരസുന്ദരി കുഞ്ഞമ്മ സ്വന്തം ആവശ്യത്തിനായി വില്ക്കേണ്ടി വരുന്ന ആ മോതിരം കഴക്കൂട്ടത്തു കുടുംബം വകയാണ്. ത്രിപുര സുന്ദരി അമ്മ തന്നെ ആ മോതിരത്തെക്കുറിച്ചു പറയുന്നത് 'ഞങ്ങളുടെ കൈവശമുണ്ടായിരുന്ന ആ മോതിരം കേശവൻ കുഞ്ഞു കൊണ്ടുപോയി അണ്ണാവയ്യന് വിറ്റു. അതാണ് തിരുവന്തപുരത്തുള്ള ഇപ്പോഴത്തെ കലക്കത്തിനെല്ലാം കാരണം. മോതിരം ആരുടെതെന്ന് സമ്മതിക്കുമ്പോൾ ഞങ്ങൾക്കെങ്ങനെ കിട്ടിയെന്നും ഞങ്ങളാരാണെന്നും ചോദ്യങ്ങൾ ഇളകും. പിന്നെത്തെ കഥ ഉണ്ണി തന്നെ ഊഹിക്കൂ'. ഈ വാക്കുകളിൽ നിന്ന് മോതിരത്തിന്റെ നിജസ്ഥിതി വ്യക്തമാകുന്നുണ്ടെങ്കിലും ആ മോതിരകഥ ഇളക്കി വിടുന്ന ഊഹാപോഹങ്ങൾ ഏത് അപസർപ്പക കഥയേയും വെല്ലുന്ന രീതിയിൽ രാജബുദ്ധിയിൽ വരെ കലക്കം സൃഷ്ടിക്കുന്നതു കാണാം.

രാജകുടുംബകഥകൾക്ക് സി.വി. തന്റെ കഥകളിൽ അത്രയ്ക്ക് പ്രാധാന്യം കൊടുത്തു കാണുന്നില്ല. കൊട്ടാരത്തിൽ നിന്ന് വിട്ട് പുറത്തു വന്ന് പ്രഭുക്കളുടെയും അവരെ ആശ്രയിച്ച് ജീവിക്കുന്ന സാമാന്യ ജനങ്ങളുടെയും കല്പനാകഥകൾ കൊണ്ട് നിറഞ്ഞു നില്ക്കുന്നവയാണ് സി.വി.യുടെ ആഖ്യായികകൾ. ഈ കല്പിത കഥകൾ തികച്ചും ചരിത്ര കഥാസ്പർശത്താൽ ചരിത്ര കഥകൾ തന്നെ എന്നു വിശ്വാസ്യത വരത്തക്കവണ്ണം അദ്ദേഹം ആവിഷ്കരിച്ചിരിക്കുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവ്,, കാർത്തിക തിരുനാൾ തമ്പുരാൻ, രാമരാജബഹദൂർ, നീട്ടെഴുത്ത് കേശവപിള്ള, അനന്തപത്മനാഭൻ പടത്തലവൻ, കേശവൻകുഞ്ഞ്, ജനറൽ കുമാരൻ തമ്പി തുടങ്ങിയവരെല്ലാം ചരിത്ര സത്യങ്ങളാണ്. സുബ്ബയ്യൻ ദളവ, സംമ്പ്രതി അയ്യർ, പോക്കുമൂസ മരയ്ക്കാർ, മാമാവെങ്കിടൻ, പവതികൊച്ചി, മീനാക്ഷി, ഭൈരവൻ, കുപ്പശ്ശാർ, അണ്ണാവയ്യൻ, എന്നിങ്ങനെ അനേകം അനേകം കഥാപാത്രങ്ങൾ വലിപ്പചെറുപ്പ ഭേദമെന്യേ സൂക്ഷ്മവൈചിത്ര്യത്തോടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വളയാത്ത നട്ടെല്ലും കുനിയാത്ത ശിരസ്സുമായി നിലക്കൊള്ളുന്ന ശക്തനായ ഒരു സരസ്വതി ഭക്തന്റെ ഔന്നിത്യം സിവി. തന്റെ കൃതികളിൽ ഉടനീളം കാത്തു സൂക്ഷിക്കുന്നു. രാജഭക്തിയും, രാജ്യഭക്തിയും വളരെ സൂക്ഷ്മമായ വിചിന്തനത്തിലൂടെ അദ്ദേഹം കൈകാര്യം ചെയ്തിരിക്കുന്നു. ഹൈദരുടേയും പിന്നീട് ടിപ്പുവിന്റെയും ആക്രമണത്തിന് വേണാട് വിധേയപ്പെടുമ്പോൾ രാജകേശവദാസനെപ്പോലുള്ള രാജസേവകരുടെയും രാജഭക്തരായ ജനങ്ങളുടെയും പൂർണ്ണമായ അർപ്പണബോധം സി.വിയിലും കാണാം. കുഞ്ചൈക്കുട്ടിപ്പിള്ളപോലെ സ്വരാജ്യത്തിനായി ജീവാർപ്പണം ചെയ്യുന്ന സൈന്യാധിപന്റെ യശസ്സ് ആചന്ദ്രതാരം ഉയർത്തികാട്ടുകയാണ് സി.വി. തന്റെ കൃതികളിൽ ചെയ്തിരിക്കുന്നത്.

ചരിത്രത്തിന്റെ നൂലാമാലകൾ ചരിത്രകാരൻമാർക്ക് വിട്ടു കൊണ്ട് മനുഷ്യനെയും പ്രപഞ്ചത്തെയും ഈശ്വരനെയും നിത്യസമസ്യകളായി ചിത്രീകരിച്ച് ലോകസാഹിത്യ നിലവാരത്തിലേക്ക് ഭാഷയെ കൈപിടിച്ചുയർത്തിയ ആ അനശ്വര സാഹിത്യ പ്രതിഭക്കു മുന്നിൽ നമോവാകം അർപ്പിച്ചു കൊള്ളുന്നു●

# അയ്യപ്പപ്പണിക്കർ കാലത്തെ പകർത്തിയ കവി

ഡോ. നളിനി സതീഷ്

ഒരു കവിയെ വിലയിരുത്തുവാൻ കാലത്തിനേ കഴിയൂ. ആരായിരുന്നു ശ്രീ അയ്യപ്പപ്പണിക്കർ? മലയാളസാഹിത്യലോകത്തിനു വേണ്ടി അദ്ദേഹം ചെയ്തതെന്ത്? അദ്ദേഹത്തിന്റെ ചരമത്തിനു ശേഷം പത്തു വർഷം തികയുന്നു. ഈ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ പറ്റിയ സമയം ഇതാണ്.

1930 ൽ കുട്ടനാട്ടിലെ കാവാലം കരയിൽ ജനിച്ച അയ്യപ്പപ്പണിക്കർ തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി കോളേജിൽ ഇംഗ്ലീഷ് അദ്ധ്യാപകനായി. കേരളസർവ്വകലാശാലയിലെ ഇംഗ്ലീഷ് വകുപ്പ് മേധാവിയായി. അമേരിക്കയിലെ ഇൻഡ്യാനാ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടി. യേൽ, ഹാർവാഡ് യൂണിവേഴ്സിറ്റികളിൽ ബിരുദാനന്തര ഗവേഷണം നടത്തി. കേരള കവിത എന്ന പ്രസിദ്ധീകരണത്തിന് നേതൃത്വം നൽകികൊണ്ട് മയക്കോവ്സ്ക്കിയുടെ കവിതകളും ക്യൂബൻ കവിതകളും, മറ്റു വിദേശഭാഷകളിലെ സാഹിത്യസൃഷ്ടികളും വിവർത്തനം ചെയ്തു. ഗുരുഗ്രന്ഥസാഹിബിന്റെ സംഗ്രഹവിവർത്തനം പ്രസിദ്ധപ്പെടുത്തി. Kerala Writers in English എന്ന പരമ്പരയുടെ എഡിറ്റർ എന്ന നിലയിൽ നമ്മുടെ കവികളെയും, കാഥികരെയും ലോകത്തിന് പരിചയപ്പെടുത്തി. കേരളത്തിലെ പ്രാചീനകവികളുടെ സൃഷ്ടികൾ രാമചരിതം മുതൽ തോറ്റംപാട്ടുകൾ വരെ സമാഹരിച്ച് പ്രസിദ്ധപ്പെടുത്തി. ഒരു ജീവിതകാലത്തിനിടക്ക് ഇത്രയും സാംസ്കാരികസംഭാവനകളോ നാം അത്ഭുതപ്പെട്ടു പോകുന്നു.

എങ്കിലും കവി എന്ന നിലയ്ക്ക് അദ്ദേഹത്തെ കാണാനാണ് നമുക്കിഷ്ടം. കേരളത്തിൽ ആധുനികതയെ കുറിച്ച് ആദ്യമായി ആധികാരികമായി സംസാരിച്ച കവിയാണ് അദ്ദേഹം. 1971 ൽ മാത്രം പാശ്ചാത്യലോകത്ത് പ്രചരിച്ച ഉത്തരാധുനികം (Post Modernism) ഒരു പ്രസ്ഥാനസംജ്ഞയായി അദ്ദേഹം പരിചയപ്പെടുത്തി. 1979 ലെ കാസർകോട് സമ്മേളനത്തിൽ നല്ല കവിത, ചീത്ത കവിത എന്ന വിവേചനത്തെ അദ്ദേഹം ചോദ്യം ചെയ്തു. ചീത്ത കവിതകൾ എഴുതാനുള്ള സ്വാതന്ത്ര്യമില്ലെങ്കിൽ പിന്നെന്താണ് കവിയുടെ സ്വാതന്ത്ര്യം ? നല്ല കവിതയെ നിരാകരിച്ച് പുതുവഴി അന്വേഷിക്കുന്ന ചീത്ത കവിതയായിരിക്കും കാവ്യകലയെ മുന്നോട്ടു നയിക്കുന്നത് എന്ന് അദ്ദേഹം പ്രവചിച്ചു. ഭാരതീയ ഭാഷകളിൽ പലതും യാഥാസ്ഥിതിക രീതികളിൽ നിന്ന് വ്യതിചലിക്കാൻ മടിച്ചിരുന്ന കാലത്തായിരുന്നു അദ്ദേഹത്തിന്റെ ഈ പ്രഖ്യാപനം.

തുടർന്ന് അദ്ദേഹം മലയാള കവിതയെ തികച്ചും പുതിയ മാർഗ്ഗങ്ങളിലേക്ക് നയിച്ചു. കുരുക്ഷേത്രം എന്ന കവിത തന്നെ നോക്കൂ. കുരുക്ഷേത്രം എന്ന പ്രാക്തനബിംബത്തിൽ നിന്ന് കവിത നേരെ ഇന്നിൽ വന്നു നില്ക്കുന്നു.

'ആളു തിക്കിത്തിരക്കിയേറുന്ന
താണു ചന്തയതാണെൻ പ്രപഞ്ചം
വില്പനയ്ക്കു ചരക്കുകളും പേറി
വില്പനക്കാർ വരുന്നു, പോകുന്നു,
തങ്ങളെതന്നെ വിൽക്കുന്നു, വീണ്ടും
തങ്ങൾ തന്നെ വിലപേശി നിൽപ്പൂ'.

1951-57 എന്ന തീയതി വെച്ച് എഴുതിയ ഈ കവിതയിലെ സൂക്ഷ്മദർശനം ശ്രദ്ധിക്കൂ. 1950 കളിൽ കേരളത്തിൽ കാലം മാറി വരുന്നതേയുള്ളു. ഇന്ന് തികച്ചും ചന്തയായിത്തീർന്ന അന്തരീക്ഷത്തിൽ കവിയുടെ സൂക്ഷ്മ ദർശനം ദീർഘദർശനമായി പരിണമിച്ചിരിക്കുന്നു!

'കുടുംബപുരാണം' എന്ന കവിതയിലും ഈ ദീർഘദർശിത്വമുണ്ട്. ആക്ഷേപ ഹാസ്യത്തിന്റെ മൂർച്ചയുണ്ട്.

സ്തുതി പാടുക നാം, മർത്ത്യനു
സ്തുതി പാടുക നാം
തന്നയൽപക്കത്തെരവയർ നിറയാപ്പെണ്ണിനു
പെരുവയർ നൽകും മർത്ത്യനു
സ്തുതി പാടുക നാം.

ഈ വരികളുടെയും പ്രസക്തി വർദ്ധിച്ചിട്ടേയുള്ളു. മർത്ത്യന്റെ മഹത്ത്വത്തെക്കുറിച്ച് കവികൾ നിരന്തരമായി പാടുന്ന കാലത്താണ് അയ്യപ്പപ്പണിക്കർ കാപട്യത്തിന്റെ മുഖം തുറന്നു കാണിച്ചത്.

'വെടിയേൽക്കാത്ത കുപ്പായമിട്ട്

വെടിയേൽക്കാത്ത കാറിൽക്കയറി
മുന്നിലും പിന്നിലും ഇരുവശത്തും
കറുത്ത വരുന്ന പൂച്ചകളുമായി
ഞാനിന്നു വീട്ടിലെത്തുമ്പോൾ
വിഷപരിശോധന കഴിച്ച
ആഹാരം കഴിച്ച്
മെറ്റൽ ഡിറ്റക്റ്ററിലൂടെ
ഊളിയിട്ട്.............'

വരുന്ന കാഴ്ച്ചയും ഇക്കാലത്തിന്റേതു തന്നെ.

കവിതയെക്കുറിച്ചുള്ള യാഥാസ്ഥിതിക സങ്കല്പങ്ങളെ മറിച്ചിട്ടാലേ പുതുവഴിയൊരുക്കാനാവൂ. പ്രതീകങ്ങളും, പ്രയോഗങ്ങളും കൊണ്ട് അദ്ദേഹം വായനക്കാരെയും വിമർശകരെയും അമ്പരപ്പിച്ചു.

'കൂർത്തു നിൽക്കുമെടുപ്പിൽ മനുഷ്യർ തൻ
മാർത്തടങ്ങൾ പൊതിച്ചു പന്താടി
ഉല്ലസിക്കുന്നു പള്ളി, കൊട്ടാര
ങ്ങളമ്പലങ്ങളും വിണ്ണിനു കീഴിൽ'
എന്നും
'ആരു വേവിച്ചു നൽകുമിപ്പുത്തൻ
വേദവാക്യം? കടുകു വറുക്കണോ'
എന്നും, പറഞ്ഞും, ചോദിച്ചും ഞെട്ടിച്ചു.
'കോപം താപം ശോകമിയന്നൊരു
ശ്ലോകം ചൊല്ലിവരും കാട്ടാളനെ
മറ്റൊരു വില്ലിൻ കണയിൽ
കോർക്കും മർത്ത്യൻ'

എന്ന് തുറന്നടിച്ചു. 'കണ്ണാശുപത്രിയുടെ പർണ്ണാശ്രമത്തിലിരുന്ന്' കടംകഥ പറയുന്ന കണ്വനെ കാണിച്ചു തന്നു. കേടു വന്ന ടയറു മാറ്റി പുതിയൊരു പകലിനെ സൃഷ്ടിക്കുന്ന കാലത്തെക്കുറിച്ച് പ്രവചിച്ചു. ' 'ദൈവമൊന്നു ചൊറിഞ്ഞപ്പോളുണ്ടായീ ലോകം എന്നും ചൊറിയിൽ നിന്നു ദൈവമുണ്ടായീ' എന്നും തർക്കങ്ങൾ എടുത്തു പറഞ്ഞു. അസംബന്ധം എന്നു തോന്നുന്ന ധാരാളം കവിതകൾ പ്രസിദ്ധപ്പെടുത്തി മലയാള കവിത നൂറ്റാണ്ടുകളായി വീണുകിടന്ന ചാലുകളിൽ നിന്ന് വിമോചിപ്പിക്കുവാൻ വേറെ വഴിയുണ്ടായിരുന്നില്ല.

കവിതയെ ആറ്റിക്കുറുക്കി ധ്വനിരൂപത്തിലാക്കുവാൻ ഈ പണ്ഡിതന് ഒട്ടും പ്രയാസമുണ്ടായില്ല. കുരുക്ഷേത്രം എന്ന ഒരൊറ്റ കവിതയിൽ അദ്ദേഹം പൗരാണികമായ ഒരു ഇമേജിനെ ആധുനികതയുടെ പ്രതീകമാക്കി.

'ദൂരെ വഴിക്കവലയ്ക്കലെന്നച്ഛനെ
ക്കീറിയെന്നമ്മയെക്കെട്ടി' എന്ന് ഈഡിപ്പസിന്റെ ചരിതവും,

വീണ്ടും ജനിക്കുമൊരു തോട്ടം നിറച്ചു ഫല
വൃക്ഷം നിറച്ചു വിഷപുഷ്പം
'ദൈവം ചതിക്കുമൊരു, സർപ്പം ചതിക്കുമൊരു
പെണ്ണും ചതിക്കുമൊരു മർത്ത്യൻ'

എന്ന് ബൈബിൾക്കഥയും, ആധുനിക സാഹചര്യത്തിൽ സ്മരിച്ചു.

'ചാണക്യസൂത്രം മൊഴിഞ്ഞ എരിയുന്ന പുല്ലുകൾ' എന്ന ഒരൊറ്റ സൂചനയിലൂടെ മിത്തിന്റെ ധ്വനനശക്തി വെളിപ്പെടുത്തി 'ശാന്തി തേടി നവഖലിഗ്രാമവീഥിയിലണഞ്ഞ ഗാന്ധിജി'യേയും ബോധിവൃക്ഷത്തണൽ തേടിയ ബുദ്ധനെയും കാൽവരിക്കുന്നിൽ മാനവപാപങ്ങൾ ഏറ്റു വാങ്ങിയ' യേശുവിനെയും ഒരു പോലെ അനുസ്മരിച്ചു. ഗഗനചാരിയായ ഗഗാറിനെയും കാവ്യവിഷയമാക്കാൻ മറന്നില്ല.

അനവധി വൃത്തങ്ങൾ പരീക്ഷിക്കെത്തന്നെ, കവിതയെ വൃത്തനിരാസമാക്കുന്നതും അയ്യപ്പപ്പണിക്കരുടെ വിനോദമാണ്.

'ആനകളുണ്ടേ, നാല
ഞ്ചാനകളുണ്ടലങ്കാര മോടികളുണ്ടേ, കാണാ
നാളുകളുണ്ടേ, വേദം മൊഴിയുമ്പോൾ
മെയ്യനങ്ങാ
ത്തേവരുമുണ്ടേ' എന്നാണ്
ഉത്സവത്തിന്റെ താളം.
ജനനം ജനനം മൃതിയുടെ ജനനം
മൃതിയെന്നാൽ ജനനത്തിൻ മരണം
എന്ന് അദ്ദേഹം വാക്കുകൾ തിരിച്ചിട്ട്
മാസ്മരികത സൃഷ്ടിക്കും.
ഹേ മന്ദഗാമിനി, ഘനശ്യാമരൂപിണി
ഹേമന്തയാമിനി, വരു നീ

എന്ന് മൃത്യുവിനെ വിളിക്കും. എന്തെല്ലാം സദാചാരം? എല്ലാം നമുക്കു ചാരം! എന്ന് നെടുവീർപ്പിടും. അപാരമായ ഈ താളബോധവും, വാക്ജാലവും പിൽക്കാലത്തെ മലയാള കവികൾ അനുകരിക്കാൻ ശ്രമിച്ചിട്ടുണ്ട്.

ചുറ്റിലുമുള്ള കുന്നായ്മകളെ എടുത്തു പറയുമ്പോഴും മർത്ത്യന്റെ അലംഘനീയമായ ധീഷണാശക്തിയിലുള്ള വിശ്വാസമാണ് കവിയുടെ ദർശനം.

'നീയില്ലയെങ്കിൽ ഉദിക്കില്ല സൂര്യൻ
നീയില്ലയെങ്കിൽ കറങ്ങില്ല ഭൂമി
നീയില്ലയെങ്കിൽചലിക്കില്ല വിശ്വം' എന്ന് മർ

ത്യപൂജ ചെയ്ത കവിയാണ് അദ്ദേഹം. 'മൃത്യുവിന്നപ്പുറം നിൽക്കുന്നവൻ മർത്യൻ' എന്ന ഒരു പുതിയ വ്യാഖ്യാനം അദ്ദേഹം മർത്യന് നൽകിയിട്ടുണ്ട്. സൂര്യനെയും, അഗ്നിയെയും, മൃത്യുവിനെയും, സന്ധ്യയെയും പൂജിക്കെത്തന്നെ, മറ്റൊരു ദൈവികതയേയും അംഗീകരിക്കാത്ത തലയെടുപ്പ് കവി നിലനിർത്തി.

നമുക്ക് ലേഖനാരംഭത്തിലെ ചോദ്യത്തിനുള്ള ഉത്തരം തേടാം എന്താണ് അയ്യപ്പപ്പണിക്കർ എന്ന കവി മലയാളകവിതയ്ക്ക് നൽകിയ സംഭാവന . വൈദേശിക സാഹിത്യത്തിൽ നിഷ്ണാതനായ കവി അനായാസം മലയാള കവിതയെ യാഥാസ്ഥിതികത്വത്തിൽ നിന്ന് വിമോചിപ്പിച്ചു. താരും തണ്ടാരും വിട്ട് വൈവിധ്യം തികഞ്ഞ വിഷയങ്ങളിലേക്ക് പ്രവേശിക്കാൻ കവികൾക്ക് തന്റേടം നൽകി. മിത്തുകളിൽ നിന്നും വിപുലമായ സാഹിത്യസമ്പത്തിൽ നിന്നും ഇമേജുകൾ സ്വീകരിച്ച് കവിതയെ ധ്വനിപൂർണ്ണമാക്കി വൃത്തം, അലങ്കാരം, പ്രാസം എന്നീ നിഷ്ഠകളിൽ നിന്നെല്ലാം പരിപൂർണ്ണ സ്വാതന്ത്ര്യം കവിതയ്ക്ക് നേടിക്കൊടുത്തു.

കാല്പനികമായ സ്വപ്നങ്ങളിൽ നിന്നും, യാഥാർത്ഥ്യത്തിന്റെ വിരസതയിൽ നിന്നും വിമുക്തരാകാൻ വെമ്പൽക്കൊണ്ട യുവജനത ബുദ്ധിയുടെയും, ചിന്തയുടെയും തലങ്ങളെ സ്പർശിച്ചുണർത്തിയ കവിതകളെ സന്തോഷത്തോടെ സ്വീകരിച്ചതിൽ അത്ഭുതമില്ല. അയ്യപ്പപ്പണിക്കരുടെ കവിത കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു. അദ്ദേഹം തെളിച്ച ചാലുകളിലൂടെ നവീനകവിത മുന്നേറി. കാല്പനികതയുടെ സ്വപ്നക്കൂടുകളില്ല, കാപട്യത്തിന്റെ പ്രഖ്യാപനങ്ങളുമില്ല. ഇന്ന് നവീന കവിത സർവ്വതന്ത്രസ്വതന്ത്രമായി നമ്മുടെ ധീഷണകളെ വെല്ലുവിളിക്കുന്നു. വഴികാട്ടിയത് മറ്റാരുമല്ല, അയ്യപ്പപ്പണിക്കരാണ്. കവിയ്ക്ക് നമോവാകം●

കവിത

# കളഭമഴ

പറവൂർ രാജഗോപാൽ (ഫോൺ : 98472 91483)

മഴമുകിലൊളിവർണ്ണം
മനതാരിൽ നിറയുന്നു
മഞ്ഞപ്പട്ടുടയാട
മിഴിരണ്ടിൽ തെളിയുന്നു
പൊൻതള മീട്ടുന്ന
ധൃതതാളം വഴിയുന്നു
മൃദുമുരളീരവം
മധുമഴയായ് പൊഴിയുന്നു.
കളമധുരസ്വരം
കിളികൾ ഒരുക്കുന്നു
യമുനയിലോളങ്ങൾ
കുളിരാർന്നു മേവുന്നു
കനകവസന്തം
കൗതുകമായ് വിരിയുന്നു
കളഭമഴച്ചാർത്തെൻ
കനവാകെ നിറയുന്നു.
രാവിൻ തോളിൽ
താരം മിനുങ്ങുന്നു
താരക ഭംഗികൾ
പൂനിലാവാകുന്നു
ചാരുതയെങ്ങുമേ
ചാമരം വീശുന്നു
ചൈത്രനിശീഥിനി
ചിത്രം വരയ്ക്കുന്നു.
കാറ്റിലൊഴുകി
പരക്കുന്നു പൂമണം
പാട്ടിലൊളിച്ചു
വരുന്നൊരു കീർത്തനം
വാട്ടമൊഴിഞ്ഞു
വധൂജനം മോദത്തി
ലാട്ടവും കൂത്തും
തുടരുന്നു സത്വരം.
കോമളപാദങ്ങൾ
ഓടിക്കളിക്കുന്നു
കോൾമയിർ കൊണ്ടെ-
ന്നുള്ളം കുളിർക്കുന്നു
താപസമൗനം
വാചാലമാകുന്നു
മാനസമന്ത്രം ഞാ-
നറിയാതെ മൂളുന്നു.
തേടിവരുന്നൊരു
തെന്നലെന്നോർമ്മയിൽ,
മോടി പകർന്നൊരു
വേഷപ്പകർച്ചയിൽ
കാതിലൊരോമന
പൊൻകുഴലൂതുന്നു
പീലിയണിഞ്ഞൊരാ
ഭാഗ്യപുത്രോദയം ! ●

# ഭാഷാപഠനം എന്തിന് ?

ഡോ. ജ്യോത്സന (ഫോൺ: 94470 78692)

ഭാഷ ഒരു ആശയവിനിമയോപാധിയാണെന്ന് പറയാതെ തന്നെ എല്ലാവർക്കുമറിയാം. എന്നാൽ ഇന്നു ഭാഷാപഠനത്തെ രണ്ടാം തരമായി കാണുന്നവർ വിരളമല്ല. ആധുനിക ശാസ്ത്രം മാത്രമേ പഠിക്കേണ്ടു എന്നു വാദിക്കുന്നവരും നമ്മുടെ നാട്ടിൽ അപൂർവ്വമല്ല. വിവിധ ഭാഷകൾ ഐച്ഛികവിഷയമായെടുത്തു പഠിക്കാൻ വരുന്നവരുടെ എണ്ണം വർഷം തോറും കുറഞ്ഞു വരുന്നത് ഇക്കാര്യം ശരിവെക്കുന്നുമുണ്ട്. ഭാഷ പഠിച്ചാൽ ഉദ്യോഗം കിട്ടില്ലത്രേ !!! ഇന്നു എന്തു പഠിച്ചാലും നന്നായി പഠിക്കുന്നവർക്ക് ജോലി കിട്ടാനെന്തു പ്രയാസം? മാത്രമല്ല ബിരുദവും ബിരുദാനന്തരബിരുദവും യോഗ്യതയായിട്ടുള്ള എല്ലാ പരീക്ഷകളും ഭാഷാവിദ്യാർത്ഥികൾക്കും അന്യമല്ലല്ലോ ? സിവിൽ സർവ്വീസ് വരെയെത്തി നിൽക്കുന്ന എല്ലാ പരീക്ഷകളും ഭാഷാവിദ്യാർത്ഥികൾക്കും എഴുതാമല്ലോ? തന്നെയുമല്ല ഈ പറയുന്ന ആധുനികശാസ്ത്ര വിഷയങ്ങൾ പഠിച്ച എല്ലാ വിദ്യാർത്ഥികളും ഉദ്യോഗസ്ഥരാണോ? ഏതു വിഷയം പഠിക്കുന്നവരായാലും ഉദ്യോഗം വേണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർക്ക് അത് കിട്ടാൻ യാതൊരു പ്രയാസവുമില്ല.

ഇതൊന്നുമല്ലാതെ സങ്കീർണ്ണതകളിൽ നിന്നും കൂടുതൽ സങ്കീർണ്ണതകളിലേക്ക് മനുഷ്യബന്ധങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഭാഷയ്ക്ക് ഒരുപാടു കാര്യങ്ങൾ നിർവ്വഹിക്കാനുണ്ട്. ഭാഷ വെറും ഒരു ആശയവിനിമയോപാധി മാത്രമാണോ ? കാശ്മീർ മുതൽ കന്യാകുമാരി വരെയുള്ള വിവിധ പ്രദേശങ്ങളിലെ ഭാഷയിൽ അതതു ജനവിഭാഗത്തിന്റെ ഹൃദയസ്പന്ദനം നമുക്കു കേൾക്കാൻ സാധിക്കും.

സംസ്കാരസംവേദനം അതതു ഭാഷയുടെ കർത്തവ്യമാണ്. സംസ്കാരമെന്നാൽ തലമുറ തലമുറയായി നേടി വെയ്ക്കുകയും സംപ്രേഷണം ചെയ്യുകയും ചെയ്യുന്ന സഞ്ചിതമായ അനുഭവമാണ്. ചിന്തയുടെയും അനുഭവത്തിന്റെയും വിനിമയത്തിനുവേണ്ടി സംസ്കാരം സംസ്കരിച്ചെടുക്കുന്ന ഉപകരണമാണ് ഭാഷ. വിനിമയം ചെയ്യപ്പെടുന്ന ചിന്തയുടെയും അനുഭവത്തിന്റെയും ആഴത്തിനനുസരിച്ച് വിനിമയം ചെയ്യാനുള്ള ഉപകരണത്തിന്റെ പുഷ്ടിയും വ്യത്യസ്തമായിരിക്കും. ഭാഷാപഠനം ഓരോരുത്തരുടെയും സംസ്കാരത്തെ വരും തലമുറയിലേക്ക് കൈമാറാൻ സഹായിക്കും.

സ്നേഹം, ദയ, വിനയം, സഹാനുഭൂതി തുടങ്ങി മനുഷ്യന്റെ നിർമ്മലമായ എല്ലാ ഭാവവും പ്രകടിപ്പിക്കുന്നതിൽ ഒരു പ്രധാന പങ്ക് ഭാഷയ്ക്കുണ്ട്. വിദ്യാഭ്യാസം കൊണ്ട് മനുഷ്യനിർമ്മിതിയാണ് ലക്ഷ്യമാക്കുന്നതെങ്കിൽ ഇവിടെ ഭാഷ അവഗണിക്കുക വയ്യ. ഹെയിൻ.ജി. ഗിനോട്ട് എന്ന വിദ്യാഭ്യാസ വിചക്ഷണൻ അദ്ദേഹത്തിന്റെ "The teacher and child" എന്ന പുസ്തകത്തിലെഴുതിയ കുറച്ചു വരികൾ ഓർമ്മയിൽ വരികയാണ്.

ഒരു വിദ്യാലയവർഷത്തിന്റെ ആദ്യദിനത്തിൽ ഒരു സ്വകാര്യ വിദ്യാലയത്തിലെ അദ്ധ്യാപകർക്ക് അവരുടെ പ്രിൻസിപ്പലിൽ നിന്ന് തഴെ പറയുന്ന കുറിപ്പ് കിട്ടി.

അദ്ധ്യാപക സുഹൃത്തേ,

ഞാനൊരു തടങ്കൽ പാളയം അതിജീവിച്ചവനാണ്. ഒരു മനുഷ്യനും സാക്ഷ്യം വഹിക്കരുതാത്ത പലതും എന്റെ കണ്ണുകൾ കണ്ടിട്ടുണ്ട്. അഭിജ്ഞരായ എഞ്ചിനീയർമാരാൽ നിർമ്മിക്കപ്പെട്ട ഗ്യാസ് ചേമ്പറുകൾ (ഹിറ്റ്ലർ ആളുകളെ കൊല്ലാൻ ഉപയോഗിച്ച ചേമ്പർ), അഭ്യസ്തവിദ്യരായ ഭിഷഗ്വരൻമാരാൽ വിഷമൂട്ടപ്പെട്ട കുട്ടികൾ, പരിശീലനം സിദ്ധിച്ച നഴ്സുമാരാൽ കൊന്നൊടുക്കപ്പെട്ട കൊച്ചു കുഞ്ഞുങ്ങൾ, ഹൈസ്കൂളുകളിലേയും കോളേജുകളിലേയും ബിരുദധാരികളാൽ വെടിവെച്ചു ചുട്ടെരിക്കപ്പെട്ട സ്ത്രീകളും, പിഞ്ചോമനകളും, അതിനാൽ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഞാൻ സംശയാലുവാണ്. നിങ്ങളുടെ വിദ്യാർത്ഥികളെ മനുഷ്യരാവാൻ സഹായിക്കുക. അഭിജ്ഞരായ ഭീകരസത്വങ്ങളെ, വിദഗ്ദ്ധരായ മനോരോഗികളെ, അഭ്യസ്തവിദ്യരായ ഐക്മാൻമാരെ (ഹിറ്റ്ലറുടെ കോൺസൺട്രേഷൻ ക്യാമ്പ് മേധാവി) സൃഷ്ടിക്കാനാവരുത് നിങ്ങളുടെ ശ്രമം. ഇതാണെന്റെ അപേക്ഷ.

എഴുത്തും വായനയും കണക്കും പ്രധാനമാണ്, അവ നമ്മുടെ കുട്ടികളെ സംസ്കാരസമ്പന്നരാവാൻ സഹായിക്കുമെങ്കിൽ മാത്രം.

ഇത്തരത്തിലുള്ള ഒരു വിദ്യാഭ്യാസപദ്ധതിയുടെ രൂപീകരണത്തിൽ ഭാഷാപഠനം ഒരു പ്രധാന സ്ഥാനം വഹിക്കുന്നു എന്നു വിസ്മരിച്ചു കൂടാ.

ഒരു നല്ല ചിന്താധാരയുടെ ശക്തിയോടു മത്സരിക്കാൻ ലോകത്തിലെ ഒരായുധത്തിനും കഴിയില്ല. ഇത്തരം ചിന്താധാരകൾ ഭാഷയുടെ അനന്ത സാധ്യതകളില്ലാതെ സംവേദിക്കപ്പെട്ടിട്ടുമില്ല. ചില ഇന്ത്യൻ ഭാഷകൾക്ക് മറ്റൊരാളെ ചീത്ത വിളിക്കാൻ പദം കുറവാണെന്ന് കാണാം. ഇത് ഭാഷയുടെ സാംസ്കാരികൗന്നത്യമല്ലാതെ മറ്റെന്താണ്?

ഉദാഹരണമായി കൂടിപ്പോയാൽ ഒരാളെ 'മൂഢ' എന്നു മാത്രം വിളിക്കാൻ കഴിയുന്ന 'സംസ്കൃതം' തന്നെ എടുക്കാം. ചില പ്രത്യേക വിഭാഗത്തിലും ദേശീയജനവിഭാഗത്തിനും പ്രത്യേക പ്രദേശങ്ങൾക്കും അനുയോജ്യമായ വിധത്തിൽ രൂപപ്പെടുത്തുകയും വികസിപ്പിച്ചെടുക്കുകയും ചെയ്ത നമ്മുടെ മറ്റ് ദേശീയഭാഷകളിൽ നിന്ന് വ്യത്യസ്തമായി, ഈ മഹത് പാരമ്പര്യമുള്ള ഭാഷ ഭാരതീയ ജനതയെ ആകമാനം ലക്ഷ്യം വെച്ചുകൊണ്ട് വികസിപ്പിക്കുകയും രൂപപ്പെടുത്തുകയും ചെയ്ത ഒരു ഉപകരണമാണ്. ദേശീയവും അന്തർദേശിയവുമായ ഒരു വിസ്തൃതഭാഷാകുടുംബത്തിന്റെ അമ്മയും പോഷണകർത്രിയുമാണാ ഭാഷ.

ശാസ്ത്രീയമായ സ്വരസംബന്ധിയായ ഒരു അക്ഷരമാലയെ വികസിപ്പിക്കുകയും അതിന്റെ ആദിമകാലത്തു തന്നെ ഒരു ഭാഷാശാസ്ത്രം രൂപപ്പെടുത്തുകയും ചെയ്ത ഒരേയൊരു ഭാഷയാണ് സംസ്കൃതം. മനുഷ്യാനുഭൂതികൾ വിളംബരം ചെയ്യുന്ന ഉപനിഷത്തുകളിലൂടെ അദ്ധ്യാത്മവിദ്യ എന്ന ശാസ്ത്രത്തിന്റെ മാതാവും വളർത്തുകേന്ദ്രവും സംസ്കൃതമാണ്.

ഇങ്ങനെ നോക്കുമ്പോൾ ഭാരതത്തിന്റെ ഓരോ ഭാഷയ്ക്കും താന്താങ്ങളുടെ മഹത്ത്വവും പാരമ്പര്യവും വിളംബരം ചെയ്യാനുണ്ടാവും. ഈ പാരമ്പര്യം ഭാഷാപഠനം കൂടാതെ അനുഭവിച്ചറിയാൻ സാദ്ധ്യമോ? ഭാരതത്തിന്റെ നാനാത്വം വിളംബരം ചെയ്യുന്ന ഇതിലും നല്ലൊരുപാധി മറ്റെന്താണുള്ളത്.?

നാനാത്വത്തിൽ ഏകത്വം എന്ന ഭാരതത്തിന്റെ പാരമ്പര്യം കാത്തു സൂക്ഷിക്കുന്നതിലും ഭാഷകൾക്കു പ്രധാന പങ്കുണ്ട്. 'രാഷ്ട്രഭാഷ' എന്ന ആശയം ഈ കാഴ്ചപ്പാടിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്.

പ്രൊഫസറുടെ നോട്ടുപുസ്തകത്തിൽ നിന്ന് വിദ്യാർത്ഥിയുടെ ഫൗണ്ടൻപേനയിൽ കൂടി അവന്റെ നോട്ടുപുസ്തകത്തിലേക്ക് അവരുടെ രണ്ടു പേരുടേയും ഉള്ളിൽ തട്ടാതെ വസ്തുവിവരങ്ങൾ കടന്നു പോകുന്ന നിഗൂഢമായ പ്രക്രിയയാവരുത് വിദ്യാഭ്യാസം. ശാസ്ത്രം മാത്രമായുള്ള അദ്ധ്യയനം, മനസ്സിന്റെ ശിക്ഷണത്തേക്കാളുപരി അതൊരു തലച്ചോറിനെ ഭാരപ്പെടുത്തൽ മാത്രമാവുന്നു. ഇത്രയും പറഞ്ഞതുകൊണ്ട് ശാസ്ത്രവിരോധിയെന്ന് മുദ്ര കുത്തരുത്. നമ്മുടെ എല്ലാ ആധുനികസംവിധാനങ്ങളും തീർച്ചയായും ശാസ്ത്രത്തിന്റെ സംഭാവനയാണ്. പക്ഷേ ശാസ്ത്രം സമ്മാനിച്ച ബോംബുകൾ മാനവരാശിക്കുണ്ടാക്കിയ നാശനഷ്ടങ്ങളും നാം മറന്നുകൂടാ. മനുഷ്യത്വത്തിലൂന്നിയ ശാസ്ത്രപഠനം നമുക്കിന്നത്യാവശ്യമാണ്. അങ്ങനെ വരുമ്പോൾ അവിടെ ഭാഷയും ഒഴിച്ചുകൂടാനാ വാത്തതാണ്. അന്യരുടെ ചിന്തകൾ വിദേശഭാഷയിൽകൂടി ഹൃദിസ്ഥമാക്കി അവയെ തലച്ചോറിൽ കുത്തി നിറയ്ക്കുകയും ചില സർവ്വകലാശാലാബിരുദങ്ങൾ നേടുകയും ചെയ്ത് വിദ്യാസമ്പന്നരെന്ന് നാം അഭിമാനിക്കുന്നു. താന്താങ്ങളുടെ ഭാഷാസംസ്കാരം അല്പം പോലുമില്ലാതെ വിദേശഭാഷാസംസ്കാരം കുത്തി നിറച്ച ഭാരതീയൻ ആ പേരിന്നർഹനാണോ? ബുദ്ധിവ്യാപാരം നടത്തേണ്ടവർക്ക് അതിനുള്ള അവസരവും ഭാഷാപഠനം നൽകുന്നു. ഭാരതീയഭാഷാ വ്യാകരണങ്ങൾ, വിശിഷ്യ സംസ്കൃതവ്യാകരണം മനുഷ്യബുദ്ധി വ്യാപാരത്തിന്റെ മൂർത്തിമദ്ഭാവമാണ്. ഭാഷാശാസ്ത്ര പഠനത്തിലും ഏറെ വൈവിദ്ധ്യം ഭാരതീയ ഭാഷകൾക്കുണ്ട്. 'കാരകസിദ്ധാന്തം' പോലെയുള്ള സംഭാവനകൾ ലോകശ്രദ്ധ പിടിച്ചു പറ്റിയവയാണ്. കമ്പ്യൂട്ടറിൽ ഈ സിദ്ധാന്തങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന വിഷയത്തിൽ തിരക്കിട്ട ഗവേഷണപ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

സർഗ്ഗാത്മക സൃഷ്ടികളുടെ രചനയിൽ ഭാഷയ്ക്കുള്ള സ്വാധീനം പറയേണ്ടതില്ലല്ലോ ? വാല്മീകി, വ്യാസൻ, കാളിദാസൻ, ആശാൻ ഉള്ളൂർ , വള്ളത്തോൾ തുടങ്ങി ആധുനിക കവികൾ വരെ എത്തിനിൽക്കുന്ന കവിപ്രപഞ്ചം ഇന്നും ലോകശ്രദ്ധ പിടിച്ചു പറ്റുന്നവരാണ്. ഇത്തരത്തിലുള്ള സാഹിത്യപ്രതിഭകൾ വളർന്നു വരണമെങ്കിൽ പ്രതിഭാശാലികളായ വിദ്യാർത്ഥികൾ ഈ രംഗത്തേയ്ക്ക് കടന്നു വരണം. അവരുടെ നാവിൻതുമ്പത്ത് ഭാഷ വിളയാടണം. ഇങ്ങനെ നോക്കുമ്പോൾ ആശയവിനിമയം എന്നതിലുപരി സംസ്കാരസംവേദനം, മാനുഷിക വികാരപ്രകടനം, ജനതയുടെ ആത്മാവിഷ്കാരം, ബുദ്ധിവ്യാപാരം, രാജ്യത്തിന്റെ ഏകത്വ

സംരക്ഷണം, സർഗ്ഗാത്മകസൃഷ്ടികളുടെ രൂപികരണം എന്നിങ്ങനെ വിവിധമണ്ഡലങ്ങളിൽ ഭാഷയുടെ അനിവാര്യത പ്രകടമാണ്. അതുകൊണ്ടു തന്നെ രാജ്യത്തിന്റെ ഭാവിപൗരൻമാരെ രൂപപ്പെടുത്തുന്ന വിദ്യാഭ്യാസത്തിൽ ഭാഷാപഠനത്തിന് അനിവാര്യമായ സ്ഥാനമുണ്ട്. ഈ രംഗത്തേയ്ക്ക് കടന്നു വരാനാഗ്രഹിക്കുന്നവർക്കുവേണ്ടി കാവ്യാദർശകാരനായ 'ദണ്ഡി' എന്ന ആചാര്യന്റെ വാക്കുകളെ ഉദ്ധരിക്കട്ടെ

'ശ്രുതേന യത്നേന ച വാഗുപാസിതാ
ധ്രുവം കരോത്യേവ കമപ്യനുഗ്രഹം'

വിദ്യകൊണ്ടും പണിപ്പെട്ടും വാക്കിനെ ഉപാസിക്കുന്നവർക്ക് തീർച്ചയായും എന്തെങ്കിലും ഒരു അനുഗ്രഹം ഉണ്ടാവുകതന്നെ ചെയ്യും●

*(ഗാന്ധിസൂക്തം)*

# ഉന്നതവിദ്യാഭ്യാസം ദേശീയ സർവ്വകലാ ശാലകൾ

ബ്രിട്ടീഷ് അനീതിയുടെ നിരാകരണവും ഇന്ത്യൻ ദേശീയതയുടെ ഉജ്ജ്വലനവും എന്ന നിലയിലാണ് ഗുജറാത്ത് ദേശീയസർവകലാശാലയുടെ പിറവി. അതു നില്പുനേടുകയും ചെയ്തിരിക്കുന്നു. ദേശീയമായ ഐക്യത്തിന്റെ ആദർശങ്ങളിൽ നിന്നാണ് അത് പ്രചോദനം നേടുന്നത്. ധർമ്മമെന്ന് ഹിന്ദുവും ഇസ്ലാമെന്ന് മുഹമ്മദീയനും വ്യവഹരിക്കുന്ന ഒരു മതത്തിനു വേണ്ടിയാണ് അതു നിലക്കൊള്ളുന്നത്. വിസ്മൃതിയിൽ തള്ളിയ ഇന്ത്യൻ നാട്ടുഭാഷകളുടെ പുനരുദ്ധാരണവും ഭാരതസംസ്കാരത്തിന്റെയും ദേശീയനവോത്ഥാനത്തിന്റെയും ശക്തിസ്രോതസ്സുകളെന്ന നിലയിലുള്ള അവയുടെ പ്രതിഷ്ഠാപനവുമാണ് അതാഗ്രഹിക്കുന്നത്. ജീവിതത്തിനുവേണ്ട സമ്പൂർണ്ണശിക്ഷണത്തിന് പാശ്ചാത്യ ശാസ്ത്രപഠനത്തേക്കാൾ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനം പൗരസ്ത്യ സംസ്കാര പഠനത്തിനും നല്കണമെന്നാണതിന്റെ നിലപാട്. ദേശീയമായ ഊർജസ്രോതസ്സുകളുടെ അനാവരണത്തിന് സംസ്കൃതം, പാലി, അറബിക്, പേഴ്സ്യൻ മാഗധി ഭാഷകളുടെ ഈടുവെപ്പുകൾ സൂക്ഷ്മമായി പരിശോധിക്കേണ്ടതുണ്ട്. പ്രാചിനസംസ്കൃതികളുടെ ചർവിതചർവണമല്ല ഉദ്ദേശ്യം. ഗതകാലസംസ്കൃതികളുടെ സത്തയും ആധുനികമായ അനുഭവസമ്പത്തും ഇഴുകിച്ചേർന്ന ഒരു നവ മാനവികതയുടെ സൃഷ്ടിക്കാണ് അതു ശ്രമം ചെയ്യുന്നത്. സ്വാഭാവികമായും ഇത് സ്വദേശിയുടെ മാതൃകയി ലുള്ളതാവും.അപരങ്ങളെല്ലാം വിഴുങ്ങുന്ന അമേരിക്കൻ മാതൃകയുള്ളതല്ല. ഭിന്നസംസ്കാര ങ്ങളുടെ സമന്വയമല്ല സാംസ്കാരികമായ ഏകാധിപത്യമാണ് അവിടെ നിലവിൽ വന്നത്. അതുകൊണ്ടാണ് എല്ലാ മതങ്ങൾക്കും തുല്യപരിഗണന നല്കിയ അവയുടെ പഠനം ദേശീയസർവകലാശാല നിർബന്ധമാക്കിയത്.ഹിന്ദു വിദ്യാർത്ഥികൾക്ക് ഖുർ ആനും മുസ്ലീങ്ങൾക്ക് ഹിന്ദുശാസ്ത്രങ്ങളും പഠിക്കാൻ അവസരം ലഭിക്കുന്നു. സർവകലാശാല എന്തെങ്കിലും ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അത് മാനവകുലത്തിൽ ഏതെങ്കിലും വിഭാഗത്തെ ഒഴിവാക്കണമെന്ന ഭേദചിന്തയെ മാത്രമാകുന്നു. സംസ്കൃതപദമിശ്രമുള്ള ഹിന്ദിയും പേഴ്സ്യൻ പദസങ്കലനമുള്ള ഉറുദുവും ഒന്നിച്ചുണ്ടാകുന്ന ഹിന്ദുസ്ഥാനി ഇവിടുത്തെ നിർബന്ധ ഭാഷയാണ്. ആത്മോന്നതിയും അഭിമാനവും സാമ്പത്തിക സ്വാശ്രിതത്വവും യുവാക്കൾക്കു നല്കുന്ന തൊഴിൽപരിശീലനവും നിർബന്ധമാണ്. വിദ്യാഭ്യാസവ്യാപനത്തിനായി എല്ലാ ജില്ലകളിലുമുള്ള ചെറു നഗരങ്ങളിൽ ഉപരിവിദ്യാലയങ്ങൾ സ്ഥാപിക്കണമെന്നും സർവകലാശാല ആഗ്രഹിക്കുന്നു. ഗുജറാത്തിയാണ് അദ്ധ്യയനമാധ്യമം. അഭ്യസ്തവിദ്യർക്കും അനഭ്യസ്തർക്കും തമ്മിലുള്ള ആത്മഹത്യാപരമായ വിടവു നികത്താനും ഇതുകൊണ്ടാവുമെന്നു കരുതുന്നു. പാവപ്പെട്ടവർക്ക് തൊഴിൽ പരിശീലനവും തൊഴിലാളികൾക്കു വിദ്യാഭ്യാസവും നൽകുക വഴി സാമ്പത്തികമായ അസമത്വവും സാമൂഹികമായ അസംതൃപ്തിയും കുറയും. സർക്കാർ സർവ്വകലാശാലകളുടെ ഏറ്റവും വലിയ കുഴപ്പം അത് വിദേശനിയന്ത്രിതമാണെന്നുള്ളതാണ്. ഉപജീവനകൃത്യങ്ങളെക്കുറിച്ചുള്ള അതിന്റെ അപമൂല്യനിർമ്മിതി സമൂഹജീവിതം കലുഷമാക്കുന്നുണ്ട്. സർക്കാർബന്ധം ഒട്ടുമില്ലാത്ത ഈ സർവകലാശാലയ്ക്ക് ഈ രണ്ടു തരം തിന്മകളുടെയും വേരറുക്കുവാൻ കഴിയും. ഇന്ത്യയിൽ ഒരു ദേശിയഭരണകൂടം നിലവിൽ വരുന്നതു വരെ ദേശീയമായ കാഴചപ്പാടുകളെക്കുറിച്ചും ആവശ്യങ്ങളെകുറിച്ചും ശരിയായ അവബോധം ഉണ്ടാക്കാനും ഈ സ്ഥാപനത്തിന് കഴിയും●

# വാസ്തുശാസ്ത്ര യുക്തികൾ

ഡോ. ഹരിഹരൻ (ഫോൺ: 98473 13322)

ബഹുജനം പലവിധമെന്നാണല്ലോ ചൊല്ല്. സമൂഹത്തിലെ വ്യക്തികൾ പല തരത്തിൽ ചിന്തിക്കുന്നവരും പ്രവർത്തിക്കുന്നവരുമാണ്. ചിലർ വിശ്വാസികൾ. മറ്റു ചിലർ അവിശ്വാസികൾ, വേറെ ചിലർ അർദ്ധ വിശ്വാസികൾ, നാലാമതൊരു കൂട്ടർ സ്വന്തം കാര്യത്തിൽ വിശ്വാസികളും മറ്റുള്ളവരുടെ കാര്യത്തിൽ തികച്ചും അവിശാസികളും. അങ്ങനെയുള്ള പലരും ചോദിക്കാറുണ്ട് വാസ്തു എന്നത് ഒരു അന്ധവിശ്വാസമല്ലേ. ഇന്നത്തെ ശാസ്ത്രയുഗത്തിൽ ഇതിന് എന്തെങ്കിലും പ്രസക്തി ഉണ്ടോ?

ഇന്നു പലരും വിശ്വാസം എന്ന വാക്കിനെ ഒരല്പം പുച്ഛത്തോടെയാണ് വീക്ഷിക്കുന്നത്. സമൂഹത്തിനു മുൻപിൽ വിശ്വാസികളാണ് എന്ന് തുറന്ന് സമ്മതിക്കാൻ പലർക്കും മടിയാണ്. ഭൂമിയിലെ ഭൗതിക, ആദ്ധ്യാത്മിക ജിവിതക്രമങ്ങളും ജീവിതചര്യകളും സ്വന്തം കുടുംബം പോലും നിലനിൽക്കുന്നത് വിശ്വാസം എന്ന ഒരു വാക്കിന്റെ ബലത്തിലാണ്. അന്യോന്യമുള്ള വിശ്വാസം തകരാറിലായാൽ അവിടെ തീരുന്നതാണ് സർവ്വബന്ധങ്ങളും. ഇത്തരത്തിൽ വിശ്വാസത്തിൽ അധിഷ്ഠിതവും ശാസ്ത്രീയതയും പ്രായോഗികതയും ഇടകലർന്നു നിൽക്കുന്ന ഒരു കലാസൃഷ്ടിയാണ് വാസ്തു ശാസ്ത്രം അഥവാ വാസ്തുവിദ്യ. പൊയ്പ്പോയ പഴമയുടെ പ്രതീകമായിട്ടാണ് നാം പലപ്പോഴും വാസ്തു ശാസ്ത്രത്തെ കാണുന്നത്. അനിർവചനീയവും അലംഘനീയവുമായ നിയമങ്ങളും കണക്കുകളും ഇതിന് ഒരു അന്ധവിശ്വാസത്തിന്റെ പരിവേഷം ചാർത്തുന്നു. വീടിന്റെ അഭിമുഖത്വം, ചുറ്റളവ്, മുറികളുടെ സ്ഥാനം, വിസ്താരം, ചുമരിന്റെ ഉയരം, മേൽപുരയുടെ കണക്കുകൾ, ഉപനിർമ്മിതികളുടെ സ്ഥാനം, അവയുടെ കണക്കുകൾ ഇവയെല്ലാം വാസ്തുശാസ്ത്രത്തിൽ പ്രതിപാദിക്കുന്നുണ്ട്. ഈ വിധികൾ അനുസരിക്കാതെ പണിയുന്ന നിർമ്മിതികൾക്ക് ഉണ്ടാകാവുന്ന ദോഷഫലങ്ങളും വാസ്തു വിദ്യയിൽ ഉൾപ്പെടുന്നു. പുരയിടത്തിൽ വീടിന്റെ സ്ഥാനം നോക്കി കുറ്റിയടിക്കുന്നതു മുതൽ ഗൃഹപ്രവേശം വരെയുള്ള വിവിധ ഘട്ടങ്ങളിൽ നടത്തേണ്ട ഒട്ടനവധി ചടങ്ങുകളും, പൂജകളും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട് വാസ്തു ശാസ്ത്രത്തിൽ, എന്നാൽ നഗരവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ, പരിമിതികൾ ഒരുപാടുള്ള ഈ കാലത്ത് ഇപ്രകാരമുള്ള തത്വങ്ങളും, നിയമങ്ങളും, അളവുകളും എത്രമാത്രം പ്രയോഗികമാണ് എന്ന് ചിന്തിക്കുന്നവർ ധാരാളമുണ്ട്. മരത്തിന്റെ മേൽക്കൂരയ്ക്ക് പകരമായി കോൺക്രീറ്റ് സ്ലാബും ഇരുമ്പ് ട്രസ്സുകളും ഉപയോഗിക്കുന്ന സ്ഥാനത്ത് വാസ്തു ശാസ്ത്രത്തിലെ കൈകണക്കുകൾക്ക് എന്താണ് സ്ഥാനം എന്നും സംശയിക്കാം. ഈ ഘട്ടത്തിൽ വാസ്തു വിദ്യയുടെ അന്തസ്സത്തയെ പറ്റി ഒരു വിശകലനം നടത്തുന്നത് ഉചിതം തന്നെയാണ്.

## വാസ്തു ശാസ്ത്രത്തിന്റെ യുക്തിയും ഉദ്ദേശ്യവും.

അതിപ്രാചീനമായ ഒരു കാലത്ത് രൂപം കൊണ്ട്, സഹസ്രാബ്ദങ്ങളിലൂടെ തെറ്റിയും തിരുത്തിയും വികസിച്ചു വന്ന നിർമ്മാണ പ്രക്രിയകളുടെ സംഗ്രഹാവിഷ്കാരമാണ് വാസ്തു ശാസ്ത്രം. ഭാരതത്തിലെ വൈവിധ്യമുള്ള കാലാവസ്ഥയിൽ, വിവിധ ദ്രവ്യങ്ങൾ ഉപയോഗിച്ച് വിഭിന്നമായ ആവശ്യങ്ങൾക്കായി രൂപകല്പന ചെയ്യപ്പെട്ട സാങ്കേതികജ്ഞാനമാണ് വാസ്തു ശാസ്ത്രം. കെട്ടിടങ്ങളുടെ സംവിധാനവും നിർമ്മാണവും ജിർണോദ്ധാരണവും പുനർനിർമ്മിതിയും എല്ലാം അടങ്ങുന്ന വിജ്ഞാന ശാഖയാണ് വാസ്തു വിദ്യ. നിർമ്മാണദ്രവ്യങ്ങളെക്കുറിച്ചുള്ള അറിവ്, രചനാരീതികളെക്കുറിച്ചുള്ള അവഗാഹം, നിർമ്മിതി പരിതസ്ഥിതിയുമായി ബന്ധിപ്പിക്കാനുള്ള ഉപാധികൾ ഇതെല്ലാം വാസ്തു വിദ്യയിൽ ഉൾക്കൊള്ളുന്ന മർത്യർക്കും അമർത്യർക്കും താമസിക്കുവാനുള്ള ഇടം എന്ന അർത്ഥത്തിൽ വാസ്തു എന്ന പദവും സമഗ്രമായ അറിവ് എന്ന അർത്ഥത്തിൽ വിദ്യ എന്ന പദവും ചേർന്നതാണ് വാസ്തു വിദ്യ. വാസ്തു ശാസ്ത്രം എന്നത് ഒരു സമ്പൂർണ്ണ ശാസ്ത്രമാണ്. അങ്ങനെ പറയുന്നതിലെ യുക്തി എന്താണ് എന്ന

ചോദ്യമുണ്ടാകാം. അതിലെ യുക്തി ' അനുഭവ പരിജ്ഞാനമാണ് ' . എന്താണ് ശാസ്ത്രം. ശാസിക്കുന്നത് അഥവാ അനുശാസിക്കുന്നത് ശാസ്ത്രം. അങ്ങനെ പറയുന്നതിലും ഉണ്ടാകണം ഒരു അനുഭവ ബലം. ഉദാഹരണത്തിന് വാസ്തുശാസ്ത്രത്തിൽ മുറികളുടെ സ്ഥാനവും ഏത് ദിക്കിലേയ്ക്കാണ് തല വെച്ചു കിടക്കേണ്ടത് എന്നും അനുശാസിക്കുന്നുണ്ട്.

'ആവാം കിഴക്കോട്ട് അരുതേ പടിഞ്ഞാട്ട്

വേണേൽ തെക്കോട്ട് പാടില്ല വടക്കോട്ട്'

എന്ന പഴഞ്ചൊല്ല് കേൾക്കാത്തവരായിട്ട് ആരും ഉണ്ടാവുമെന്നു തോന്നുന്നില്ല. ഇങ്ങനെ പറയുന്നതിനു പിൻപിലും ഒരു യുക്തി അല്ലെങ്കിൽ പൊരുൾ ഉണ്ടാകാതിരിക്കില്ല.

നമ്മൾ പുലർച്ചെ എഴുന്നേൽക്കുമ്പോൾ ഒരു പുതിയ ദിവസത്തിലേക്ക് കടക്കുകയാണ്. ഭഗവൽ നാമം ഉരുവിട്ട് വലതുവശം തിരിഞ്ഞാണ് എല്ലാവരും എഴുന്നേൽക്കുന്നത്. തെക്കു തലവെച്ചു കിടക്കുന്നയാൾ വലതു വശം തിരിയുമ്പോൾ കിഴക്കോട്ട് ആദ്യദർശനമുണ്ടാകും. സൂര്യഭഗവാൻ ഉദിച്ചുയർന്നു നിൽക്കുന്നത് കിഴക്കാണ്. ഇനിയും കിഴക്കാണ് തലവെച്ചു കിടക്കുന്നതെങ്കിൽ വലതുവശം തിരിയുമ്പോൾ നമ്മൾ വടക്കു ദർശിക്കും. അവിടെയാണ് സപ്തർഷികളുടെ വാസം. അതായത് ഭഗവൽദർശനത്തോടെ പ്രാർത്ഥനയോടെ വേണം ഒരു നല്ല ദിവസം ആരംഭിക്കേണ്ടത് എന്ന സൂചനയാണ് ഈ അനുശാസനത്തിൽ. സൗരയൂഥത്തിൽ ഉള്ള എല്ലാ വസ്തുക്കൾക്കും ഊർജ്ജം ലഭിക്കുന്നത് സൂര്യനിൽ നിന്നാണ്. അപ്പോൾ സൂര്യനെ തിരിഞ്ഞു നിൽക്കുന്നത് അശുഭകരമാണ്. അതുകൊണ്ട് ശാസ്ത്രം പറയും 'എന്തു നല്ല കാര്യം ചെയ്യുമ്പോഴും സൂര്യന്റെ മറവു വരാൻ പാടില്ല 'എന്ന് . അതുപോലെ പാർപ്പിടം പണിയുന്നതും സൂര്യന് അഭിമുഖമായി തന്നെ വേണം. പ്രപഞ്ചം പഞ്ചഭൂതങ്ങൾ എന്നറിയപ്പെടുന്ന അഞ്ച് അടിസ്ഥാന ഘടകങ്ങളാലാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. പഞ്ചഭൂതങ്ങൾ അഥവാ അഞ്ച് മൂലധാതുക്കളെ അടിസ്ഥാനമാക്കിയാണ് വാസ്തു ശാസ്ത്രം നിലക്കൊള്ളുന്നത്. ഭൂമി, ആകാശം, വായു, ജലം, അഗ്നി ഇവയാണ് പഞ്ചഭൂതങ്ങൾ. ഇവയെ ആധാരമാക്കി ഇവയുടെ ഗതിവിഗതികൾ നിരീക്ഷിച്ച് ഈ അഞ്ചുഘടകങ്ങളേയും യഥാവിധി ക്രമീകരിക്കുവാനും ഉൾക്കൊള്ളിക്കുവാനും വാസ്തു ശാസ്ത്രം നമ്മെ സഹായിക്കുന്നു.

ഭവനനിർമ്മാണ ശൈലിയെപ്പറ്റിയുള്ള ഏതു പഠനവും വെളിപ്പെടുത്തുന്നത് പ്രയോജനം, സുരക്ഷിതത്വം, സൗന്ദര്യം എന്നീ മൂന്നു ഗുണങ്ങളുടെ സംഗമം എത്രമാത്രം കാര്യക്ഷമമായി സാധിച്ചിരിക്കുന്നു എന്നതാണ്. വാസ്തുവുമായി ബന്ധപ്പെട്ട ഒരു പ്രയോജനം ഉണ്ടാവുക എന്നതാണ് വാസ്തുവിദ്യയിലെ ഏതു രചനയുടേയും പരമമായ ഉദ്ദേശ്യം. ഉറങ്ങുക, പഠിക്കുക, ജോലി ചെയ്യുക, വിശ്രമിക്കുക, ഭക്ഷണം പാകം ചെയ്യുക, മൃഗങ്ങളെ സംരക്ഷിക്കുക, പ്രാർത്ഥിക്കുക, അനുഷ്ഠാനങ്ങൾ നിർവ്വഹിക്കുക ഇങ്ങനെ സ്ഥലത്തിന്റെ പ്രയോജനം എന്തുമാകാം. ഇതിനാവശ്യമായ ഇടം വേണം. കാറ്റ്, മഴ, വെയിൽ, മഞ്ഞ്, പൊടി, കീടങ്ങൾ, ജന്തുക്കൾ, ശത്രുക്കൾ ഇവയിൽ നിന്നെല്ലാം സംരക്ഷിക്കപ്പെട്ടിരിക്കണം ഈ പ്രയോജകസ്ഥലം. അതിനായി തറയും, ചുമരും, തട്ടും, മേൽപ്പുരയും കൊണ്ടുള്ള ഒരു സുരക്ഷിത ആവരണം ആവശ്യമായി വരുന്നു. ഈ സംരചനാ ഘടകങ്ങളുടെ ഉറപ്പ്, ഭാരവാഹകത്വം, സ്ഥിരത, ഈട് എന്നിവയെല്ലാമാണ് വാസ്തു വിദ്യയുടെ രണ്ടാമത്തെ ഉദ്ദേശ്യം. കെട്ടിടമെന്നു പറയുമ്പോൾ അതിന്റെ അകത്തളത്തേക്കാൾ പുറത്തേ രൂപത്തിനാണ് സാധാരണക്കാർ പ്രാധാന്യം കല്പിക്കാറ്. എന്നാൽ അകത്തളത്തിനു പറ്റിയ രൂപമാണ് ബാഹ്യ ആവരണമായ പുറം രൂപത്തിനു വേണ്ടത്. കൂടാതെ ഈ ആവരണത്തിൽ പരിതസ്ഥിതി നിയന്ത്രണത്തിനും മറ്റുമായി ജനലുകൾ, വാതിലുകൾ മുതലായവയും വേണം. ഈ ബാഹ്യരൂപം സ്ഫുരിക്കുന്ന ഭാവം സൗന്ദര്യാത്മകതയാണ് വാസ്തു വിദ്യയുടെ മൂന്നാമത്തെ ഉദ്ദേശം. ഈ മൂന്നു ഉദ്ദേശ്യങ്ങളുടെ പൂർണലയനമാണ് വാസ്തു രചനയിൽ വേണ്ടത്.

## വാസ്തു വിദ്യയുടെ ഉദ്ഭവ ചരിത്രം ഃ

'വാസ്തുജ്ഞാന മഥാതാ ഃ കമലഭവാൻമുനി പരമ്പരയായാതം

ക്രിയ തേധുത മയേദം ......'

ബ്രഹ്മാവിൽ നിന്നുളവായി മുനിപരമ്പരയിലൂടെ സിദ്ധമായ വാസ്തു ജ്ഞാനം ഇപ്പോൾ എന്നാൽ എഴുതപ്പെടുന്നു എന്ന ആദ്യ ശ്ലോകത്തോടെയാണ് വരാഹമിഹിരൻ ബ്രഹ്മസംഹിതയിൽ വാസ്തു വിദ്യ എന്ന പടലം ആരംഭിക്കുന്നത്. ഭാരതീയ ദർശനത്തിൽ എല്ലാ അറിവിന്റെയും ഉറവിടം സൃഷ്ടികർത്താവായ ബ്രഹ്മാവാണ്. ഋക്, യജുസ്, സാമം, അഥർവം എന്നീ വേദങ്ങൾ ബ്രഹ്മാവിനാൽ സൃഷ്ടിക്കപ്പെട്ടത് എന്നാണല്ലോ സങ്കല്പം. ഇവയോരോന്നിനും അനുബന്ധമായി ഓരോ ഉപവേദങ്ങളുമുണ്ട്. ആയുർവേദം ഋഗ്വേദത്തിന്റേയും, ധനുർവേദം യജൂർവേദത്തിന്റെയും, ഗാന്ധർവ്വവേദം സാമവേദത്തിന്റെയും, സ്ഥാപത്യവേദം അഥർവ്വവേദത്തിന്റെയും ഉപവേദങ്ങളാണ്. വാസ്തു വിദ്യയുടെ ആധാരങ്ങളായ ഗണിതം,

ദ്രവ്യജ്ഞാനം, ചിത്രം, ശില്പശാസ്ത്രം, സംരചനാ തത്വങ്ങൾ എന്നിവയെല്ലാം അടങ്ങുന്ന ആദിമ സംഹിതയാണ് സ്ഥാപത്യവേദം. ഗർഗൻ, പരാശരൻ, ബൃഹദ്രഥൻ, വിശ്വകർമ്മാവ് എന്നിങ്ങനെ അനേകം മുനിവര്യൻമാരിലൂടെയാണ് ഈ വിദ്യ നമുക്ക് സ്വായത്തമായിട്ടുള്ളത്.

ദേവൻമാർക്കും മുനിവര്യൻമാർക്കും വേണ്ടി ബ്രഹ്മാവ് ഉദ്ദേശിച്ച ശാസ്ത്രത്തിൽ നിന്ന് ഭോജ രാജാവിനാൽ രചിക്കപ്പെട്ട മഹത്തായ ഗ്രന്ഥമാണ് സമരാങ്കണ സൂത്രധാര. ക്ഷേത്ര നിർമ്മാണം, ഗൃഹ നിർമ്മാണം തുടങ്ങി വിമാനനിർമ്മാണം വരെയുള്ള വിവരങ്ങൾ ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. മയമുനി രചിച്ച മയസംഹിത, മാനസാരശില്പ ശാസ്ത്രം കൗടില്യന്റെ അർത്ഥശാസ്ത്രം, ഭരതമുനിയുടെ നാട്യശാസ്ത്രം മുതലായ ഗ്രന്ഥങ്ങളിലും വാസ്തുജ്ഞാനം പ്രതിപാദിക്കപ്പെടുന്നുണ്ട്. മാനസ്സാര ശില്പശാസ്ത്രത്തിലെ 5400 ഓളം ശ്ലോകങ്ങൾ വാസ്തു വിദ്യയെ വിവരിക്കുന്നതാണ് എ.ഡി.1210 ാം ആണ്ടിൽ രചിക്കപ്പെട്ട തന്ത്രസമുച്ചയമാണ് വാസ്തു വിദ്യക്ക് ആധാരമായി നമ്മൾക്ക് ലഭിച്ച ഗ്രന്ഥങ്ങളിൽ ഒന്ന്. എ.ഡി. 16 ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ശില്പരത്നം, വാസ്തുമുക്താവലി , മനുഷ്യാലയ ചന്ദ്രിക തുടങ്ങിയ ഗ്രന്ഥങ്ങളും വാസ്തു വിദ്യക്ക് അടിത്തറ പാകുന്നു.

ഭാരതീയ സാംസ്കാരിക പൈതൃകങ്ങളായ പുരാണേതിഹാസങ്ങളിലും ഗൃഹനിർമ്മാണത്തെക്കുറിച്ച് വിശദമായ പരാമർശങ്ങൾ ഉണ്ട്. അവയിൽ പലതും വിശാലമായ കെട്ടിടസമുച്ചയങ്ങളാണ്. രാവണന്റെ സുവർണ്ണലങ്ക, കൗരവപാണ്ഡവ കഥകളിലെ ഹസ്തിന പുരം, ഇന്ദ്രപ്രസ്ഥം, ദേവലോകനഗരിയായ അമരാവതി ഇങ്ങനെ തുടങ്ങുന്നു പുരാണപരാമർശങ്ങൾ. ഭാരതീയ ദർശനങ്ങൾ ശില്പവിദ്യയെ സമൂലമായി സ്വാധീനിച്ചിട്ടുണ്ട്. വാസ്തുവിന്റെ ഓരോ അംശത്തിലും കണ്ടെത്താവുന്ന ദേവസാന്നിദ്ധ്യം ഇതിന് ഉദാഹരണമാണ്.

സ്ഥായിയായി നിലനിൽക്കുന്ന വീടുകൾ നിർമ്മിച്ചു തുടങ്ങിയത് ഇറാക്കിലെ കുർദ്ദിസ്ഥാൻ പ്രദേശത്തുള്ളവരാണ് എന്ന് പര്യവേഷണങ്ങളിൽ തെളിഞ്ഞിട്ടുണ്ട്. ബി.സി.8000 വർഷം പഴക്കമുള്ള ടെറാക്കോട്ട ഭവനങ്ങൾ നമുക്ക് അവിടെ കാണാം. ചരിത്ര ഗവേഷകർക്കു ലഭിച്ച ഏറ്റവും പഴക്കമാർന്ന ഉറപ്പുള്ള വീടുകൾ ഇതു തന്നെയാണ്.

## വാസ്തുവിലെ ദേവസാന്നിദ്ധ്യം

വാസ്തു സ്ഥാപനം ഒരു സാങ്കേതികപ്രവർത്തി എന്നതിലുപരി ദൈവികമായ, അമൂല്യമായ ഒരു തത്വസംഹിതയുടെ ആവിഷ്കാരമാണ് എന്ന വസ്തുതയാണ് വാസ്തുവിദ്യയുടെ ഏറ്റവും മഹത്തായ നേട്ടം. ആവാസസ്ഥാനമായി അതിർത്തി തിരിക്കപ്പെട്ട വാസ്തു മണ്ഡലം ഒട്ടനേകം ശക്തികളുടെ സാന്നിദ്ധ്യം കൊണ്ട് സംപൂജ്യമായി തീരുന്നു. ഇതിൽ നിറവേറ്റപ്പെടുന്ന ഓരോപ്രവർത്തിക്കും ഈ ദേവതകൾ സാക്ഷിയാണ് എന്ന സങ്കല്പം ആത്മാർത്ഥത, നൈപുണ്യം, സൻമനസ്സ് എന്നീ ഗുണങ്ങൾ എല്ലാവരിലും രൂഢമൂലമാകുന്നു. ഭൂഗർഭത്തിൽ നടത്തിയ ശിലാന്യാസം എന്ന ബീജത്തിൽ നിന്നും വാസ്തുപുരുഷൻ ഉയർത്തെഴുന്നേൽക്കുന്നതിന്റെ പ്രതീകമാണ് ഗൃഹം. കെട്ടിടം ഇവിടെ ഒരു ഭൗതിക വസ്തുവല്ല. മറിച്ച് അത് ദൈവപ്രീതിയുടെ പ്രതീകമാണ്. വാസ്തുവിദ്യയുടെ പ്രസക്തി ഈ ദർശനത്തിലാണ്. ഇനി വാസ്തു പുരുഷസാന്നിദ്ധ്യത്തെ പരാമർശിക്കുന്ന പുരാണ കഥയിലേക്കു കടക്കാം. ദേവാസുരയുദ്ധം നടക്കുന്ന സമയം. രണ്ടു കൂട്ടരും തുല്യ ശക്തികളാണ്. എത്രനാൾ യുദ്ധം ചെയ്താലും തോൽവി രണ്ടു പേർക്കും ഉണ്ടാവുകയില്ല. നിവർത്തി ഇല്ലാതെ വന്നപ്പോൾ ദേവൻമാർ വിഷ്ണു ഭഗവാന്റെ സഹായം അഭ്യർത്ഥിച്ചു. അദ്ദേഹം ദേവൻമാരുടെ ഭാഗത്തു നിന്ന് അസുരൻമാരോട് യുദ്ധം ചെയ്തു. യുദ്ധത്തിൽ അസുരൻമാർ തോറ്റു. അസുര ഗുരുവായ ശുക്രാചാര്യർക്ക് ഇതൊട്ടും സഹിച്ചില്ല. അദ്ദേഹം വലിയ ഒരു ഹോമകുണ്ഡം ഉണ്ടാക്കി, ദേവന്മാർക്കെതിരെ ഹോമം തുടങ്ങി. പലതും അഗ്നികുണ്ഡത്തിൽ ഹോമിച്ച കൂട്ടത്തിൽ ഒരു ദിവസം അദ്ദേഹം ഒരു ആടിനെ ഹോമിച്ചു, അതോടുകൂടി ആ ഹോമകുണ്ഡത്തിലേയ്ക്ക് അദ്ദേഹത്തിന്റെ ശരീരത്തിൽ നിന്നും ഒരു തുള്ളി വിയർപ്പും കൂടി വീണു. തൽഫലമായി ആ അഗ്നികുണ്ഡത്തിൽ നിന്നും ഒരു അഗ്നിഭൂതം പുറത്തു വന്നു. ഭൂതത്തിന് ആടിന്റെ മുഖമായിരുന്നു. ഇതാണ് വാസ്തു പുരുഷൻ. തീഗോളം പോലെ പുറത്തു വന്ന ആ രൂപം ശുക്രാചാര്യരോട് ചോദിച്ചു 'എന്തിനായിട്ടാണ് എന്റെ ജന്മം'. ശുക്രാചാര്യർ നിസ്സംശയം പറഞ്ഞു നീ പോയി സകല ദേവന്മാരേയും നിഗ്രഹിച്ച് തിരിച്ചു വരുവാൻ. ആ രൂപം ദേവൻമാരെ വധിക്കാൻ പുറപ്പെട്ടു. ദേവൻമാർ പേടിച്ച് പരമശിവനെ അഭയം പ്രാപിച്ചു.

പരമശിവൻ ദേവൻമാർക്ക് ധൈര്യം കൊടുത്തു പറഞ്ഞു, എന്റെ കയ്യിലുമുണ്ട് ഒരു അഗ്നിഗോളം. ഇതു പറഞ്ഞ് അദ്ദേഹം തന്റെ മൂന്നാം തൃക്കണ്ണ് തുറന്നു. അവിടെ നിന്നും ഒരു അഗ്നിഗോളം പുറത്തു വന്നു. പരമശിവന്റെ ആജ്ഞപ്രകാരം ആദ്യം ശുക്രാചാര്യരേയും പിന്നീട് വാസ്തു പുരുഷനേയും

നശിപ്പിക്കുവാൻ പുറപ്പെട്ടു. സംഗതിയുടെ ഗൗരവം മനസ്സിലാക്കിയ ശുക്രാചാര്യർ സ്വയം ചെറുതായി പരമശിവന്റെ ചെവിയിലൂടെ അദ്ദേഹത്തിന്റെ വയറ്റിലൊളിച്ചു. പരമശിവന്റെ ആയുധം ഫലിക്കണമെങ്കിൽ ആദ്യം ശിവന്റെ വയറിനെ നശിപ്പിക്കണം എന്ന കാര്യം മനസ്സിലാക്കി ശിവൻ ശുക്രാചാര്യരോട് സന്ധിക്കു തയ്യാറായി, പുറത്തു വരുവാൻ പറഞ്ഞു. എന്തു വരം ചോദിച്ചാലും തരാമെന്ന വാഗ്ദാനവും നൽകി. ശുക്രാചാര്യർ വയറ്റിൽ നിന്നും പുറത്തു വന്ന് പറഞ്ഞു 'എനിക്ക് മറ്റൊന്നും വേണ്ട എന്റെ പുത്രന് ആപത്തൊന്നും കൂടാതെ രക്ഷിച്ചാൽ മാത്രം മതി'. പരമശിവൻ സമ്മതിച്ച് അദ്ദേഹത്തിന്റെ തൃക്കണ്ണിൽ നിന്നും വമിച്ച അഗ്നികുണ്ഡത്തെ തിരികെ വിളിച്ചു. പേടിയോടെ വാസ്തു പുരുഷൻ പരമശിവനെ നമസ്കരിച്ച് അടുത്തു വന്നു. പരമശിവൻ ചോദിച്ചു നിനക്ക് എന്താണ് വേണ്ടത് ?

വാസ്തു പുരുഷൻ പറഞ്ഞു

എനിക്കൊന്നും വേണ്ട, ഭൂമിയിൽ പോയിരിക്കാൻ അനുവാദം നൽകിയാൽ മതി. കൂടാതെ ബ്രഹ്മാദിദേവൻമാരെല്ലാം എന്റെ ദേഹത്ത് ഓരോ ഭാഗങ്ങളിലായി നിലകൊള്ളണം. അവരെ എല്ലാ മനുഷ്യരും പൂജിക്കണം. അപ്പോൾ ഞാനും ആ പൂജയുടെ ഭാഗമായി തീരുമല്ലോ.

ശിവൻ വാസ്തു പുരുഷനെ അനുഗ്രഹിച്ച് അങ്ങനെ തന്നെ ആകട്ടെ എന്നു പറഞ്ഞ് ആ വസ്തുവിനെ ഭൂമിയിലേക്ക് വലിച്ചെറിഞ്ഞു. ആ വാസ്തു പുരുഷൻ ഭൂമിയിൽ വന്നു പതിച്ച് ഭൂമിയുടെ ഉപരിതലം മുഴുവൻ നിറഞ്ഞു കിടപ്പായി. ബ്രഹ്മാദി ദേവൻമാർ വാസ്തു പുരുഷന്റെ ദേഹത്ത് പല ഭാഗങ്ങളിലായി ഉപവിഷ്ടരായി. ഇതാണ് വാസ്തു പുരുഷ സങ്കല്പം.

ഇനി എന്താണ് ഈ കഥയുടെ ശാസ്ത്രവശം എന്ന് ഒന്നു പരിശോധിക്കാം.

ഘർഷണത്തിലൂടെ സൂര്യനിൽ നിന്നും പൊട്ടിപ്പിളർന്നു വീണ് ഘനീഭവിച്ച് ഉണ്ടായതാണ് ഭമൂമി എന്നാണല്ലോ ശാസ്ത്രം നമ്മെ പഠിപ്പിച്ചിട്ടുള്ളത്. ഒരു തീഗോളമായി നിപതിച്ച ആ വസ്തു തന്നെയല്ലേ മുകളിൽ പറഞ്ഞ കഥാപുരുഷനായ വാസ്തു പുരുഷൻ. ആ തീഗോളം തപിപ്പിച്ച് നമുക്ക് ഉപയോഗ യോഗ്യമായ ഭൂമി ഉണ്ടായി. വാസ്തു പുരുഷ പൂജ എന്ന കർമ്മത്തിലൂടെ ഭഗവൽ സാന്നിദ്ധ്യവും ഭൂമിക്കു കൊടുത്തു. ഭൂമിയിൽ എന്തൊക്കെ നമുക്ക് വിപരീതമായിട്ടുണ്ടോ അതെല്ലാം നിർവ്വീര്യമാക്കി. നമുക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഒരു സംവിധാനം ഒരുക്കുക എന്നതാണ് മറ്റൊരർത്ഥത്തിൽ വാസ്തു ബലിയിലൂടെ അർത്ഥമാകുന്നത്●






## 4-ാം ചരമവാർഷികം

**17. 05 .2017**



**എൻ. ഗോപാലകൃഷ്ണ പണിക്കർ**

**മായ വിഹാർ**

**Near എൻ ജി ഒ യുണിയൻ ഓഫീസ്**

**പള്ളിമുക്ക്, എറണാകുളം 682 016**

# ഇരുട്ടിന്റെ ഒരു കാലഘട്ടം : ബ്രിട്ടീഷ് സാമ്രാജ്യം ഇൻഡ്യയിൽ

പി. ജയരാമൻ (ഫോൺ: 98471 02015)

പ്രസിദ്ധനായ അമേരിക്കൻ ചരിത്രകാരനും ദാർശനികനുമായിരുന്ന വിൽഡൂറന്റിന്റെ നോട്ടത്തിൽ ബോധപൂർവ്വവും,മനപ്പൂർവ്വവുമായ ഇന്ത്യയുടെ രക്തം ഊറ്റൽ ചരിത്രത്തിലെ ഏറ്റവും ഹീനമായ അതിക്രമമായിരുന്നു. ക്ഷാമങ്ങൾ, സാംക്രമിക രോഗങ്ങൾ, വർഗ്ഗീയലഹളകൾ മൊത്തം കശാപ്പ്, എന്നിവ മൂലം മൂന്നരകോടിയിലധികം ഇൻഡ്യക്കാർ ബ്രിട്ടീഷ് ഭരണകാലത്ത് അകാലചരമമടഞ്ഞിരുന്നു. മുഗൾ സാമ്രാജ്യത്തിന്റെ പതനശേഷം ബ്രിട്ടീഷ് ഈസ്റ്റ് ഇൻഡ്യ കമ്പനി ഇൻഡ്യയുടെ നിയന്ത്രണം ഏറ്റെടുക്കുമ്പോൾ ലോക GDP (Gross Domestic Prodect) രാജ്യത്തിന്റെ പങ്ക് 23% ആയിരുന്നു. ഏതാണ്ട് 200 വർഷങ്ങൾക്ക് ശേഷം ബ്രിട്ടീഷുകാർ നാടു വിടുമ്പോൾ നമ്മുടെ GDP ലോക GDP യുടെ കേവലം 3% മാത്രമായി ചുരുങ്ങിയിരുന്നു.

ശശി തരൂർ എഴുതിയ An Era of Darkness: British Empire in India എന്ന 2016 ൽ പ്രസിദ്ധപ്പെടുത്തിയ കൃതിയെയാണ് ഇവിടെ പരിചയപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. തരൂർ മലയാളിയും, പ്രസിദ്ധനായ നിരൂപകനും, വർത്തമാന പത്രങ്ങളിലെ സ്ഥിരം കോളം എഴുത്തുകാരനുമാണ് . അദ്ദേഹത്തിന്റെ മറ്റു പ്രധാന കൃതികൾ: The Great Indian Novel (1989)India from Midnight to Millennium (1997),Indian Shastra Reflections on the Nation in our Time (2015), എന്നിവയാണ്. ഇവയെല്ലാം തന്നെ വിപണിയിൽ വലിയ വിജയം നേടിയവയാണ്. ഇവിടെ നിരൂപണം ചെയ്യാൻ ശ്രമിക്കുന്ന അദ്ദേഹത്തിന്റെ അവസാനത്തെ പുസ്തകം ചുരുങ്ങിയ കാലത്തിനുള്ളിൽ തന്നെ Best Seller എന്ന പദവി നേടിക്കഴിഞ്ഞു. ഐക്യരാഷ്ട്രസഭയിലെ (United Nations) അണ്ടർ സെക്രട്ടറി ജനറൽ, ഇൻഡ്യാ ഗവൺമെന്റിന്റെ വിദേശകാര്യ സഹമന്ത്രി, മാനവിക വിഭവശേഷി വികസനസഹമന്ത്രി എന്നീ നിലകളിൽ സ്തുത്യർഹമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ അദ്ദേഹം തിരുവനന്തപുരത്തുനിന്നുള്ള പാർലിമെന്റ് അംഗവും(MP),പാർലിമെന്റിന്റെ വിദേശകാര്യ കമ്മറ്റിയുടെ അദ്ധ്യക്ഷനുമാണ്. കേമൺവെൽത്ത് റൈറ്റേഴ്സ് പ്രൈസ്, പ്രവാസി ഭാരതീയ സമ്മാൻ, NDTV യുടെ 2010 ലെ ന്യൂ ഏജ് പൊളിറ്റീഷ്യൻ, തുടങ്ങിയ നിരവധി അവാർഡുകളും അംഗീകാരങ്ങളും അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്.

2015 മെയ് മാസത്തിൽ ഇംഗ്ലണ്ടിലെ ഓക്സ് ഫോർഡ് യൂണിവേഴ്സിറ്റി ശശി തരൂരിനെ 'ബ്രിട്ടൺ തങ്ങളുടെ മുൻപുണ്ടായിരുന്ന കോളനികൾക്ക് നഷ്ടപരിഹാരം നൽകാൻ കടപ്പെട്ടിരിക്കുന്നു' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ഒരു സംവാദത്തിൽ പങ്കെടുക്കാൻ ക്ഷണിച്ചിരുന്നു. പ്രമേയത്തെ അനുകൂലിച്ച് അദ്ദേഹം സംസാരിക്കുകയും മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ സംവാദത്തിൽ വിജയിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പ്രസംഗം സാമൂഹ്യ മാധ്യമങ്ങളിൽ വളരെയധികം ചർച്ച ചെയ്യപ്പെടുകയും, അത് വിപുലപ്പെടുത്തി ഒരു പുസ്തകമാക്കണമെന്നുള്ള ശക്തമായ അഭിപ്രായം ഉരുത്തിരിയുകയും ചെയ്തതിന്റെ പരിണിത ഫലമായിരുന്നു ഇവിടെ ചർച്ച ചെയ്യപ്പെടുന്ന കൃതി. തരൂരിന്റെ അഭിപ്രായത്തിൽ സാമ്പത്തികമായ നഷ്ടപരിഹാരമല്ല താനുദ്ദേശിക്കുന്നതെന്നും, ധാർമ്മികമായ കടമാണ് തീർക്കേണ്ടതെന്നും വ്യക്തമാക്കിയിരുന്നു. ഹിറ്റ്ലറുടെ നാസികൾ നടത്തിയ കൂട്ടക്കൊലയ്ക്ക് പോളണ്ടിലെ ജൂതൻമാരോട് 1970 ൽ വാർസയിൽ പോയി ജർമ്മനിയുടെ ചാൻസലർ ആയിരുന്ന വില്ലി ബ്രാൻന്റ് നടത്തിയ നിരുപാധികമായ ക്ഷമാപണം ഉദാഹരണമായി ചൂണ്ടി കാണിക്കപ്പെട്ടു. ജാലിയൻവാലബാഗിൽ നടന്ന കൂട്ടക്കൊലയെക്കുറിച്ച് ഒരു മുൻ ബ്രിട്ടീഷ് പ്രധാനമന്ത്രി ഇൻഡ്യ സന്ദർശിച്ച വേളയിൽ വളരെ അപമാനകരമായ ഒരു സംഭവം എന്ന് വിശേഷിപ്പിച്ചിരുന്നുവെങ്കിലും അത് വേണ്ട രീതിയിലുള്ളതും, ആത്മാർത്ഥവുമായ ഒരു ക്ഷമാപണമായി കണക്കാക്കാൻ സാധ്യമല്ല.

## പലതരം കൊള്ളകൾ

മുഗൾ സാമ്രാജ്യത്തിന്റെ പതനത്തിന് ശേഷം നിലനിന്നിരുന്ന അസ്ഥിരതയെ ചൂഷണം ചെയ്ത് ബ്രിട്ടീഷ്കാർ അവരുടെ തോക്കുകളുടേയും തട്ടിപ്പിന്റേയും സഹായത്താൽ വിശാലവും സമ്പുഷ്ടവുമായ ഒരു രാജ്യത്തെ ചൊൽപ്പടിയിലാക്കി . വിൽഡുറന്റിന്റെ ഭാഷയിൽ പറഞ്ഞാൽ ബ്രട്ടീഷുകാരുടെ ഇൻഡ്യയുടെമേലുള്ള വിജയം ഒരു വ്യാപാര കമ്പനി (British East India Company) മഹത്തായ ഇൻഡ്യൻ സംസ്കാരത്തിന്റെ മേൽ നടത്തിയ യാതൊരു തത്ത്വദീക്ഷ

യുമില്ലാത്ത ഒരു കടന്നാക്രമണമായിരുന്നു. അവർ മഹാരാജാക്കൻമാരുടേയും, നവാബുമാരേയും ബലം പ്രയോഗിച്ചോ, കോഴ കൊടുത്തോ കീഴ്പ്പെടുത്തി അവരുടെ രാജ്യങ്ങളുടെ നിയന്ത്രണം ഏറ്റെടുത്ത് ഖജനാവുകൾ കൊള്ളയടിക്കപ്പെട്ടു. കൃഷിക്കാർക്ക് തങ്ങളുടെ ഭൂസ്വത്തുക്കൾ നഷ്ടപ്പെട്ട് അവർ ബ്രിട്ടീഷുകാർക്ക് കനത്തതും അന്യായവുമായ നികുതി കൊടുത്തുതുടങ്ങേണ്ടി വന്നു. ഇൻഡ്യയിൽ ബ്രിട്ടീഷ് ഭരണത്തിന് തുടക്കം കുറിച്ച് 1757 ലെ പ്ലാസി യുദ്ധം റോബർട്ട് ക്ലൈവിന്റെ നേതൃത്ത്വത്തിലുള്ള (East India Company) ജയിച്ചതു അവരുടെ യുദ്ധസാമഗ്രികളുടെ മെച്ചപ്പെട്ട ശക്തികൊണ്ട് മാത്രമായിരുന്നില്ല, കൂടാതെ, ബംഗാൾ ഭരിച്ചിരുന്ന നവാബ് സിറാജ്ഉദ്ദൌളയെ അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത പ്രഭു (Noble) ആയിരുന്ന മിർജാഫറുടെ സഹായത്തോടെയായിരുന്നു സ്ഥാനഭൃഷ്ടനാക്കിയത് അതിനുള്ള സമ്മാനമായി മിർജാഫറിനെ നാമമാത്രമായി നവാബായി വാഴിക്കുകയും ബംഗാളിന്റെ യഥാർത്ഥ നിയന്ത്രണം ബ്രിട്ടീഷ് കരങ്ങളിലേക്ക് മാറ്റുകയും ഉണ്ടായി നവാബിന്റെ ഖജനാവ് കൊള്ളയടിച്ച ക്ലൈവിന് ലഭിച്ച 25 ലക്ഷം ബ്രിട്ടിഷ് പൌണ്ട് (ഇന്നത്തെ മൂല്യം 25 കോടി പൗണ്ട് ഇംഗ്ലണ്ടിലെ ഈസ്റ്റ് ഇൻഡ്യ കമ്പനിയുടെ ഭണ്ഡാരത്തിലേക്ക് സമർപ്പിക്കപ്പെട്ടു. 1857 ൽ ബ്രിട്ടീഷ് ഗവൺമെന്റ് നേരിട്ടുള്ള നിയന്ത്രണം ഏറ്റെടുക്കുന്നതുവരെ ഇന്ത്യയിൽ നടന്നത് ഒരു ബഹുരാഷ്ട്ര കമ്പനിയുടെ അവർക്ക് മാത്രമായുള്ള ഭരണമായിരുന്നു. പിന്നിട് ഏതാണ്ട് 90 വർഷങ്ങളിൽ വന്ന ഒരേ ഒരു മാറ്റം യജമാനൻ അന്താരാഷ്ട്ര കമ്പനിയെന്നത് ബ്രിട്ടീഷ് ഗവൺമെന്റ് ആയതുമാത്രമാണ്.

